Annual Subscription : Rs.100/-

# NEW VISION FOR A CHANGING WORLD

Vol 9 ● Issue 10 ● JUNE 2009

## ഇടതുപക്ഷം പൊളിറ്റിക്കൽ വിസ്ഡം ആദ്യംമുതലേ കാണിച്ചില്ല

–ക്രിസോസ്റ്റം വലിയമെത്രാപ്പോലീത്താ

7

8

## Creation Waits with Eager Longing

Dr. Jesudas M.Athyal

## ജൂൺ 5 ലോകപരിസ്ഥിതി ദിനം



ഡോ. സുകുമാർ അഴീക്കോടിന്റെ ശതാഭിഷേകത്തുടക്കം

**'NEW VISION FOR A CHANGING WORLD'** is an ecumenical magazine owned by Nava Darshan Trust, a public charitable Trust registered in 1999. This periodical, originally started in 1992 as a bimonthly entitled 'NEW VISION', has become a monthly since February 2001. It serves as a forum for exchange of views and a source of inspiration for enlightened action. This publication is solely supported by the voluntary donations of its readers. Your contributions - intellectual and financial - are most welcome

## EDITORIAL BOARD

**Patron**
Most Rev. Dr. Philipose Mar Chrysostom Mar Thoma Valiya Metropolitan

**Chairman**
The Rt. Rev. Dr. Sam Mathew

**Hon. Chief Editor**
Prof. Dr. Cyriac Thomas

**Executive Editor**
Prof. Dr. Jose Parakadavil

**Managing Editor**
Prof. Dr. Mathew Koshy Punnakkadu

**Editors**
The Rev. Dr. Mathew Daniel
Mr. George Bahanan
Dr. Stany Thomas
Prof. Sabu de Mathew
Mr. John George Athyal
Dr. Anne Susan Koshy
Prof. Muse Mary George

**Editorial Assistant**
Aneesh Mathew

**Manager**
The Rev. Prof. K.C. Mathew

**Office Assistant**
Mr Kurien Thomas T.

### വരിസംഖ്യയും സംഭാവനകളും അയയ്ക്കേണ്ട വിലാസം

**മാനേജർ, ന്യൂ വിഷൻ**
മന്ദിരം, മാങ്ങാനം പി. ഒ, കോട്ടയം – 686 018

കോട്ടയം സി. എസ്. ഐ. ഡയോസിസൻ ബുക്ക് ഡിപ്പോയിലും തിരുവല്ല സി. എസ്സ്. എസ്സിലും വരിസംഖ്യ അടയ്ക്കാവുന്നതാണ്. റാപ്പർ നമ്പർ സഹിതം വിവരം ഓഫീസിൽ അറിയിക്കുക

### കത്തുകളും പ്രസിദ്ധീകരണത്തിനുള്ള ലേഖനങ്ങളും അയയ്ക്കേണ്ട വിലാസം

**എഡിറ്റർ, ന്യൂ വിഷൻ**
പുന്നയ്ക്കാട് പി. ഒ, കോഴഞ്ചേരി – 689 652,
ഫോൺ/ഫാക്സ്: 0468 – 2214068, 2310376 Mob: 9847275754
e-mail: mkoshy@satyam.net.in

### CONTACT PERSONS

Mr. C.J. Rajan
25, Razak Gardens,8-Cross Street,
Arumbakkam, Chennai - 600 106, Ph: 044-23634755

Major (Retd.) Jacob K. Philipose
98, Arbour Wood Cres. N.W.,
Calgary, Alberta, Canada T3 G4 C3
Ph: 403 - 239 - 8489, e-mail: jacob_p@shaw.ca

The Rev. Dr. Jacob Thomas
United Kingdom
Phone : +028 90308683

Mr. Varghese Abraham
141 Brintnell RD, Fort Me Murray, Canada. T9K1K3
Mr. George Eapen, Kuwait. Mob: 6031607
Mr. Regi Chandy Koshy, Kuwait. Mob: 6011377

### വരിസംഖ്യ

| | | | |
|---|---|---|---|
| ഒരു വർഷത്തേക്ക് | : | 100രൂപ | (വിദേശത്തുള്ളവർക്ക് US$ 20) |
| രണ്ടു വർഷത്തേക്ക് | : | 175രൂപ | ( " US$ 30) |
| മൂന്നു വർഷത്തേക്ക് | : | 250രൂപ | ( " US$ 40) |
| ലൈഫ് മെമ്പർഷിപ്പ് | : | 2000രൂപ | ( " US$ 250) |
| പേട്രൺ മെമ്പർഷിപ്പ് | : | 10,000/- രൂപ | ( " US$ 1000) |

Page Layout @ THE PAGEMAKERS, KZY. ✆0468 3207374

*Visit our website :*
**www.newvisionforachangingworld.com**

## C O N T E N T S

■ Editorial 3
■ Current Affairs 4
സാത്താന്റെ...
*പ്രൊഫ. ഡോ. സി. സി. ഏബ്രഹാം*
■ Couselling 5
കോലും കരടും
*ജോർജ്ജ് ബഹനാൻ*
■ Current Affairs 6
ചെങ്ങറയും മൂലമ്പള്ളിയും..
*ഡോ. ജോസ് പാറക്കടവിൽ*
■ Interview 7
ഇടതു പാർട്ടികൾക്ക്..
*ക്രിസോസ്തം വലിയ മെത്രാപ്പോലീത്ത*
■ Ecology 8
Creation waits...
***Dr. Jesudas M. Athyal***
■ Analysis 11
ആഗോള സാമ്പത്തിക ...
*ഡോ. ഉമ്മൻ ചെറിയാൻ*
■ Reflections 12
തടവിൽ ഒരു...
*ജോൺ ജെ. നെടുങ്ങാടപ്പള്ളി*
■ Portrayal 16
അദ്ദേഹം ചെയ്ത തെറ്റെന്ത്?
*ഫാദർജി*
■ Faith 17
പ്രാർത്ഥന ഒരു
*ഡോ. പി. എം. ചാക്കോ*
■ Current Affairs 18
പരിസ്ഥിതി ദിനം
*ഡോ. മാത്യു കോശി പുന്നയ്ക്കാട്*
■ Psycology 20
സൗഹൃദത്തിന്റെ..
*റവ. ഡാനിയേൽ മാമ്മൻ*
■ Responses 22

### MANAGEMENT BOARD MEMBERS

Prof. Dr. C.T Kurian
Dr. Annamma George
Mr. Varghese Koshy
Mr. Reji Chandy Koshy
Mr. Thomas T. Thomas
Mr. Sam Pynumoodu
Mr. P.E. Thomas
Mr. Aji John Mathews
Mr. P.V. Varughese
Mr. Joby Peter
Mr. George Eapen
Mr. K.P. Koshy
Mr. Thomas Koshy
Mr. George Koshy
Mr. Justin T. Varughese
Mr. Jacob Mathew
Dr. S. Joseph
Rev. Mathew Idiculla
Prof. Zachariah Mathew

### പരസ്യനിരക്കുകൾ

| | Full Page | Half Page | Quarter Page |
|---|---|---|---|
| Back Cover (outside) | Rs. 5000 | Rs.2500 | Rs.1250 |
| Back Cover (inside) | Rs. 4000 | Rs.2000 | Rs.1000 |
| Inner Pages | Rs. 3000 | Rs.1500 | Rs.800 |

# Editorial

## വീണ്ടും ജനാധിപത്യത്തിന്റെ അഗ്നിശുദ്ധി



**ഡോ. സിറിയക് തോമസ്**
**ചീഫ് എഡിറ്റർ**

ഇന്ത്യ മറ്റൊരു പൊതു തെരഞ്ഞെടുപ്പിനെകൂടി അഭിമുഖീകരിക്കുകയും അതിജീവിക്കുകയും ചെയ്തിരിക്കുന്നു. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രം അറുപത് വർഷത്തിനിടെ 15-ാമത് തവണയും തെരഞ്ഞെടുപ്പ് പരീക്ഷണത്തിലൂടെ ഒരു ജനതയുടെ രാഷ്ട്രീയമായ ഇച്ഛാശക്തിയും വിവേകവും പക്വതയും ലോക രാഷ്ട്രങ്ങൾക്കു മുമ്പാകെ സാക്ഷ്യപ്പെടുത്തിയിരിക്കുകയാണ്. ഇന്ത്യൻ ജനതയിലെ മഹാ ഭൂരിപക്ഷം നിരക്ഷരരായതുകൊണ്ട് ജനാധിപത്യ പ്രക്രിയ ഇന്ത്യയിൽ പാടെ പരാജയപ്പെടുമെന്നായിരുന്നല്ലോ ബ്രിട്ടീഷ്കാരുടെ വാദം. എന്നാൽ ആറു പതിറ്റാണ്ടുകളിലൂടെ ഇന്ത്യയിലെ ഗ്രാമീണ ജനത പോലും അസാമാന്യമായ രാഷ്ട്രീയ ഉൾക്കാഴ്ചയും സ്വതന്ത്ര ബുദ്ധിയുമാണ് തെളിയിച്ചത്. ജവഹർലാൽ നെഹ്റു ജീവിച്ചിരുന്ന കാലത്തോളം ഇന്ത്യൻ ജനത മറ്റൊരു പ്രധാനമന്ത്രിയെക്കുറിച്ച് ചിന്തിക്കുവാൻ പോലും തയ്യാറായിരുന്നില്ല. ലാളിത്യത്തിന്റെ പ്രതീകമായിരുന്ന ലാൽ ബഹദൂർശാസ്ത്രിയെയും രാഷ്ട്രീയ ധൈര്യത്തിന്റെ പര്യായമായി പരിഗണിക്കപ്പെട്ട ഇന്ദിരാഗാന്ധിയെയും, സന്യാസിയുടെ സമചിത്തതയോടെ രാഷ്ട്രീയനേതൃത്വം നൽകിയ മൊറാർജി ദേശീയെയും ഇന്ത്യൻ ജനത ആദരവോടെ അധികാരത്തിലേറ്റി. എന്നാൽ അടിയന്തരാവസ്ഥയ്ക്ക് ശേഷം ഇന്ദിരാഗാന്ധിയെ അധികാരത്തിൽ നിന്നും നിഷ്കാസനം ചെയ്തതിന്റെ ക്രെഡിറ്റ് ഉത്തരേന്ത്യയിലെ നിരക്ഷരരെന്നാക്ഷേപിക്കുന്ന ഗ്രാമീണ വോട്ടർമാർക്കുള്ളതാണ്. ഇന്ദിരയെ തോൽപ്പിച്ച് മൊറാർജിയെ അധികാരത്തിലേക്കുയർത്തിയ വോട്ടർമാർ തന്നെയാണ് മൂന്നു വർഷത്തിനുശേഷം മൊറാർജിയെ സിംഹാസനത്തിൽ നിന്നിറക്കി ഇന്ദിരയെത്തന്നെ വീണ്ടും വിളിച്ചത്. രാജീവ് ഗാന്ധിക്ക് വൻ ഭൂരിപക്ഷം നൽകിയ ഇന്ത്യയിലെ സമ്മതിദായകർ അഞ്ചു വർഷത്തിനുശേഷം അധികാരത്തിലേക്കുയർത്തിയത് വി.പി. സിംഗിനെ ആയിരുന്നു. പിന്നീട് സിംഗിനു പകരം നരസിംഹറാവുവിനെയും വാജ്പേയിയെയും മൻമോഹൻ സിംഗിനെയും പരീക്ഷിച്ചതു ഇന്ത്യയിലെ സാധാരണ സമ്മതിദായകരാണ്. ആണവ നയത്തിന്റെ പേരിൽ ഇടത് പക്ഷം ഉയർത്തിയ വാദങ്ങളൊന്നും ഇന്ത്യയിലെ സാധാരണ വോട്ടർമാർക്ക് സമ്മതമായില്ല എന്നതിന്റെ വ്യക്തമായ സാക്ഷ്യമാണ് ഇത്തവണത്തെ തെരഞ്ഞെടുപ്പിൽ ഇടതു പക്ഷത്തിനേറ്റ തിരിച്ചടി. മൻമോഹൻ സിംഗ് തന്നെയാണ് പ്രധാനമന്ത്രി ആവാൻ യോഗ്യൻ എന്ന് തീരുമാനിക്കുവാനും വോട്ടർമാർക്ക് രണ്ടാമതൊന്ന് ആലോചിക്കേണ്ടി വന്നില്ല. വർഗീയ ഫാസിസത്തെയും തീവ്രവാദങ്ങളെയും കാലഹരണപ്പെട്ട രാഷ്ട്രീയ നിലപാടുകളെയും ജനങ്ങൾ ഇത്തവണ തള്ളിക്കളഞ്ഞു. ഇന്ത്യയിലെ സാധാരണ വോട്ടറുടെ സാമാന്യ ബുദ്ധിയും രാഷ്ട്രീയ പക്വതയും സമ്മതിദാനാവകാശ വിനിയോഗ വിവേകവും അത്ഭുതകരം തന്നെ. ഇന്ത്യൻ ജനാധിപത്യത്തിന്റെ ശക്തിയും ഭാവിയും ആശ്രയിച്ചു നിൽക്കുന്നതും സാധാരണ വോട്ടറുടെ സാമാന്യ ബുദ്ധിയിൽ തന്നെ.

കേരളത്തിലെ വോട്ടർമാരും മുന്നണികളെ മാറി മാറി തെരഞ്ഞെടുത്ത് ജനങ്ങളുടെ രാഷ്ട്രീയം പഠിപ്പിച്ചു കൊണ്ടേയിരിക്കുന്നു. സമുദായങ്ങളെ പരസ്പരം ഭിന്നിപ്പിച്ച് മതാചാര്യന്മാരെ അധിക്ഷേപിച്ചും രാഷ്ട്രീയ പകയോടെ വികലമായ ഭരണ നയങ്ങൾ ആവിഷ്ക്കരിച്ചും രാഷ്ട്രീയതന്ത്രങ്ങൾ രൂപപ്പെടുത്തിയാൽ സാമാന്യ ജനങ്ങൾക്കത് സ്വീകാര്യമാവുകയില്ല എന്ന പാഠമാണ് ഈ തെരഞ്ഞെടുപ്പിലൂടെ കേരളത്തിലെ വോട്ടർമാർ ഇടതുപക്ഷ മുന്നണിക്കു നൽകിയ വ്യക്തമായ പാഠം. മതേതരത്വം മതവിരുദ്ധതയല്ല എന്ന് രാഷ്ട്രീയ കക്ഷികൾ മനസ്സിലാക്കേണ്ടതുണ്ട്. നയങ്ങളിലും നിലപാടുകളിലും മനഃപൂർവ്വമായോ അല്ലാതെയോ ഉണ്ടായിട്ടുള്ള പോരായ്മകളെ പരിഹരിച്ചും ചില മത വിഭാഗങ്ങളുടെ മനസ്സിലെങ്കിലും ഉണ്ടാക്കിയ ആഴമായ മുറിവുകൾക്ക് തൈലം പുരട്ടിയും എല്ലാവരെയും ഉൾക്കൊള്ളുന്ന രാഷ്ട്രീയ സമീപനങ്ങൾ സ്വീകരിച്ചും, തിരുത്തലുകൾക്ക് സന്നദ്ധമായാൽ ഇടതു പക്ഷത്തിനും അവരുടെ രാഷ്ട്രീയ സാംഗത്യം നിലനിർത്തുവാൻ കഴിഞ്ഞേക്കും. മറു മുന്നണിയും വിജയത്തിൽ അഹങ്കരിക്കാതെയും വിജയിപ്പിച്ച ശക്തികളെ അവഗണിക്കാതെയും മുന്നോട്ടു പോയാൽ അവർക്കും ഇത്തവണത്തെ വിജയത്തെ ആവർത്തിക്കാൻ കഴിഞ്ഞെന്നു വരും. സാമാന്യ ജനങ്ങളുടെ സാമാന്യ ബുദ്ധി രാഷ്ട്രീയ നേതൃത്വങ്ങൾക്ക് ചിലപ്പോഴെങ്കിലും ഇല്ലാതെ പോകുന്നതു തന്നെയാണ് ഇന്ത്യൻ ജനാധിപത്യത്തിന്റെ ഖേദകരമായ വശം.

# സാത്താന്റെ സിനഗോഗുകളിലെ കെണികൾ

**സാത്താൻ സഭകൾ ഇന്നു ലോകവ്യാപകമായി പ്രവർത്തിക്കുന്നുണ്ട്. സാൻഫ്രാൻസിസ്കോയിൽ 1966 ൽ ആരംഭിച്ച സാത്താന്യ സഭ ഇന്നു കേരളത്തിൽ ചില പ്രധാന പട്ടണങ്ങളിൽ രൂപം കൊണ്ടു കഴിഞ്ഞു.**

**പ്രൊഫ. ഡോ. സി. സി. ഏബ്രഹാം**
**(റിട്ട. പ്രൊഫ. കാർഷിക സർവ്വകലാശാല, മണ്ണുത്തി)**

ആരാധനയ്ക്കും ദൈവവചന പഠനത്തിനും വേണ്ടി യഹൂദന്മാർ കൂടി വരുന്നത് അവരുടെ സിനഗോഗുകളിലാണ്. സമാജം, സംഘം, സമൂഹം എന്നെല്ലാമുള്ള അർത്ഥങ്ങളാണ് ഈ പദം സംവഹിക്കുന്നത്. യേശുക്രിസ്തുവിനെ തള്ളിപ്പറഞ്ഞ് ക്രിസ്ത്യാനികൾക്കെതിരെ ദുരാരോപണങ്ങൾ ഉന്നയിച്ച് അവരെ നിരന്തരം പീഡിപ്പിക്കുന്ന സമൂഹമായി മാറിയ യഹൂദ ജനത്തെപ്പറ്റി വെളിപ്പാട് പുസ്തകത്തിൽ (2:9, 3:9) വിമർശിച്ചിട്ടുണ്ട്. സ്മർണയിലെയും ഫിലദെൽഫ്യയിലെയും സഭകളുടെ ദൂതമാർക്കുള്ള അറിയിപ്പുകളിലാണ് ഈ പരാമർശം. ക്രിസ്തുമത പീഡനം, വെളിപ്പാടു കാലത്ത് തന്നെ ഇവിടങ്ങളിൽ നിത്യസംഭവങ്ങളായിരുന്നു. നാനാവിധത്തിൽ സഭയെ ഉപദ്രവിക്കുകയും പീഡിപ്പിക്കുകയും ചെയ്തു കൊണ്ടിരുന്ന യഹൂദ്യ സംഘങ്ങളെയാണ് സാത്താന്റെ സിനഗോഗുകൾ (പള്ളികൾ) എന്നു പരാമർശിച്ചിരിക്കുന്നത്.

സാത്താൻ സഭകൾ ഇന്നു ലോകവ്യാപകമായി പ്രവർത്തിക്കുന്നുണ്ട്. സാൻഫ്രാൻസിസ്കോയിൽ 1966 ൽ ആരംഭിച്ച സാത്താന്യ സഭ ഇന്നു കേരളത്തിൽ ചില പ്രധാന പട്ടണങ്ങളിൽ രൂപം കൊണ്ടു കഴിഞ്ഞു. ഇവരുടെ ആരാധനാമൂർത്തിയായ സാത്താന്റെ പ്രീണനത്തിനു വേണ്ടിയുള്ള കരിങ്കുർബാനയുടെ പേരിലാണ് ഇവർ സംഘം ചേരുന്നത്. ഇവർക്കു തനതായി സാത്താൻ വേദപുസ്തകവുമുണ്ട്! പാട്ടും കൂത്തും ലൈംഗിക അരാജകത്വവും നിറഞ്ഞു നിൽക്കുന്ന എല്ലാ പ്രവർത്തനങ്ങളും യുവജനങ്ങളെ ആകർഷിക്കുന്നതിനു വേണ്ടിയുള്ള വില്പന സുത്രങ്ങളായി, ഇവരുടെ സഭകളിൽ ഒരുക്കിയിട്ടുണ്ട്.

ക്രിസ്തീയ വിശ്വാസങ്ങൾക്കും കൂദാശകൾക്കും ആചാരാനുഷ്ഠാനങ്ങൾക്കും കടക വിരുദ്ധമായ നീചപ്രവൃത്തികളാണ് സാത്താന്യ സഭകളുടെ പ്രത്യേകത. സാത്താൻ സഭകളുടെ ആവിർഭാവത്തെപ്പറ്റിയുള്ള പ്രവചനങ്ങൾ എന്ന നിലയിൽ സാത്താന്റെ സിനഗോഗുകളെപ്പറ്റിയുള്ള വെളിപ്പാടിലെ പരാമർശങ്ങൾ പ്രാധാന്യമർഹിക്കുന്നു. യാഗങ്ങൾ നിർത്തലാക്കി മ്ലേഛതയുടെ ചിറകിന്മേൽ ശൂന്യമാക്കുന്നവന്റെ വരവിനെറ്റിയുള്ള ദാനിയേൽ പ്രവചനങ്ങളുടെ (9:27, 11:31) സാക്ഷാത്കാരമായും സാത്താൻ സഭകളെ കരുതണം. മ്ലേഛബിംബങ്ങളെപ്പറ്റിയുള്ള ദാനിയേൽ പരിപ്രേക്ഷ്യത്തിന്റെ ഭീകരാവസ്ഥ നിമിത്തമാവാം അന്ത്യകാല സംഭവങ്ങൾ വെളിപ്പെടുത്തുമ്പോൾ ഈ ഭാഗം അപൂർണ്ണതയിൽ അനുവാചകരുടെ ഭാവനയ്ക്കു വിട്ടിരിക്കുന്നത് (മത്തായി24:15, മർക്കോസ് 13:14). വ്രതന്മാരെപ്പോലും വീഴിക്കുന്ന വിധത്തിൽ അത്ഭുതങ്ങളും അടയാളങ്ങളും കാണിക്കുന്ന സാത്താന്യക ശക്തികൾ അന്ത്യകാലത്ത് ദൈവനാമമെടുത്ത് എഴുന്നേൽക്കുന്നതു കൊണ്ട് ഇവർക്കെതിരെയും ജാഗ്രത പാലിക്കേണ്ടതുണ്ട്. (മത്തായി 24:23 –24).



സാത്താൻ സഭകൾ ആകർഷകമായ പലപേരുകളിലും പ്രത്യക്ഷപ്പെടുന്ന കാലമാണിത്. CINATAS സഭ ഇവയിലൊന്നു മാത്രം. പേരു കേട്ടാൽ ഏതോ ന്യൂ ജനറേഷൻ ക്രിസ്തീയ സഭയെന്നു തോന്നാം. ഈ പദത്തിലെ അക്ഷരങ്ങൾ പിന്നോട്ടും ക്രമമായി വായിച്ചാൽ യഥാർത്ഥ രൂപം SATANIC മറ നീക്കി പുറത്തു വരും. പ്രേക്ഷകരുടെ മനസുകളിലേക്ക് തിന്മകളുടെ ദുഷ്ടചിന്തകളും മ്ലേച്ഛ വികാരങ്ങളും ഉണർത്തുന്ന സന്ദേശങ്ങൾ നിറഞ്ഞ പ്രത്യേക വെബ്സൈറ്റ് ഈ സഭകൾക്കെല്ലാമുണ്ട്. മദ്യപാനം, ദുർന്നടപ്പ്, ദുഷ്കാമം, ആഭിചാരം, അശുദ്ധി, പക, ഭിന്നത തുടങ്ങിയ ജഡത്തിന്റെ എല്ലാ പ്രവൃത്തികളെയും (ഗലാത്യർ 5:19–21) പ്രചരിപ്പിക്കുന്നതാണ് സാത്താൻ സഭകളുടെ മുഖ്യ അജണ്ട.

സ്ത്രീയുടെ സന്തതി സാത്താന്റെ തല തകർക്കുമെന്നുള്ള (ഉല്പത്തി 3:16) വാഗ്ദാനം നിവർത്തിയായത് യേശുക്രിസ്തുവിന്റെ ക്രൂശുമരണമാകുന്ന പാപപരിഹാര ബലിയിലൂടെയാണ്. സാത്താന്റെ കുതന്ത്രങ്ങളുടെ ഉറവിടമായ അവന്റെ തലയാണ് ഇപ്രകാരം തകർക്കപ്പെട്ടിരിക്കുന്നത്. ബന്ധനം അവന്റെ ശക്തിയുടെ മേൽ വീണു കഴിഞ്ഞു. സാത്താന്റെ അന്ത്യപതനം സംഭവിക്കുന്നതു വരെ (യോഹ 13:31, 16:11) അവൻ കുഞ്ഞാടിനും ദൈവജനത്തിനും എതിരെ ശക്തിയായി പ്രവർത്തിച്ചു കൊണ്ടിരിക്കും.

ഈ ദുർദ്ദിനങ്ങളിൽ പിശാചിന്റെ ശക്തികളെ എതിർത്ത് തോല്പിക്കുന്നതിനുള്ള ആയുധങ്ങളെല്ലാം (എഫേ. 6:14–17) കർത്താവ് നമുക്കു നൽകിയിട്ടുള്ളതു കൊണ്ട് സധൈര്യം പോരാടി വിജയം പ്രാപിക്കാം. നമ്മുടെ ശുശ്രൂഷകാലത്ത് പിശാചിനെതിരെ വിജയം വരിക്കുന്നതിനുള്ള ഈ പാക്കേജിന്റെ ശക്തിയും പ്രവർത്തനക്ഷമതയും വിവിധസംഭവങ്ങളിലൂടെ മാതൃക കാണിച്ചു തന്നിട്ടുണ്ട്.

ദൈവത്തിന്റെ ആയുധവർഗ്ഗങ്ങൾ ഒരു പാക്കേജ് ആയിട്ടാണ് നമുക്കു നൽകിയിരിക്കുന്നത്. ഇതിൽ ദൈവീക സത്യങ്ങൾ ഉൾക്കൊണ്ടുള്ള ഒരുക്കം ആകുന്ന അരക്കച്ച നീതിയുടെയും വിശുദ്ധിയുടെയുമായ കവചം എന്ന ആയുധങ്ങളുണ്ട്. യേശുക്രിസ്തുവിലൂടെ വെളിപ്പെട്ടു വന്ന ദൈവസ്നേഹത്തിന്റെയും ദൈവിക സമാധാനത്തിന്റെയും പ്രഘോഷണത്തിനായുള്ള ഒരുക്കമാകുന്ന ചെരുപ്പും, രക്ഷയ്ക്കുവേണ്ടിയുള്ള ഉറച്ച പ്രത്യാശയാകുന്ന പടത്തൊപ്പിയും ഈ പാക്കേജിൽ നൽകിയിട്ടുണ്ട്. ഹൃദയ പരിവർത്തനം വരുത്തുന്ന തിരുവചനങ്ങൾ ഉൾപ്പെട്ട വാൾ (എബ്രാ 4:12).മറ്റൊരു പ്രധാന ആയുധമാണ്. സർവ്വോപരി വിശ്വാസം എന്ന പരിച ദുഷ്ടന്മാരുടെ കൂരമ്പുകളെ ഒക്കെയും തടുക്കുന്നതിനുള്ള ആയുധമായി നാം ധരിക്കുകയും വേണം. ക്രിസ്തുവാകുന്ന പാറമേൽ സ്ഥാപിച്ചിരിക്കുന്ന സഭയെ പാതാളഗോപുരങ്ങൾക്കൊന്നിനും തകർക്കാൻ സാദ്ധ്യമല്ല

നിർവികാരതയും നിസ്സംഗതയും വെടിഞ്ഞു, നാമെല്ലാം ഉണർന്നു പ്രവർത്തിക്കേണ്ട കാലമാണിത്. കുടുംബങ്ങൾ ഉൾപ്പെടെ സഭയുടെ എല്ലാ തലങ്ങളിലും സാത്താനിക ശത്രുക്കളെ നേരിടാനുള്ള എല്ലാവിധ തന്ത്രങ്ങളും പ്രവർത്തനങ്ങളും ആവിഷ്ക്കരിച്ച് പ്രതിബദ്ധതയോടെ നടപ്പിലാക്കിയാൽ തീർച്ചയായും നമുക്കു വിജയം വരിക്കാം.



# കോലും കരടും



**ജോർജ്ജ് ബഹനാൻ**
**കൗൺസിലർ തെറാപ്പിസ്റ്റ്**

**അ**വൾ സുന്ദരിയായിരുന്നു. സുശീലയായിരുന്നു. മനസ്സിൽ ആഗ്രഹിച്ചതു പോലെ ഒരു ഭർത്താവിനെയും കിട്ടി. അവൾ ഭർത്താവിന്റെ വീട്ടിലെത്തി. അമ്മായിഅമ്മയോടൊപ്പം താമസം തുടങ്ങി. ദിവസങ്ങൾ കഴിഞ്ഞപ്പോൾ മരുമകൾ മരുമകളായും അമ്മായിഅമ്മ അമ്മായി അമ്മയായും രണ്ടു ചേരികളായി. എന്നും വഴക്കും, കുറ്റം പറച്ചിലുമായി ഭർത്തിവിന്റെ അമ്മ ഒരു ദിവസം തുടങ്ങും. വേണ്ടതിനും വേണ്ടാത്തതിനും അമ്മായിഅമ്മ വഴക്കടിക്കും നേരം വെളുത്താൽ വൈകുന്നേരം വരെ ഇത് തുടരും. മരുമകൾക്ക് ക്ഷമ നശിച്ചു. ഭർത്താവ് അമ്മ പറയുന്നതു മാത്രമേ കേൾക്കൂ. അവൾ ദേഷ്യം കടിച്ചമർത്തി. ആരോടും സങ്കടം പറയാനില്ല. മാസങ്ങൾ കടന്നുപോയപ്പോൾ അവൾ നിശ്ചയിച്ചു. അമ്മായിയമ്മയെ നശിപ്പിച്ചേ പറ്റൂ. അതിനെന്താണ് മാർഗ്ഗം. ഈ മുശേട്ടതള്ളയുടെ കൂടെ ഒരു നിമിഷം ജീവിക്കാൻ വയ്യ. അച്ചന്റെ ഒരു കുടുംബസുഹൃത്തായ വളരെ പരിചയസമ്പന്നനായ ആയുർവേദ വൈദ്യന്റെ അടുത്ത് അവൾ എത്തി. കൂട്ടുകാരന്റെ മകളെ കണ്ടപ്പോൾ വൈദ്യനും സന്തോഷമായി. അവൾ അവളുടെ പ്രശ്നം കരഞ്ഞു കൊണ്ട് വൈദ്യനോട് പറഞ്ഞു. ഏറ്റവും അവസാനം അവൾ പറഞ്ഞു അമ്മായിഅമ്മയെ കൊന്നേ പറ്റൂ. അതിനുള്ള എന്തെങ്കിലും വിഷം ചേർന്ന മരുന്ന് ഉണ്ടാക്കി തരണം. പക്ഷെ അമ്മായിയമ്മ സംശയിക്കരുത്. പരിചയസമ്പന്നനായ വിവേകമുള്ള വൈദ്യൻ അത് സമ്മതിച്ചു. "ഞാൻ തരുന്ന വിഷത്തിന് മണമില്ല, അരുചിയില്ല, മധുരമാണ് പക്ഷെ അല്പംപൊടി അമ്മായിയമ്മ അറിയാതെ ഭക്ഷണത്തിൽ കലർത്തി കൊടുക്കണം. പെട്ടെന്ന് അമ്മായിയമ്മ മരിക്കില്ല കുറച്ചു മാസം കൊണ്ടീ വിഷം അകത്തു ചെന്ന് ആരാലും തെറ്റിദ്ധരിക്കപ്പെടാതെ അമ്മായിഅമ്മ മരിക്കും നിശ്ചയം. പക്ഷെ ഒരു കാര്യം കൂടെ ശ്രദ്ധിക്കണം. ഈ ദിവസങ്ങൾ മുഴുവൻ അവരോട് സ്നേഹം നടിക്കണം. അമ്മായിഅമ്മ എത്ര ചീത്തപറഞ്ഞാലും മിണ്ടരുത്. ഒരു വാദപ്രതിവാദത്തിനും പോകരുത്. എല്ലാ കാര്യങ്ങളിലും അമ്മായിഅമ്മയെ സഹായിക്കണം. അഭിനന്ദിക്കണം" അവൾ സമ്മതിച്ചു. എത്രത്യാഗം സഹിക്കേണ്ടി വന്നാലും അമ്മായിഅമ്മയെ വക വരുത്തി വീട്ടിൽ സമാധാനമുണ്ടാക്കാമല്ലോ എന്ന് മനസ്സിൽ വിചാരിച്ചു. മരുന്ന് ക്ഷമയോടെ കൊടുത്താൽ തള്ള സാവധാനം മരിക്കും. പക്ഷെ ആഴ്ചകൾ എടുക്കും അതിനുള്ള ക്ഷമ വേണം. വൈദ്യൻ പറഞ്ഞു നിർത്തി.

അവൾ വീട്ടിൽ എത്തി അന്ന് വൈകിട്ട് തന്നെ ആദ്യ ഡോസ് കൊടുത്തു. വൈദ്യൻ പറഞ്ഞതുപോലെ വളരെ സന്തോഷത്തോടെ അവരോട് പെരുമാറി. അതേസമയം കൃത്യമായി മരുന്ന് ആഹാരത്തിൽ ചേർക്കാനും മറന്നില്ല. വൈദ്യൻ പറഞ്ഞതുപോലെയുള്ള സ്നേഹ ബഹുമാനങ്ങൾ കൊണ്ട് മരുമകൾ അമ്മായിഅമ്മയെ പൊതിഞ്ഞു. അതേസമയം എല്ലാദിവസവും ഭക്ഷണത്തിൽ വിഷവും ചേർത്തു കൊണ്ടിരുന്നു.

**പക്ഷെ കുറെ ദിവസങ്ങൾ കഴിഞ്ഞപ്പോൾ അമ്മായിഅമ്മയുടെ പഴയ സ്വഭാവങ്ങളൊക്കെ മാറി തുടങ്ങി. അമ്മായിഅമ്മയുടെ കുറ്റം പറച്ചിൽ നിന്നു. അമ്മായിഅമ്മ മരുമകളെ ഇഷ്ടപ്പെടാൻ തുടങ്ങി.** അമ്മായിഅമ്മയിൽ ഒരു പുതിയ സന്തോഷം അവൾ കണ്ടു. അവൾക്ക് അതിശയവും സന്തോഷവും ഉണ്ടായി. അവൾ വൈദ്യന്റെ വീട്ടിൽ എത്തി. കാര്യങ്ങൾ എല്ലാം വൈദ്യനെ അറിയിച്ചു. അതുകൊണ്ട് കൊടുത്ത വിഷത്തിന്റെ ശക്തി കെടുത്താനുള്ള മരുന്ന് വല്ലതും ഉണ്ടോ എന്ന് അവൾ ചോദിച്ചു.

വൈദ്യന് ചിരി വന്നു. വൈദ്യൻ പറഞ്ഞു, ഞാൻ തന്നത്, കൽക്കണ്ടം പൊടിച്ചതാണ്. അതിന് വിഷമില്ല, നമ്മുടെയെല്ലാം മനസ്സുകളിൽ വിഷം ഉണ്ട് അതുകൊണ്ട് നമ്മൾ കാണുന്നതെല്ലാം വിഷമയമാണ്. അമ്മായിഅമ്മയെ സ്നേഹിക്കാനും, അവരോട് ആശയവിനിമയം ചെയ്യുവാനും തുടങ്ങിയപ്പോൾ മരുമകളുടെ മനസ്സിലെ വിഷം അപ്രത്യക്ഷമായി നാമറിഞ്ഞും, അറിയാതെയും ഈ മാറ്റങ്ങൾ ഉണ്ടാകും ഉണ്ടാകണം.

മകന്റെയും മകളുടെയും ഭർത്താവിന്റെയും ഭാര്യയുടെയും കുറ്റങ്ങൾ

പറഞ്ഞുകൊണ്ട് കൗൺസലിംഗിന് എത്തുന്നവരുടെയൊക്കെ പ്രശ്നം സ്വന്തം നിലപാട്, ദുശ്ശീലങ്ങൾ മുതലായവയെപ്പറ്റിയുള്ള അറിവില്ലായ്മയാണ്. അവരവർ വിചാരിക്കുന്നത്, ചെയ്യുന്നത് ശരി അതിനപ്പുറത്ത് ഒരു സത്യമില്ല എന്ന് ചിന്തിക്കുന്നവർ കിണറ്റിലെ തവളയെപോലെയാണ്. അവർ കുടുംബങ്ങ

*Cont...8*

*വളരെ ക്രീയേറ്റിവ് ആയിരുന്ന മനുഷ്യനെ ഒരിക്കൽ ഒരുപദേശി പിടികൂടി. ലോകത്തിൽ താൻ പറയുന്നത് മാത്രമാണ് തിരുവചനമെന്ന് കരുതുന്ന ഉപദേശി. ഉപദേശി പറഞ്ഞു. നിങ്ങൾ ഇപ്പോൾ ചെയ്യുന്ന രീതി മാറണം. നിങ്ങൾ ഇത് ചെയ്യരുത്, ഇങ്ങനെ പ്രവർത്തിക്കരുത്, അങ്ങനെ ചെയ്യരുത്..........എല്ലാം പാപം. വേദപുസ്തകം വായിക്കുകയും പ്രാർത്ഥിക്കുകയും മാത്രം ചെയ്യുക. ആ നല്ല മനുഷ്യൻ ഉപദേശി പറഞ്ഞ്ഞതു പോലെ മാനസാന്തരപ്പെട്ടു സമുഹത്തിന് പ്രയോജനമില്ലാത്തവനായി മാറി. വേദപുസ്തകം വായിച്ചിട്ട് വീട്ടിലെ അറയിൽ മാത്രം കഴിഞ്ഞ്ഞു കൂടി. ഇത് മാനസാന്തരമല്ല. വേദപുസ്തകം ശരിയായി പഠിക്കുക. അർത്ഥം ഗ്രഹിക്കുക, സമുഹത്തിലേക്ക് ഇറങ്ങുക. മനുഷ്യരാശിയുടെ നന്മക്കായി പ്രവർത്തിക്കുക.*

*ക്രിസോസ്തം മെത്രാപ്പോലിത്താ.*



മറുപുറം

# ചെങ്ങറയും മൂലമ്പള്ളിയും മറ്റും

ഡോ. ജോസ് പാറക്കടവിൽ

ചെങ്ങറ സമരത്തെപ്പറ്റി ഉത്കണ്ഠ പുലർത്തിക്കൊണ്ടുള്ള ഫാ. ഒ. തോമസിന്റെ ലേഖനവും റവ. പ്രസാദ് വി. കുഴിയത്തിന്റെ പ്രതികരണവും ശ്രദ്ധേയമായി.

650 ദിവസങ്ങൾ പിന്നിട്ട സമരഭൂമിയിൽ ഇതിനകം പതിനൊന്നു പേർ മരിച്ചു. ഇപ്പോൾ ആ മണ്ണിൽ തന്നെ ഒരു ശവസംസ്ക്കാരവും നടന്നു. ദീർഘകാലത്തെ സമരത്തിനൊടുവിൽ സമരക്കാർ പരാജയപ്പെട്ടു പിന്മാറുമെന്നാണ് ഭരണകർത്താക്കളുടെ കണക്കു കൂട്ടൽ. ഇതിനിടെ സമരത്തിനു പരിഹാരം തേടുവാൻ ശ്രമിച്ച കളക്ടർമാരെ ഉടനടി സ്ഥലംമാറ്റിക്കൊണ്ട് സർക്കാരിന്റെ മനസിലിരിപ്പ് ഉദ്യോസ്ഥന്മാരെ ധരിപ്പിച്ചു കഴിഞ്ഞു.

സാധാരണ തെരഞ്ഞെടുപ്പുവേളകളിൽ രാഷ്ട്രീയകക്ഷികൾ ഏതു സമരക്കാർക്കും പൊള്ളയായ വാഗ്ദാനങ്ങളെങ്കിലും നല്കാറുണ്ട്. എന്നാൽ ഇപ്പോൾ നടന്ന തെരഞ്ഞെടുപ്പിൽ ചെങ്ങറ ഉൾപ്പെടുന്ന പത്തനംതിട്ട നിയോജക മണ്ഡലത്തിലെ ഒരു കക്ഷിയും ഇങ്ങനെയൊരു സമരം നടക്കുന്നതായി അറിഞ്ഞ ഭാവം പോലുമില്ല. ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിലെ മുഖ്യ വിഷയങ്ങളെ ഒന്നും ജനങ്ങളുടെ പ്രശ്നങ്ങളായിരുന്നില്ല എന്നതും ശ്രദ്ധേയമായ മറ്റൊരു കാര്യം. പ്രധാന ചർച്ചാവിഷയം തെരഞ്ഞെടുപ്പിനു ശേഷമുണ്ടാകുന്ന കൂട്ടുകെട്ടുകൾ, ഭാവിപ്രധാനമന്ത്രി മുതലായവ ആയിരുന്നു. ഭാവി പ്രധാന മന്ത്രി എന്നു പറഞ്ഞാൽ അടുത്ത പ്രധാനമന്ത്രി മാത്രമല്ല, അതിനടുത്ത പ്രധാനമന്ത്രി ആരായിരിക്കും എന്നു വരെ ചർച്ചകൾ നീണ്ടു.

രാജ്യത്ത് അടിയന്തിരമായി പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങളൊന്നും ഇല്ലാത്ത സ്ഥിതിയ്ക്ക് ഇത്തരം കാര്യങ്ങളെ പറ്റിയല്ലാതെ എന്തു സംസാരിക്കുവാൻ? രാഷ്ട്രീയപാർട്ടികളുടെ യഥാർത്ഥ സ്വഭാവം മനസ്സിലാക്കിയതു കൊണ്ടാണല്ലോ മൂലമ്പള്ളിയിൽ കുടിയിറക്കപ്പെട്ട ഒരു വീട്ടമ്മ സ്ഥാനാർത്ഥിയായി രംഗത്തു വരാനിടയായത്. ചെങ്ങറയിൽ സമരം ചെയ്യുന്നവർ ഭൂമി കയ്യേറിയവരാണെന്നു കുറ്റപ്പെടുത്താം. എന്നാൽ മൂലമ്പള്ളിയിൽ സമരം ചെയ്യുന്നത്. അദ്ധ്വാനിച്ചും കഷ്ടപ്പെട്ടും സമ്പാദിച്ച പറമ്പും വീടുമെല്ലാം നഷ്ടപ്പെട്ടവരാണ്. വികസനത്തിന്റെ ഫലമായി പുറത്താക്കപ്പെട്ടവർ. വികസന പ്രക്രിയയിലൂടെ വഴിയാധാരമാകുന്നവരെ പിന്തുണയ്ക്കുവാനും ഒരു രാഷ്ട്രീയകക്ഷിയും ഇപ്പോൾ തയ്യാറല്ല. നെടുമ്പാശേരിയിൽ കുടിയിറക്കപ്പെട്ടവരുടെ പുനരധിവാസം നടപ്പാക്കാതെ പോകുന്നതിനെതിരെ പ്രതികരിക്കുവാൻ ആരും മുന്നോട്ടു വരുന്നില്ല. വികസനമതം എന്ന് ഇവാൻ ഇല്ലിച്ച് വിശേഷിപ്പിച്ചത് ഈ വിരോധാഭാസത്തെയാണ്. വികസനമതം തലയ്ക്കു പിടിച്ചാൽ പിന്നെ മറ്റൊരു ശക്തിയ്ക്കും അതിനെ തോല്പിക്കാനാവില്ല. എല്ലാ മതങ്ങളും വികസനമതത്തിന്റെ സ്വാധീനത്തിലാവുകയായിരിക്കും ഫലം.



സ്ഥാനാർത്ഥി നിർണയത്തിലും പിന്തുണ പ്രഖ്യാപിക്കലിലും ഒക്കെ പണ്ടില്ലാതിരുന്ന താല്പര്യം പ്രകടിപ്പിച്ചുകൊണ്ട് രാഷ്ട്രീയത്തിൽ സജീവതാല്പര്യം പുലർത്തിയ സഭകൾക്കും ചെങ്ങറയിലെയും മൂലമ്പള്ളിയിലെയും മനുഷ്യരുടെ യാതനകൾ പ്രശ്നമായില്ല.

സഭകളിൽ പൊതുവെ നേതൃത്വം പുതിയ തലമുറകളിലേക്കു കൈമാറ്റം ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇടവകതലം മുതൽ മുകളിലേക്ക് ഈ മാറ്റം സംഭവിക്കുന്നതോടൊപ്പം സഭകളുടെ നിലപാടുകളും മാറി കൊണ്ടിരിക്കുന്നു.

ഫ്യൂഡൽ സംസ്ക്കാരത്തിലേക്കുള്ള ഒരു മടങ്ങിപ്പോക്കാണ് സഭകളിൽ കണ്ടു വരുന്നത്. ആർഭാടപൂർണ്ണമായ ആഘോഷങ്ങളിലൂടെ ചരിത്രത്തിൽ സ്ഥാനം പിടിക്കുവാനുള്ള ഉദ്യമങ്ങൾ എവിടെയും കാണാം. ജൂബിലികൾ കൊണ്ടാടുവാനുള്ള അവസരം ചുരുക്കം ചില ഭാഗ്യശാലികൾക്കു മാത്രമേ ലഭിച്ചിരുന്നുള്ളു. ഇപ്പോൾ ഷഷ്ടിപൂർത്തി, സപ്തതി,അശീതി, നവതി എന്നിങ്ങനെ വ്യക്തികളുടെ ജീവിതത്തിൽ മാത്രമുണ്ടായിരുന്ന ആഘോഷങ്ങളും പള്ളികളും സ്ഥാപനങ്ങളും ഏറ്റെടുത്തിരിക്കയാണ്.

പൂർവ്വികന്മാർ പെരുന്നാളും മറ്റും ഉപേക്ഷിക്കേണ്ടിയിരുന്നില്ല എന്നാണ് പുതുതലമുറയിലെ പല കൈസ്ഥാന സമിതിക്കാരുടെയും മനോഗതം. വ്യക്തിയുടെ ആത്മീയോന്നമനത്തെ സമൂഹവുമായി ബന്ധപ്പെടുത്തുന്ന സ്ഥാപനങ്ങളുമായി ക്രൈസ്തവർ ബഹുദൂരം മുന്നോട്ടു പോയി.

ചേരികളിലെ പാവപ്പെട്ടവർക്കുള്ള ക്ഷേമപ്രവർത്തനങ്ങളും സാധുജനസേവനം പൊതുവേയും ക്രൈസ്തവരുടെ കുത്തകയായിത്തീർന്നു എന്ന് ഇന്ത്യയിലെ സഭയെപ്പറ്റി ആർതർ കൊയ്സ്ലർ The Lotus and the Robots എന്ന കൃതിയിൽ നടത്തിയ നിരീക്ഷണം തിരുത്തിയെഴുതുവാൻ ശ്രമിക്കുന്നത് സഭകൾ തന്നെയാണ്.

പിൻകുറിപ്പ്: ചെങ്ങന്നൂരിനടുത്ത് ആലക്കാവ് എന്ന ഗ്രാമത്തിലെ ക്ഷേത്രത്തിൽ പത്താമുദയ മഹോത്സവത്തിന്റെ ചെലവുകൾ വെട്ടിക്കുറച്ച് മൂന്നു നിർധനരായ യുവതികളുടെ വിവാഹം നടത്തിയതായും ഗ്രാമവാസികൾ മുഴുവൻ വിവാഹചടങ്ങിൽ സംബന്ധിച്ചതായും പത്ര വാർത്ത. ●

***ഓഫീസ് മാനേജർ ക്ലർക്കിനോട് : മരിച്ചവർ വീണ്ടും ഭൂമിയിൽ പ്രത്യക്ഷപ്പെടുമോ?***

***ഇല്ല സർ.***

***പക്ഷെ ഇന്നലെ താങ്കൾ അമ്മാവന്റെ ശവസംസ്കാരത്തിന് പോകണമെന്ന് പറഞ്ഞ് ലീവെടുത്തിരുന്നല്ലോ. അദ്ദേഹം താങ്കളെ അന്വേഷിച്ച് ഇവിടെ വന്നിരുന്നു.***

# ഇടത് പാർട്ടികൾക്ക് പൊളിറ്റിക്കൽ വിസ്ഡമില്ല

ക്രിസോസ്തം വലിയ മെത്രാപ്പോലീത്താ

ജനങ്ങൾ വിഡ്ഢികളാണെന്ന് ആരും കരുതരുത്. കേരളത്തിലെ ജനങ്ങൾ മണ്ടന്മാരല്ലായെന്ന് അവർ ഇലക്ഷനിലൂടെ തെളിയിച്ചു. ഭരണക്ഷിയിലെ ചിലർ അഴിമതിക്കാരാണെന്ന് അവർതന്നെ പറയുന്നു. അന്യോന്യം അവർ കലഹിച്ചു കൊണ്ടിരിക്കുന്നു. ജനം അവർക്ക് മാർക്കിട്ടു. അതാണ് തെരഞ്ഞടുപ്പ് ഫലം.

പണ്ടൊക്കെ രൂപാ കൊടുത്ത് വോട്ട് വാങ്ങാമായിരുന്നു. ഇന്ന് രൂപാ കൊടുത്തിട്ട് യാതൊരു പ്രയോജനവുമില്ല. കാരണം അവനിഷ്ടമുള്ളവനേ അവൻ വോട്ട് ചെയ്യൂ. പണം കൊടുക്കുന്നതു കൊണ്ട് പകൽ കൊടുത്തവന് എതിരായി പ്രവർത്തിക്കത്തില്ലായെന്ന് മാത്രം കരുതിയാൽ മതി. രാത്രിയിൽ അവനെതിരെ പ്രവർത്തിച്ചു കൊള്ളും. ഇനിയും സർക്കാരിനെതിരെയുള്ള പ്രക്ഷോഭണം ആരംഭിക്കുവാൻ സാദ്ധ്യതയുണ്ട്. ജനപിന്തുണ കുറഞ്ഞുവെന്നാണ് പറയുവാൻ പോകുന്നത്. അതിന് വലിയ കഴമ്പില്ല. കാരണം ഡൽഹിയിലേക്ക് ഇടതു പക്ഷത്തെ കൊള്ളില്ലായെന്നേ ജനം പറഞ്ഞിട്ടുള്ളു. നിയമസഭയിൽ അവർക്ക് ഭൂരിപക്ഷമുള്ളിടത്തോളം കാലമവർക്ക് ഭരിക്കാം.

ഇടതുപക്ഷം ഒരു പൊളിറ്റിക്കൽ വിസ്ഡം ആദ്യംമുതലേ കാണിച്ചില്ല. യുഡിഎഫിന് വോട്ട് പിടിച്ചു കൊടുത്തത് ഇടതു പക്ഷ നേതാക്കന്മാരും മന്ത്രിമാരും ചേർന്നാണ്. വേറുതെയിരുന്ന ബിഷപ്പുമാരെ ചൊടിപ്പിക്കുന്ന പ്രസ്താവനകളിറക്കേണ്ട കാര്യമുണ്ടോ. ക്രിസ്ത്യാനികളുടെ വോട്ടുകൾ യുഡിഎഫിന് പിടിച്ചു കൊടുത്തതിന്റെ ക്രഡിറ്റ് ബേബിക്കുമവകാശപ്പെടാം. ഇല്ക്ഷനടുത്തിരിക്കുമ്പോൾ കലഹം മൂർദ്ധന്യതയിലെത്തുന്നതുമെല്ലാം പൊളിറ്റിക്കൽ വിസ്ഡം കുറയുന്നതിന്റെ ഭാഗമാണ്. ഇലക്ഷൻ കഴിഞ്ഞയവസരത്തിൽ അവരുടെ സമീപനത്തിൽ മാറ്റങ്ങളുണ്ടാകാം. പക്ഷേ അവരങ്ങനത്തെ പുള്ളികളാണെന്ന് തോന്നുന്നില്ല. അച്യുതാനന്ദൻ പരമാർത്ഥിയാണ്. കൈക്കൂലിയൊക്കെ വാങ്ങിക്കയില്ലായെന്നെയുള്ളു. ഭരണത്തിനൊന്നും കൊള്ളത്തില്ല. പ്രതിപക്ഷനേതാവായിട്ട് കൊള്ളാം. **കേരളത്തിന്റെ സമഗ്രമായ വളർച്ചയെ സഹായിക്കുന്ന രീതിയിൽ രണ്ടു മുന്നണികളും പ്രവർത്തിക്കുന്നില്ലായെന്നത് ഖേദകരമാണ്.** മൻമോഹൻസിംഗ് സ്വഭാവ ശുദ്ധിയുള്ള അക്കാദമിഷ്യനാണ്. പൊളിറ്റീഷനല്ല. ഓരോ കാര്യങ്ങളുടെയും നന്മതിന്മകളെക്കുറിച്ചു വിവേചിച്ചറി.യുവാനദ്ദേഹത്തിന് സാധിക്കുന്നു.

(സംഭാഷത്തിനിടെ ഉമ്മൻ ജോര്ജ് അച്ചൻ കയറിവരുന്നു)

തിരുമേനി-സഭ എന്നെ ഗുണദോഷിക്കുവാൻ ആക്കിവച്ചിരിക്കുന്ന അച്ചനാണ്.

അച്ചൻ- സാറിനെ ന്യൂവിഷനിലൂടെയറിയാം.ഞാൻ ന്യൂവിഷൻ മാസിക സ്ഥിരമായി വായിക്കാറുണ്ട്. മാസിക്ക് ഒരു പുതുമയുണ്ട്.

തിരുമേനി- എതായാലും ആശ്വാസമായി. ഞാനും സാറും മാത്രമെ ന്യൂവിഷൻ മാസിക വായിക്കുന്നുള്ളുവെന്നായിരുന്നു എന്റെ ധാരണ. അച്ചനും കൂടി വായിക്കുന്നുണ്ടല്ലൊ.

(അമേരിക്കയിൽ നിന്നും ഒരു കുടുംബം തിരുമേനിയെ കാണുവാൻ വന്നിരിക്കുന്നു. അവരുമായി സംസാരിക്കുന്നിതിനിടെ ന്യൂവിഷൻ മാസികയെ അവർക്ക് പരിചയപ്പെടുത്തി കൊടുക്കുന്നു)

തിരുമേനി- ഈ സാർ അഭിമുഖസംഭാഷണത്തിനിവിടെ വരുമ്പോൾ ആരെങ്കിലും കയറി വരും. സംഭാഷണം മുറിയും. പക്ഷേ സാർ ഒരു പൊടി മിടുക്കനായതിനാൽ അപ്പോഴും ഇവിടെയിരിക്കും. അവരോട് സംസാരിക്കുന്നതിൽ സാറിനിഷ്ടപ്പെടുന്ന കാര്യം സാർ എടുക്കും. പിന്നീട് സാറിന് പറയേണ്ട കാര്യങ്ങളെല്ലാം എന്റെ അഭിപ്രായമായി അച്ചടിച്ചു വിടും. പിന്നെ ഞാൻ സ്ഥിരമായി ഒരു കാര്യം തന്നെ പറയാത്തതുകൊണ്ട് അതങ്ങ് എന്റെ പേരിൽ തന്നെ കിടക്കട്ടെയെന്ന് ഞാനും കരുതും (എല്ലാവരും ചിരിക്കുന്നു).

(അവരുമായി സൗഹൃദം പങ്കിടുന്ന വഴി ഒരു രാഷ്ട്രീയ പ്രവർത്തകൻ കയറി വരുന്നു. ഒരു സമ്മേളനത്തിനുള്ള ആളായിക്കഴിഞ്ഞതിനാൽ തിരുമേനി ഫലിതങ്ങൾ പറയുവാനാരംഭിച്ചു.രാഷ്ട്രീയ പ്രവർത്തകൻ കുശലമന്വേഷിച്ചു തുടങ്ങി).



അപ്പച്ചൻ എന്നാ വെല്ലൂർ നിന്നും വന്നത്.

ഇന്നു രാവിലെ

പരിശോധനയൊക്കെ കഴിഞ്ഞിട്ട് ഡോക്ടർ എന്ത് പറഞ്ഞു.

വെല്ലൂർ പോയാലത് അസുഖമായിട്ടാണെന്നാ എല്ലാവരും കരുതുന്നത്. ഞാനെന്റെ അനന്തരവളുടെ പിറന്നാളാഘോഷത്തിൽ പങ്കെടുക്കുവാൻ പോയതാ. അവിടെ ചെന്നതല്ലേ ഡോക്ടർ ചില പരിശോധനകളൊക്കെ നടത്തിയിട്ട് പറഞ്ഞു -രണ്ടാഴ്ച കിടക്കുവാൻ തയ്യാറായി വന്നാൽ രോഗിയാക്കി വിടാമെന്ന്. അതെന്താണെന്ന് ചോദിച്ചപ്പോൾ ഡോക്ടർ പറഞ്ഞു. -കഴിഞ്ഞ പ്രാവശ്യം 25000 രുപ മുടക്കി പരിശോധന കഴിഞ്ഞപ്പോൾ ഡോക്ടർ പറഞ്ഞു - കാര്യമായ അസുഖമോന്നുമില്ലായെന്ന്. അപ്പോൾ ഞാൻ പറഞ്ഞു -ഡോക്ടറേ ഇതു പറയുവാനാണോ ഞാനിത്രയും രൂപ ചെലവാക്കിയത്. ഞാൻ ഈ രൂപ തരത്തില്ലായെന്ന്. എന്തെങ്കിലും ഒരു കുറ്റം കണ്ടു പിടിക്കുവാൻ നിങ്ങൾക്ക് കഴിയില്ലെ. ഇത് ഓർമ്മയിലിരുന്ന ഡോക്ടർ പറഞ്ഞു- അടുത്ത പ്രാവശ്യം വരുമ്പോൾ രോഗിയാക്കി കഴി

Cont...8

ECOLOGY

# Creation Waits with Eager Longing

Dr. Jesudas M. Athyal

For the creation waits with eager longing for the revealing of the children of God; for the creation was subjected to futility, not of its own will but by the will of the one who subjected it, in hope that the creation itself will be set free from its bondage to decay and will obtain the freedom of the glory of the children of God (Romans 8. 19 – 22).

While describing the structure of the epistle to the Romans, Bishop John A. T. Robinson compares its progress to making a journey by canal where one has to cross a central ridge which rises gradually from both coasts. The heights of the epistle are reached in chapter 8, a sustained climax which takes the argument across the watershed. Up to that point we are going up the whole time, from that point we are going down. If we apply another analogy, chapter 8 is the mountain top experience – the pinnacle. The chapter outlines the fundamental Christian principle – a new humanity in Jesus Christ. It outlines Paul's basic teaching: At the core of human existence and in fact, for the whole nature, there is a deep longing. This longing is to ultimately fulfill the divine purpose for which we are created. God's purpose has been revealed in history in the life and message of Christ Jesus. In Christ was also inaugurated a new scheme whereby humanity and the whole creation longs to rise up to God's glory.

Primarily, God through Christ has made us inheritors of eternal life. Secondly, it is not only we human beings but the entire creation itself that is longing for "the freedom of the glory of the children of God". Paul argues here that human salvation is integrally linked with the redemption of the whole creation. Lastly, Jesus Christ is the author and finisher of this historical process. Romans chapter 8 also outlines why such a new law was required. Human efforts to justify oneself by obeying God's laws ultimately resulted in humanity drifting away from God's purpose into the inherent contradictions of self-righteousness. No salvation is possible by human efforts to fulfill God's commandments. However, Jesus Christ, through his life, death and resurrection has overcome the powers of darkness and opened up before us a new way to God. That is liberation from human sinfulness and justification before God.

Creation Waits with Eager Longing

Perhaps no other topic has captured global attention in the 21st century as much as the issue of climate change and global warming. It is well accepted today that the

---

ഞ്ഞിട്ട് പണം വാങ്ങിച്ചു കൊള്ളാമെന്ന്.

ഒരിക്കൽ ഒരു മനുഷ്യൻ ആശുപത്രിയിൽ പോയി. ഡോക്ടറെ കണ്ടു. ഡോക്ടർ ചോദിച്ചു എന്താണസുഖം.

ഡോക്ടറേ അതെനിക്കറിയാമെങ്കിൽ ഞാനിവിടെ വരേണ്ട കാര്യമുണ്ടോ. ഡോക്ടറടത്രയും വിദ്യാഭ്യാസമെനിക്കുണ്ടോ. ഡോക്ടർ കുറെ നേരം ആലോചിച്ചിട്ട് പറഞ്ഞു–ഇത്തരക്കാരെ ചികിത്സിക്കുന്ന ആശുപ്ത്രി ഇതല്ല. തൊട്ടപ്പുറത്തൊരാശുപത്രിയുണ്ട്. ആശുപത്രിയുടെ പേര് മൃഗാശുപത്രിയെന്നാ.........

ഞാനീയിടെ ആറന്മുള പൊന്നമ്മയെ കാണുവാൻ പോയി. ഞാൻ പൊന്നമ്മയോട് പറഞ്ഞു– ഞാൻ നേര് മാത്രമെ പറയൂ. കള്ളം പറയില്ല. നിങ്ങൾ എന്തെങ്കിലും ഒരു കള്ള കഥയുണ്ടാക്കിയവതരിപ്പിക്കും. അതു കാണുവാൻ ജനം ഇടിച്ചു കയറും. നേരു പറയുന്ന എന്നെക്കാളും കൂടുതൽ ആളുകൾ കൂടുന്നത് നിങ്ങളുടെ കള്ള കഥ കാണുവാനാണ്. അപ്പോൾ പൊന്നമ്മ പറഞ്ഞു. അതിന് ഒരു കാരണമുണ്ട് തിരുമേനി, തിരുമേനി സത്യം പറഞ്ഞാൽ കള്ളമാണെന്നേ ജനത്തിന് തോന്നുകയുള്ളു. പക്ഷേ ഞങ്ങൾ കള്ളം പറഞ്ഞാലും സത്യമാണെന്ന് ജനം കരുതും.

എന്നെ കാണുവാൻ പലരും വരും. വരുമ്പോൾ അമ്മ മകളോട് പറയും പറയുന്നതൊന്നും തിരുമേനിക്ക് കേൾക്കത്തില്ലായെന്ന്, പക്ഷേ ആ പറയുന്നതെനിക്ക് ഭംഗിയായി കേൾക്കാം.

ഈ എം കോവൂരിനെപ്പറ്റി പറയും. എവിടെയെങ്കിലും ശവമടക്കുവാൻ അദ്ദേഹം പോയാൽ അദ്ദേഹമായിരിക്കണം പെട്ടിയിൽ കിടക്കേണ്ടത്. എല്ലാവരുടേയും ശ്രദ്ധ അദ്ദേഹത്തിലായിരിക്കണം.നെഹ്റൂ ഏതെങ്കിലും പിറന്നാൾ പാർട്ടിയിൽ ചെന്നാൽ കെയ്ക്ക് മുറിക്കുന്നത് അദ്ദേഹമായിരിക്കണം. എപ്പോഴും അദ്ദേഹം പ്രധാനകാര്യങ്ങൾ ചെയ്യുന്നത് കൊണ്ട് അദ്ദേഹത്തിന് പ്രധാന കാര്യങ്ങൾ ചെയ്യാതെയിരിക്കുവാൻ വയ്യ.

ഒരിക്കൽ ഒരു ഡീക്കനെ പള്ളിയുടെ ചുമതല കൊടുത്ത് വിട്ടു. അതിനു ശേഷം ബിഷപ്പ് ഒരുപദേശവും കൊടുത്തു. ആദ്യം കാണുന്ന സൺഡേസ്കൂൾ ടീച്ചറെ വിവാഹം കഴിക്കരുത്. അതിനേക്കാളും മെച്ചമായവൾ വേറെ കാണും.

ഒരിക്കൽ ഒരു സുവിശേഷ സമ്മേളനം നടക്കുകയാണ്. ഓരോരുത്തരായി സാക്ഷി പറയുകയാണ്. ഒരു പയ്യൻ എഴുന്നേറ്റു പറഞ്ഞു– ഞാൻ ഏഴാം ക്ലാസ്സിൽ പഠിക്കുമ്പോൾ ഏഴാം കല്പന ലംഘിച്ചു. ദൈവം എന്നെ വിടുവിച്ചതിനാൽ സ്തോത്രം. പിന്നീട് ആരോ അവനോട് ചോദിച്ചു. എന്താ ആ കല്പന. അവൻ പറഞ്ഞു. കിടന്നു പെടുത്തു. അവനെ ആരോ ചെറുപ്പത്തിൽ പഠിപ്പിച്ചിരിക്കുന്നത് അതാ. ദൈവീക സത്യങ്ങളെക്കുറിച്ചുള്ള നമ്മുടെ അറിവ് ഇപ്രകാരമാണ്.

*തയ്യാറാക്കിയത്–*
*ഡോ.മാത്യു കോശി പുന്നയ്ക്കാട്*

earth is heading towards a major – probably irreversible - form of climate change. Most of such changes, it has been noted, are human-induced, a result of our modern lifestyles. The limits of our traditional anthropocentric worldview are most evident in the ruthlessness with which we have exploited nature for human ends. A theological exploration of the ecological crisis assumes crucial significance in our times.

In the book of Romans, Paul provides a theological framework for understanding God's purpose with regard to human beings and the entire creation. Chapter 8 discusses the relation between history and eschatology – between what is today and what would be tomorrow. Verses 22 – 24 refer to three types of "groanings" in history: the groaning of the whole creation that awaits redemption, of the people who are inheritors of the first fruits of freedom and of the Holy Spirit. All these groanings are for the full revelation of God's people. There are crucial theological – anthropological – ecological issues involved here. A close look at this Biblical portion would reveal that all these three different "groanings" are in fact the groaning of the divine spirit. While the full revelation of the children of God would happen only at the end of times, the spirit of God is actively involved today, prodding history forward to its final destiny. God is active in history, creating and re-creating nature and humanity. Out of emptiness, God began the creation process. All through the evolution of creation, God was present and active. The humanity God created has the potential to be the "children of God". In the process of creation, it would be difficult to define the stages of 'creation out of nothing' - the various stages. It would be safe to assume that at all stages of creation, the Spirit of God was present and active.

With the advent of the human who has the capability to intellectually respond to the promptings of the Holy Spirit, the process of creation became an inevitable part of history. The entry of sin into the world, however, upset the process of creation bringing it under the sway of demonic forces. Humanity itself became subject to self-righteousness and inevitable punishment. Even at this stage, Paul argues, the Spirit of God was present in history inviting humanity and, through humanity, the creation to be redeemed and be reconciliation with each other and with God. Through the chosen people of Israel, God, in stages and in parts, revealed Godself in history. The promise of the Messiah as liberator was given to the lost humanity. In Christ Jesus, a new humanity was inaugurated. It is in this long process that creation and "we ourselves" are groaning for redemption.

*ഞാൻ പാലാ സെന്റ് തോമസ് കോളേജിൽ പ്രസംഗിക്കുവാൻ പോയി. പ്രസംഗത്തിനിടെ ഞാൻ സദസ്യരോടു ചോദിച്ചു. 'എന്നെ കാണുന്നതിനു മുമ്പ് യഥാർത്ഥ മനുഷ്യനെ കണ്ടിട്ടുള്ള ആരെങ്കിലും ഇവിടെയുണ്ടോ?*

*ആരും മറുപടി പറഞ്ഞില്ല.*

*എന്നാൽ പ്രസംഗം കഴിഞ്ഞ് സ്റ്റേജിൽ നിന്ന് ഇറങ്ങി വരുമ്പോൾ ഒരു വിദ്യാർത്ഥി എന്നോടു പറഞ്ഞു. പിതാവിനെ കണ്ടതിനു ശേഷവും ഞാൻ യഥാർത്ഥ മനുഷ്യനെ കണ്ടിട്ടില്ല.*

*എന്റെ പ്രസംഗത്തിനുള്ള ഒരു വലിയ പ്രശംസയായിരുന്നു. ആ വിദ്യാർത്ഥിയുടെ വാക്കുകൾ.*

**മാർ ക്രിസോസ്റ്റം മാർത്തോമ്മാ**
**വലിയ മെത്രാപ്പോലീത്ത**

Feminist theologians have interpreted the Biblical account of creation from a historical – theological perspective. They argue that redemption in such a context need necessarily take the feminist – ecological angle seriously. According to Lydia Neufeld Harder, women are united in their "unfreedom" and that it is the contradictions of their present experiences that force them to struggle for a new vision of the future in which women will be fully human and fully equal. God intends women to freely and responsibility participate with God in a new creation. Feminists also point out the difficulty in identifying the creative activity of God which, they believe, is largely obscured by a patriarchal and andocentric worldview. The Genesis account of creation that depicts women as largely responsible for original sin and the naming of the Creator as 'Father' justify a connection between human maleness and divine authority. "The struggle to understand God's creative activity must therefore begin with the struggle to affirm the creation of women in the image of God."[1] In the caste-ridden and patriarchal context of India, there is perhaps the need for the church to develop a contextual interpretation of creation that addresses the structural injustices in religion and society.

There is also a close link between ecology and justice concerns. It is the poor and the marginalized who often bear the brunt of the ecological crisis. Studies have shown that in India more than half of our population that depended directly on natural resources is facing a serious crisis of survival as these resources get sucked up by the industrial and urban juggernaut. "A new wave of internal colonialism is sweeping the country" (Ashish Kothari). Ecological changes have had catastrophic impacts on indigenous tribes and wild life. Whatever gains that had been made in the early decades of independence at developing an ecologic sensitivity, are today sought to be undermined by the new changes that seek to usher India into the era of globalization.

The liberation of nature from sinfulness is closely linked to the liberation of humanity from sin. There is a close connection between nature, society and the human beings. The enslavement of the one is connected to the other, so also their liberation. If humanity is to become the Kingdom of God, there should be a fundamental transformation with regard to the nature of humanity and of nature. Science and technology have become the pow-

erful weapons of humanity in countering the forces of poverty, oppression and war. We can do good in society only if there is a convergence between the purpose of humanity and the nature of the technological forces. The redemption of the humanity and of nature needs to be bound together. For this moment, “the creation waits with eager longing”.


The ecological vision with the cosmic dimensions of grace and Christology present in the epistle to the Romans has enormous contemporary relevance for us. In Romans 8:19-22, Paul declares that the good earth was subjected to corruption because of humanity’s sin. The consequences of the ‘fallen nature’ is evident today perhaps more than at any other time in the past. Climate change and global warming have shot to the top of the world’s political agenda. In September 2007, scientists in the United States reported that the Arctic ice cap is melting faster than ever thought possible. By their calculations, 40 per cent of the summer ice covering the Arctic sea will be gone by 2050. Earlier studies had predicted that this would not happen for another century.

More than at any other time in the past, we need today a proper theology of nature - a theology of “the integrity of creation”. In the words of Konrad Raiser, there is the urgent need to develop “a life-centred understanding of the Oikoumene which embraces all of God’s creation”. The task of the churches and the ecumenical movement is to recapture the lost Biblical vision which asserts that human endeavor outside God’s design will lead to catastrophic consequences; for, “the earth is the Lord’s.”

*(The writer is Senior Research Associate at the Pluralism Project, Harvard University, Massachusetts, USA)*

*[1] Lydia Neufeld Harder, Obedience, Suspicion and the Gospel of Mark: A Mennonite – Feminist Exploration of Biblical Authority (Waterloo, Ont: Wilfrid Laurier University Press, 1998), p. 68*

# മാർ ക്രിസോസ്റ്റം വലിയമെത്രാപ്പോലീത്തായ്ക്ക് എബൻഡന്റ്സ് അവാർഡ് സമ്മാനിച്ചു




*തിരുവനന്തപുരത്ത് നടത്ത എബൻഡന്റ് ലൈഫ് ഇന്ത്യ വാർഷിക സമ്മേളനത്തിൽ 2008 ലെ എബൻഡന്റ്സ് അവാർഡ് ഡോ. ഫീലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായ്ക്ക് സി.എസ്.ഐ മോഡറേറ്റർ ബിഷപ് ഡോ. ജെ.ഡബ്ല്യൂ.ഗ്ലാഡ്സ്റ്റൺ സമ്മാനിക്കുന്നു. ഡോ. ഡി. ബാബുപോൾ, ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ, ഷെവ. കോശി എം.ജോർജ്ജ് എന്നിവർ സമീപം*

ANALYSIS

# ആഗോള സാമ്പത്തിക മാന്ദ്യം ക്രൈസ്തവ വീക്ഷണത്തിൽ



ഡോ. ഉമ്മൻ ചെറിയാൻ

ആഗോള സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ച് ധനശാസ്ത്രത്തിൽ നോബൽ പുരസ്ക്കാരം ലഭിച്ച ജോസഫ് സ്റ്റിഗിളിറ്റ്സ് പറയുന്നത് ശ്രദ്ധേയമാണ്. ബർലിൻ മതിലിന്റെ പതനം സോഷ്യലിസ്റ്റ് ചേരിക്ക് എത്രമാത്രം ആഘാതം ഏല്പിച്ചോ അതിനു തുല്യമായ ആഘാതമാണ് ഈ പ്രതിസന്ധി നവലിബറിലത്തിനു ഏല്പിച്ചിരിക്കുന്നത് എന്ന് അദ്ദേഹം പറയുന്നു.

**എന്താണ് ലോകസാമ്പത്തിക മാന്ദ്യം**

സാമ്പത്തിക രംഗത്തുണ്ടാകുന്ന ആകമാന തിരിച്ചടികളെയാണ്.സാധാരണയായി സാമ്പത്തിക മാന്ദ്യം എന്ന വിവക്ഷിക്കുന്നത്. തൊഴിലും, വരുമാനവും, സാമ്പത്തികപ്രവർത്തനങ്ങളും കനത്ത പരാജയത്തെ നേരിടുന്ന ഒരു കാലഘട്ടം ആണിത്. ഇത്തരം മാന്ദ്യങ്ങളുടെ തുടക്കം സാധന സേവനങ്ങളുടെ ആവശ്യം കുറയുന്നതോടെയാണ് ദൃശ്യമാകുന്നത്. മുതലാളിത്ത സമ്പദ്ക്രമത്തിന്റെ ഏറ്റവും ദാരുണമായ പരിമിതി അതിന്റെ സാമ്പത്തിക അസ്ഥിരതയാണ്. അതിനെക്കുറിച്ച് ഒട്ടനവധി സിദ്ധാന്തങ്ങൾ ധനശാസ്ത്രസാഹിത്യത്തിൽ ഉണ്ടായിട്ടുണ്ട്. എന്നാൽ ആധുനിക മുതലാളിത്തം ഒത്തിരി സങ്കീർണമായ ഘടനയുള്ളതായി പരിണമിച്ചതു കൊണ്ട് സാധാരണയായി പുസ്തകങ്ങളിൽ കാണുന്നതു പോലെയുള്ള മാന്ദ്യം ഇപ്പോൾ എല്ലാരാജ്യങ്ങളിലും അനുഭവപ്പെടണം എന്നില്ല. ഇതിനുള്ള പ്രധാനകാരണം മുതലാളിത്ത വിപണിയിലെ അപൂർണ്ണതകളാണ്. സിദ്ധാന്തങ്ങൾ അനുമാനിക്കുന്നതു പോലെ പൂർണ്ണമത്സര കമ്പോളങ്ങൾ യഥാർത്ഥ ലോകത്തിൽ ഇല്ല. ഒട്ടനവധി കളികളും അന്യായങ്ങളും ദൃശ്യമാകുന്ന ഒരു വേദിയാണ് മുതലാളിത്ത രാജ്യങ്ങളിലെ വിപണി. എന്തായാലും ലോകത്തിലെ സമ്പന്നരാഷ്ട്രങ്ങൾ എല്ലാം സാമ്പത്തിക മാന്ദ്യത്തിന്റെ പിടിയിൽ ആയി. കോടിക്കണക്കിന് ആളുകൾക്ക് തൊഴിൽ നഷ്ടപ്പെടുന്നു. സാമ്പത്തിക വളർച്ചയില്ലാതെ സമ്പദ്ഘടനകൾ മുരടിക്കുന്നു. വരുമാനം കുറയുന്നു, ആവശ്യങ്ങൾ ഇല്ലാതെ സാധനങ്ങൾ കെട്ടികിടക്കുന്നു, വിനോദസഞ്ചാരികൾ കുറയുന്നു, ബാങ്കുകൾ തകരുന്നു. ഇവയൊക്കെ അതിന്റെ ലക്ഷണങ്ങളാണ്. ഉദാഹരണത്തിന് അമേരിക്കയിൽ ഇന്ന് അനുഭവപ്പെടുന്നത് 8.3% തൊഴിൽ ഇല്ലായ്മ ആണ്.



അതുപോലെ ഐഎംഎഫ് ലോകബാങ്ക് മുതലായ അന്താരാഷ്ട്ര സംഘടനകൾ ലോകസമ്പദ് ഘടനയുടെ 1.3 ശതമാനം ചുരുങ്ങൽ പ്രവചിക്കുന്നു.ഈ സംഘടനകൾ തന്നെ മുമ്പ് പ്രവചിച്ചിരുന്നു സാമ്പത്തിക വളർച്ച ജപ്പാൻ, ബ്രിട്ടൻ എന്നീരാജ്യങ്ങളിൽ ഉണ്ടാവില്ല എന്ന് അവ യഥാക്രമം. 6.2, 4.1 ശതമാനം കണ്ടു ചുരുങ്ങാനാണ് സാദ്ധ്യത എന്നും അവർ വിലയിരുത്തുന്നു. ആശങ്ക ബാങ്കിംഗ് മേഖലയിലും പ്രകടമാകുന്നുണ്ട്. അമേരിക്കയിൽ ഏകദേശം 117 ബാങ്കുകൾ പ്രതിസന്ധിയിലാണ്. 2008 ഒക്ടോബർ 24-ാം തീയതി വരെ 15 പ്രമുഖ ബാങ്കുകളാണ് പൂട്ടിയത്. ഓഹരി വിപണിയിലെ നഷ്ടം കനത്തതാണ്. അമേരിക്കയും ബ്രിട്ടനും, ജപ്പാനും എല്ലാം വമ്പൻ രക്ഷാപദ്ധതികൾ തയ്യാറാക്കി ഈ പ്രതിസന്ധിയെ മറികടക്കാൻ ശ്രമിക്കുന്നു.

**എന്താണ് ലോകസാമ്പത്തിക മാന്ദ്യത്തിനു കാരണങ്ങൾ**

കാറൽ മാർക്സ് പറയുന്നതുപോലെ മുതലാളിത്ത വ്യവസ്ഥിതിയിലെ വൈരുദ്ധ്യം തന്നെയാണ് പ്രധാന കാരണം. മുതലാളിത്ത സമ്പദ് ഘടന ഏതെങ്കിലും പദ്ധതിയുടെയോ പരിപാടിയുടെയോ അടിസ്ഥാനത്തിൽ അല്ല പ്രവർത്തിക്കുന്നത്. അത് ഒരു നാഥനില്ലാകളരി പോലെ. കയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്നനിലയിൽ വിഭവങ്ങളെ സമാഹരിക്കുകയും വിതരണം നടത്തുകയും വിനിയോഗം ചെയ്യുകയുമാണ് സാധാരണ പതിവ്. അത്തരം ദുരുപയോഗങ്ങളുടെ അനന്തര ഫലങ്ങളാണ് ലോക രാഷ്ട്രങ്ങൾ ഇന്ന് അനുഭവിക്കുന്ന രണ്ടു ദുരിതങ്ങൾ, ഒന്ന് ആഗോള സാമ്പത്തിക മാന്ദ്യവും മറ്റൊന്ന് ആഗോള താപനവും.

ലോകസാമ്പത്തിക മാന്ദ്യം തുടങ്ങിയത് അമേരിക്കയിലെ പണ വിപണിയിൽ നിന്നാണ് കൃത്യമായി പറഞ്ഞാൽ ഭവനവായ്പയുടെയും അതിന്റെ ഉല്പാദനങ്ങളിൽ നിന്നും ഭവനവായ്പ ഭവനത്തിന്റെ മൂല്യവർദ്ധനവിനൊപ്പം കൂടുകുയം (റിയൽ എസ്റ്റേറ്റ് രംഗത്ത് വലിയകുതിപ്പ് രേഖപ്പെടുത്തിയിരിക്കുന്നത് ഓർക്കുക). അതിന്റെ കിട്ടാക്കടങ്ങളെ പിന്നെയും നിക്ഷേപ ഉല്പന്നങ്ങളാക്കി കൈമാറ്റം ചെയ്തതുമാണ് അടിസ്ഥാന കാരണം. ഇത്തരം അപചയങ്ങൾ 2005 മുതൽ അമേരിക്കയിൽ ദൃശ്യമായിരുന്നു. അന്നൊക്കെ ഇത് അമേരിക്കയിൽ മാത്രം ഉള്ള പ്രതിസന്ധിയായി ചിത്രീകരിച്ച് അവിടെത്തന്നെ ഒതുക്കി നിർത്താനുള്ള ശ്രമങ്ങൾ ഉണ്ടായിരുന്നു. എന്നാൽ കുടത്തിൽ നിന്നും പുറത്തു വന്ന ഭൂതം സകലത്തിനെയും ഗ്രസിക്കുവാൻ പര്യാപ്തമായി വളർന്നിരിക്കുന്നു. അത് ഇപ്പോൾ എല്ലാ വികസിത അവികസിത രാജ്യങ്ങളിലും ദൃശ്യമായിരിക്കുന്നു.

**ലോക സാമ്പത്തിക മാന്ദ്യവും കേരളത്തിന്റെ സമ്പദ്ഘടനയും**

കേരളത്തിന്റെ സാമ്പത്തിക രംഗത്തെ സാമ്പത്തിക മാന്ദ്യം പലതരത്തിലും ആഘാതങ്ങൾ ഏല്പിച്ചു കൊണ്ടിരിക്കുന്നു. മലയാളികൾ വിദേശത്തു നിന്നും അയച്ചു കൊണ്ടിരുന്ന പണത്തിൽ സാരമായ കുറവു വരും. 2007-08 സാമ്പത്തിക വർഷത്തിൽ വിദേശ മലയാളികളുടെ നിക്ഷേപം 33304 കോടി രൂപയിൽ നിന്നും 29889 കോടി രൂപയായി കുറഞ്ഞു. ഇത് ഏകദേശം 10.25 ശതമാനം കുറവാണ് കാണിക്കുന്നത്. എന്നാൽ ഡോളറിന്റെ കൈമാറ്റനിരക്ക് വർധനയുടെയും വികസിത രാജ്യങ്ങളിലെ ബാങ്കുകളുടെ തകർച്ചയുടെയും ഫലമായി 2008-09 ൽ നിക്ഷേപങ്ങൾ വർദ്ധിച്ചിട്ടുണ്ട്. ഇത് സുരക്ഷയെ കരുതി ഇന്ത്യയിലെദേശസാൽകൃത ബാങ്കുകളിൽ അഭയം തേടിയതു കൊണ്ടാണ്. വിദേശ മലയാളികളുടെ നിക്ഷേപം ഏകദേശം കേരളത്തിന്റെ ആകെ ഉല്പാദനത്തിന്റെ ഇരുപത് ശതമാനത്തോളം വരുമെന്നതിനാൽ തൊഴിലില്ലായ്മയും വരുമാനകുറവും കേരളത്തിന്റെ സമ്പദ്ഘടനയെ ഗുരുതരമായി ബാധിക്കും.

കേരളത്തിന്റെ മറ്റൊരു വരുമാന മാർഗ്ഗം കയറ്റുമതിയാണ്. ലോക സാമ്പ

Cont...15

# തടവിൽ ഒരു ക്രിസ്തുമസ്സ്

ജോൺ ജെ. നെടുങ്ങാടപ്പള്ളി

അടുത്ത കാലത്ത് അത്യന്തം ഹൃദ്യമായ ഒരു ലേഖനം ഞാൻ വായിക്കുകയുണ്ടായി. മെൽബോൺ ഗോസ്പൽ വോയിസിൽ ശ്രീ. ആനന്ദ് കുറ്റപ്പുഴ എഴുതിയിട്ടുള്ള 'തടവിൽ ഒരു ക്രിസ്തുമസ്സ്' എന്ന അനുഭവ വിവരണമാണത്. അതിന്റെ സന്ദേശം ഉദാത്തവും സാർവ്വജനീനവുമാകയാൽ സഹൃദയരായ ന്യൂവിഷൻ വായനക്കാർക്കു വേണ്ടി അതു പങ്കുവയ്ക്കുന്നത് നന്നായിരിക്കുമെന്നു കരുതുന്നു.

അതിനുമുമ്പ് ആമുഖമായി ചില കാര്യങ്ങൾ : നെടുങ്ങാടപ്പള്ളി സ്വദേശിയായ ആനന്ദ് അവിടത്തെ പൗരത്വം സ്വീകരിച്ച് കുടുംബസഹിതം ആസ്ത്രേലിയയിൽ താമസിക്കുകയാണ്. ആസ്ത്രേലിയായിൽ വച്ച് ആനന്ദിന് ഒരാൺ കുഞ്ഞ് ജനിച്ചു. കുഞ്ഞിന്റെ മാമോദീസാ കർമ്മം നിർവ്വഹിക്കുന്നതിനും വൃക്കരോഗിയായ മാതാവിനെ കാണുവാനുമായി എല്ലാവരും കൂടി നാട്ടിലേക്ക് വരുവാൻ കഴിഞ്ഞ ക്രിസ്തുമസ്സിനോടുബന്ധിച്ച് ശ്രമം ചെയ്യുന്നു. പക്ഷെ വന്നത് ഭാര്യയും കുഞ്ഞുങ്ങളും മാത്രം. ആനന്ദിനെന്തു സംഭവിച്ചു? അറിയുവാൻ അനുവാചകർക്ക് അവകാശമുണ്ടല്ലോ. ആസ്വാദ്യതയ്ക്ക് കോട്ടം സംഭവിയ്ക്കാതിരിക്കുന്നതിന് അനുഭവാത്മകമായ യാഥാർത്ഥ്യത്തോടൊപ്പം സഞ്ചരിക്കണമെങ്കിൽ ആനന്ദിന്റെ ശൈലിയിൽ തന്നെ വായിക്കണം. അതിനാൽ തുടർക്കഥ ആനന്ദ് പറയട്ടെ.

ഒരു ദിവസം ഫോണിൽ സംസാരിച്ചപ്പോൾ അമ്മ പറഞ്ഞു: –നിന്റെ മോനെ ഒന്നു കണ്ടിട്ട് മരിച്ചാൽ മതി! ഡയാലിസിനാൽ ജീവൻ നിലനിർത്തി വരുന്ന അമ്മ സ്വന്തം നാട്ടിലേക്കു പോകുന്ന ദിനം പ്രത്യാശയോടെ നോക്കിയിരിക്കുവാൻ തുടങ്ങിയിട്ട് വർഷങ്ങൾ അഞ്ചു കഴിഞ്ഞു. കുഞ്ഞിനെ അമ്മയെ ഒന്നു കാണിക്കാൻ കഴിഞ്ഞില്ലെങ്കിൽ പിന്നെ ദുഖിക്കേണ്ടി വന്നാലോ? അതേ, ഡിസംബർ തന്നെ നല്ല അവസരം. മൂന്നാഴ്ചത്തേക്ക് നാട്ടിൽ പോകുവാൻ തീരുമാനിച്ചു. ടിക്കറ്റിന് ശ്രമിച്ചു. ഞങ്ങളെ നാട്ടിൽ കൊണ്ടുപോയേ അടങ്ങു എന്ന പോലെ Emiratus Airlines ടിക്കറ്റു നിരക്ക് കുറച്ചിരിക്കുന്നു. ദുബായ് വഴി വളരെ താഴ്ന്ന നിരക്കിൽ ടിക്കറ്റ് ലഭിച്ചു. നീണ്ട വർഷങ്ങൾ ദുബായിൽ ജോലി ചെയ്തിരുന്ന എനിക്ക് അവിടെ ആറു മണിക്കൂർ ചെലവഴിക്കാൻ ലഭിക്കുന്നത് നല്ല കാര്യമായി തോന്നി. മാത്രമല്ല ആസ്ത്രേലിയൻ പൗരത്വത്തിന്റെ നേട്ടങ്ങളും എന്റെ മനോമുകുരത്തിൽ തെളിഞ്ഞു വന്നു. ഇന്ത്യയുടെ ലൈഫ്ലോംഗ് വിസ ഉൾപ്പെടെ 31 രാഷ്ട്രങ്ങളിൽ പോകാൻ വിസ വേണ്ട. എയർ പോട്ടിൽ നിന്നും വി. ഐ. പി. കൾ പോകുന്ന പോലെ ഇറങ്ങിപ്പോകാം. ഒ. സി. പാസ്പോർട്ടിന്റെ അനന്ത സാദ്ധ്യതകൾ മറ്റുള്ള രാജ്യത്തു കിടന്ന് കഷ്ടപ്പെടുന്നവർക്കല്ലേ അറിയൂ. പിന്നെ ബേബി ബോണസ്, ഫാമിലി ബനിഫിറ്റ്സ്, സോഷ്യൽ സെക്യൂരിറ്റി, അങ്ങ് നേഴ്സിംഗ് ഹോമിൽ ചെന്നെത്തുന്നതു വരെയുള്ള മറ്റാനുകൂല്യങ്ങൾ വേറെയും.

അങ്ങനെ ഒരു വലിയ സന്തോഷം പൂവണിയാൻ പോകുന്നതോർത്ത് ഞങ്ങൾ വിമാനത്തിൽ പ്രവേശിച്ചു. കുട്ടികൾ ആദ്യമേ തന്നെ സൈഡ്സീറ്റിൽ സ്ഥാനം പിടിച്ചു. എനിക്കും അനിതയ്ക്കും നടുക്കത്തെ സീറ്റുകൾ. ആൻഡ്രു എല്ലാവരുടെയും മടിയിൽ. ദുബായി എത്തുന്നതുവരെയുള്ള 16 മണിക്കൂർ ഞാനും അനിതയും കൂടുതലും സംസാരിക്കാനാണ് വിനിയോഗിച്ചത്. ജോലിത്തിരക്കു മൂലം കഴിഞ്ഞ 4 വർഷത്തിനിടയിൽ ഞങ്ങൾക്ക് അടുത്തിരുന്ന് സംസാരിക്കാൻ കഴിഞ്ഞതായി ഓർമ്മയില്ല.

ദുബായിൽ ഇറങ്ങിയപ്പോൾ സമയം രാവിലെ 6.30. കൊച്ചു കുഞ്ഞിനെ കണ്ടതു കൊണ്ടാവാം ഒരറബി ഓഫീസർ ഞങ്ങളെ പാസ്പോർട്ടു കൗണ്ടറിന്റെ മുമ്പിലെത്തിച്ചു. ഞാൻ ആറു പാസ്പോർട്ടും കൗണ്ടറിൽ കൊടുത്തു. ഒരു പാസ്പോർട്ട് അവിടെ വെച്ചിട്ട് അയാൾ അഞ്ചു പാസ്പോർട്ടും മടക്കിത്തന്നു. പിന്നെ എന്റെ മുഖത്തും പാസ്പോർട്ടിലും മാറി മാറി നോക്കിയിട്ടു പറഞ്ഞു. Your name is on black list. അതു കേട്ട് ഞാൻ നടുങ്ങിപ്പോയി.

Sir, What happened? ഞാൻ ചോദിച്ചു

There is a case filed aganist you in Quasis police station 2006. മറുപടി



ലഭിച്ചു.

ഞാൻ 2005 ൽ ദുബായ് വിട്ടതാണ്. പിന്നെ ഇപ്പോഴാണിവിടേയ്ക്ക് വരുന്നത് എന്നു ഞാൻ പറഞ്ഞത് ശ്രദ്ധിക്കാതെ പണ്ടു ഞാൻ ജോലി ചെയ്തിരുന്ന കമ്പനിയുടെ പേരും മറ്റും ചോദിച്ച് പ്രതി ഞാൻ തന്നെ എന്ന് അയാൾ ഉറപ്പിച്ചു. ഒരാഫീസർ വന്ന് അയാളുടെ കൂടെ ചെല്ലുവാൻ എന്നോടു പറഞ്ഞു. ഞാൻ അനുഗമിച്ച ഉദ്യോഗസ്ഥൻ എന്നെ ഒരോഫീസിൽ കൊണ്ടുപോയി. ആദ്യത്തെ ഓഫീസർ ചോദിച്ച ചോദ്യങ്ങളൊക്കെ ആവർത്തിച്ചു. അപ്പോഴും ഞാൻ എന്റെ നിരപരാധിത്വം പറഞ്ഞു. അയാൾക്ക് ഇംഗ്ലീഷ് കാര്യമായി അറിയില്ല. ഞാൻ പറഞ്ഞതൊന്നും അയാൾ ശ്രദ്ധിച്ചതായി തോന്നിയില്ല. അയാൾ ഒരു കാര്യം തീർത്തും പറഞ്ഞു you can't go today അതു കേട്ട് എന്റെ

***ഡോക്ടർ നഴ്സിനോട് : ഇന്നലെ അഡ്മിറ്റ് ചെയ്ത രോഗിയുടെ സ്ഥിതി എങ്ങനെയുണ്ട്?***

***നഴ്സ് : വളരെ മെച്ചപ്പെട്ടു.***

***ഇന്നു രാവിലെ മുതൽ സംസാരിക്കുന്നുണ്ട്.***

***ഡോക്ടർ : എന്താണ് അയാൾ പറയുന്നത് ?***

***നഴ്സ്: അയാളുടെ സ്ഥിതി വളരെ മോശമായിരിക്കുന്നു എന്ന്.***

ശരീരം തളർന്നു വിറയ്ക്കുന്നതായി തോന്നി. എന്റെ കുടുംബം വെളിയിൽ നിൽക്കുന്നു. ഒരു കൊച്ചു കുഞ്ഞുമുണ്ട്. അവരെ ആരെയെങ്കിലും ഏൽപ്പിക്കുവാൻ എന്നെ അനുവദിക്കണം. അയാൾ സമ്മതിച്ചു. എന്റെ ആസ്ത്രേലിയൻ പാസ്പോർട്ടും പിടിച്ചു കൊണ്ട് അയാളെന്റെ കൂടെ വന്നു. എനിക്ക് സംഗതിയുടെ ഗൗരവം മനസ്സിലായി. 2006 ൽ എന്നെ പ്രതിയാക്കി ഏതോ കേസ് ചാർജ്ജ് ചെയ്തിരിക്കുന്നു. അതിലെന്നെ ഇപ്പോൾ അറസ്റ്റു ചെയ്തിരിക്കുന്നു. എന്റെ ശക്തിയെല്ലാം ചോർന്നു പോകുന്നതു പോലെ തോന്നി. ഇപ്പോൾ കുഴഞ്ഞു വീഴുമോ എന്ന അവസ്ഥ. ഞാൻ ദൈവത്തോട് പ്രാർത്ഥിച്ചു കൊണ്ടിരുന്നു. ഞങ്ങൾ എയർപോർട്ടിന് പുറത്തുവന്നു പ്രതീക്ഷിച്ചതു പോലെ അനിതയുടെ സഹോദരനും എന്റെ സുഹൃത്ത് ജോൺമാത്യുവും കാത്തു നിൽക്കുന്നുണ്ടായിരുന്നു. അവരെ കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കി. വൈകുന്നേരം 3.30 നാണ് ഡൽഹിയ്ക്കുള്ള ഫ്ളൈറ്റ്. അതിൽ അവരെ കയറ്റി വിട്ടേക്കാൻ ഞാൻ അളിയനോടു പറഞ്ഞു. അവന്റെ മൊബൈൽ ഫോൺ അവൻ എനിക്കു തന്നു. അതു വലിയ ദൈവകൃപയായി. നിറകണ്ണുകളുമായ് ഞാൻ ഉദ്യോഗസ്ഥന്റെ പിന്നാലെ പോയി. പോകുമ്പോൾ നിസ്സഹായരായ് നിൽക്കുന്ന കുഞ്ഞുങ്ങളുടെ മുഖം എന്റെ ദുഖം പതിന്മടങ്ങാക്കി.

ആ ഇമിഗ്രേഷൻ ഓഫീസർ എന്ന എയർപോർട്ട് പോലീസിന് കൈമാറി. അവരെന്നെ ഒരു മുറിയിലടച്ചു. അതു പുറത്തു നിന്ന് പൂട്ടിയതായി എനിക്കു മനസ്സിലായി. അപ്പോൾ സമയം രാവിലെ 8.30 വളരെ കുടുസായ ഒരു മുറിയായിരുന്നു അത്. വായു കടക്കാൻ ഒരു ജനൽ പോലുമില്ല. സിഗരറ്റു കുറ്റികൾ മുറിയിൽ ചിതറിക്കിടന്നിരുന്നു. അതിന്റെ ദുർഗന്ധം കാരണം ശ്വാസം മുട്ടുന്നതായി തോന്നി. ആ മുറിയുടെ മൂലയ്ക്ക് ഒരാൾ കുത്തിയിരുപ്പുണ്ടായിരുന്നു. കണ്ടിട്ട് മലയാളിയാണെന്നു തോന്നിയതിനാൽ മലയാളിയല്ലേ എന്ന് ഞാൻ ചോദിച്ചു. അതേ എന്ന് അയാൾ തലയാട്ടി. സമയമെത്രയായി എന്ന് അയാളുടെ മറുചോദ്യം. സമയം 8.30 കഴിഞ്ഞു എന്ന് ഞാൻ പറഞ്ഞപ്പോൾ എന്നെ അവർ മൂന്നുമണിയ്ക്കു കൊണ്ടു വന്നതാണെന്ന് അയാൾ പറഞ്ഞു. പത്തു വർഷം മുമ്പ് ഞാനിവിടെ ഉണ്ടായിരുന്നപ്പോൾ എടുത്ത ലോണിന്റെ അല്പം ബാലൻസ് അടയ്ക്കാനുണ്ടായിരുന്നു ഇപ്പോൾ ദോഹയിൽ നിന്നും ദുബായ് വഴി നാട്ടിലേക്കു പോകാൻ വന്നതാണ്. അയാൾ സ്വന്തം അനുഭവം വിശദമാക്കി. ഇയാൾ ലോൺ അടയ്ക്കാഞ്ഞിട്ട് പിടിക്കപ്പെട്ടതാണ്. എന്നാൽ എന്റെ ദൈവമേ എന്നെ എന്തിനാണ് മുറിയിലടച്ചത് എന്ന് ഹൃദയ നുറുക്കത്തോടെ ദൈവത്തോടു ഞാൻ ചോദിച്ചു പോയി. സ്വന്തം നാട്ടിലോ ദുബായിലോ 13 വർഷത്തെ ജീവിതത്തിലൊരിക്കലും ഒരു പോലീസ് സ്റ്റേഷന്റെ ഉൾവശവും ഞാൻ കണ്ടിട്ടില്ല. കേസിനോ കോടതിയിലോ പോകുവാൻ ഞാനാരേയും ഉപദേശിച്ചിട്ടില്ല. എന്നിട്ടും............

എന്റെ പോക്കറ്റിൽ മൊബൈൽ ഫോൺ കിടക്കുന്നതു കണ്ടിട്ട് അവന്റെ അമ്മയെ വിളിക്കാൻ ഫോൺ തരാമോ എന്ന് അവൻ ചോദിച്ചു. ഞാൻ ഫോൺ കൊടുത്തു. ദുബായിൽ ചില അത്യാവശ്യങ്ങളുള്ളതിനാൽ ചില ദിവസങ്ങൾ കഴിഞ്ഞേ നാട്ടിലെത്തു എന്ന് അവൻ അവന്റെ അമ്മയോട് പറയുന്നതു കേട്ടു. അൽപസമയം കഴിഞ്ഞപ്പോൾ മകൾ അനുവിന്റെ ഫോൺ വന്നു. പപ്പാ, ഞാൻ കാൻബറായിലും അബുദാബിയിലും വിളിച്ചു പറഞ്ഞിട്ടുണ്ട്. അവർ പപ്പായെ തിരിച്ചു വിളിക്കും എന്നറിയിച്ചു.

രണ്ടു മണിക്കൂർ കഴിഞ്ഞുകാണും. ഒരു പോലീസുകാരൻ വന്ന് വാതിൽ തുറന്നു. ശുദ്ധവായു ശ്വസിച്ചപ്പോൾ ആശ്വാസം തോന്നി. അയാൾ ഞങ്ങളെ ഒരു പോലീസ് ജീപ്പിൽ കയറ്റിക്കൊണ്ടു പോയി. എന്റെ കേസ് ഫയൽ ചെയ്തിരുന്ന Quais police സ്റ്റേഷനിലേക്കാണ് കൊണ്ടു പോകുന്നതെന്നു എന്നോടു പറഞ്ഞിരുന്നതിനാൽ ആ വിവരം പോലീസുകാരുടെ അനുവാദത്തോടെ ജോൺ മാത്യുവിനെ അറിയിച്ചു. പത്തു മിനിറ്റു കഴിഞ്ഞപ്പോൾ പോലീസ് സ്റ്റേഷനിലെത്തി. എന്നെ കൊണ്ടുവന്നവർ അവിടുത്തെ പോലീസിനെന്നെ കൈമാറി. എന്നോട് ഒരു കസേരയിലിരിക്കാൻ പറഞ്ഞു. കമ്പ്യൂട്ടർ നോക്കിയും കേസ് ഫയൽ നോക്കിയും എന്നെ ചോദ്യം ചെയ്യാൻ തുടങ്ങി. നീ സ്വന്തം വാഹനത്തിൽ മദ്യം കടത്തിക്കൊണ്ടു പോയോ എന്ന് ചോദിച്ചു. ഇല്ല എനിക്കു വാഹനമില്ലായിരുന്നു. ഞാൻ മദ്യം വാങ്ങിയിട്ടുമില്ല എന്നു ഉത്തരം പറഞ്ഞു. ഈ ഉത്തരം പോലീസിനിഷ്ടപ്പെട്ടില്ല. അയാൾ ദേഷ്യത്തിൽ എന്നോട് അറബിയിൽ പറഞ്ഞു " ഗോയിബാദിൽ ഇന്ത ശൂഫ്" അൽപ സമയം കഴിഞ്ഞ് നീ കണ്ടോ, അയാൾ പറഞ്ഞതിന്റെ പൊരുൾ എനിക്കു മനസ്സിലായി.

ഇപ്പോൾ വ്യാഴാഴ്ച ഉച്ചയ്ക്കു ഒരു മണി. വ്യാഴം ഉച്ചവരെയേ പോലീസ് സ്റ്റേഷനിൽ പ്രവർത്തിക്കയുള്ളൂ. വെള്ളി പൊതു ഒഴിവ്. പിന്നെ ഒരഞ്ചു ദിവസം കൂടി ബലിപ്പെരുന്നാൾ അതിനടുത്ത രണ്ടു ദിവസം വീണ്ടും അവിടുത്തെ വാരാന്ത്യം. ഇപ്പോൾ ജയിലിൽ പോയാൽ പത്തു ദിവസം കഴിഞ്ഞ് പതിനാലാം തീയതിയെ പുറത്തിറങ്ങാൻ കഴിയൂ. ആലോചിച്ചപ്പോൾ എന്റെ ഹൃദയമിടിപ്പ് വർദ്ധിച്ചു. എങ്കിലും ധൈര്യം സംഭരിച്ച് ദൈവത്തോടു പ്രാർത്ഥിച്ചു കൊണ്ടിരുന്നു. കഴിഞ്ഞ 15 വർഷമായി മദ്യം ഞാൻ മണത്തുപോലും നോക്കിയിട്ടില്ല ഭവനം വാങ്ങിയപ്പോൾ താക്കോൽകൂട്ടത്തിനൊപ്പം ലഭിച്ച മദ്യം രുചിച്ചു നോക്കണമെന്ന് പ്രലോഭനമുണ്ടായപ്പോഴും നായ് ശർദ്ദയിലേക്ക് തിരിയുന്നതുപോലെ ആയിപ്പോകും എന്നതിനാൽ ദൈവകൃപയാൽ വേണ്ടാ എന്നു വയ്ക്കുകയായിരുന്നു. എന്റെ മനസ്സിൽ അനേകം ചോദ്യങ്ങൾ പൊങ്ങിവന്നു കൊണ്ടിരുന്നു. എനിക്കെതിരായ് പ്രവർത്തിച്ചതാര്? എന്റെ ഡീറ്റെയിൽസ് അവർക്കെവിടെ നിന്നു കിട്ടി? എന്റെ പഴയ കമ്പനിയിൽ നിന്നും എന്റെ പാസ്പോർട്ടു കോപ്പിയെടുത്ത് ആരെങ്കിലും ദുരുപയോഗപ്പെടുത്തിയോ? പല വഴിയ്ക്ക് കടിഞ്ഞാണില്ലാത്ത കുതിരയെപ്പോലെ എന്റെ ചിന്തകൾ പാഞ്ഞു കൊണ്ടിരുന്നു. പെട്ടെന്ന് സുഹൃത്തുക്കളിലൊരാളായ റോയി ഈപ്പൻ എന്നെ വിളിച്ചു. ആനന്ദേ, പണ്ട് എന്നെ ഏൽപ്പിച്ചിരുന്ന ഒരു ഫയൽ എന്റെ കൈവശമുണ്ട്. അതും അറബി വായിക്കാനറിയാവുന്ന അദ്ദേഹത്തിന്റെ പി. ആർ.ഒ. യുമായി ഉടനെ പോലീസ് സ്റ്റേഷനിലെത്തും എന്നറിയിച്ചു. പിന്നാലെ അനു പറഞ്ഞതനുസരിച്ച് ആസ്ത്രേലിയൻ എംബസിയിൽ നിന്നും എന്നെ വിളിച്ചു. അവർ പോലീസ് സ്റ്റേഷനിൽ വിളിച്ചു പറഞ്ഞിട്ടുണ്ട്. ചിലപ്പോൾ നിന്നെ ജാമ്യത്തിൽ വിട്ടേക്കും എന്നറിയിച്ചു. ആ സമയത്ത് റോയിയുടെ പി. ആർ. ഒ. വന്ന് എന്നെ പരിചയപ്പെട്ടു. അദ്ദേഹം കൊണ്ടു വന്ന ഫയൽ തുറന്ന് പോലീസുകാരുമായി അറബിയിൽ സംസാരിച്ചു. അപ്പോഴാണ് പഴയ ചില കാര്യങ്ങൾ എന്റെ ഓർമ്മയിൽ ഓടിയെത്തിയത്.

2003 ൽ അജ്മാനിൽ വച്ച് എന്റെ ഡ്രൈവേഴ്സ് ലൈസൻസ് നഷ്ടപ്പെട്ടിരുന്നു. അന്നു ഞാൻ പോലീസിൽ പരാതി കൊടുത്ത പേപ്പറുകളും നഷ്ടപ്പെട്ട ലൈസൻസിന്റെ ഫോട്ടോ കോപ്പിയുൾപ്പെടെ അതാ പി. ആർ. ഒയുടെ ഫയലിൽ! ദൈവമേ, നീ എത്ര വലിയവൻ, അവിടുത്തെ കരുതൽ എത്ര അഗോചരം, അവിടുത്തെ ദയ ആകാശത്തോളവും വിശ്വസ്ത മേഘങ്ങളോളവും ഉയർന്നിരിക്കുന്നുവല്ലോ, പിന്നെ താമസിച്ചില്ല. പി. ആർ. ഒ.യും ഞാനും ചേർന്ന് പോലീസുകാരനുമായി സംസാരിച്ചു. പോലീസ് എന്റെ സ്റ്റേറ്റ്മെന്റ് അറബിയിൽ രേഖപ്പെടുത്തി. തുടർന്ന് എന്റെ ആസ്ട്രേലിയൻ പാസ്പോർട്ടിന്റെ ജാമ്യത്തിൽ 1.30 ആയപ്പോഴേക്കും ഞാൻ വെളിയിൽ വന്നു. അവധിയെല്ലാം കഴിഞ്ഞ് ഡിസംബർ 14 ന് ഞാൻ പോലീസ് സ്റ്റേഷനിൽ വീണ്ടും റിപ്പോർട്ട് ചെയ്യണം.

അനിതയും കുഞ്ഞുങ്ങളും ഡൽഹിക്കു പോകേണ്ട ഫ്ളൈറ്റ് 3.30 നാണ്. ഒരു കാറിൽ ഞങ്ങൾ 7 പേർ കയറി എയർപോർട്ടിലേക്ക് പാഞ്ഞു. പട്ടരു കാള പൂട്ടിയ പോലെ ഇപ്പോൾ ദുബായിലെ പല വഴികളും പൊട്ടിപ്പൊളിച്ചിരിക്കുകയാണ്. ഒരു വിധത്തിൽ രണ്ടേകാൽ ആയപ്പോഴേക്കും ലഗേജ് കൊണ്ടുപോകാനുള്ള അനുവാദം കിട്ടി. അവരുടെയുള്ളിൽ പ്രവർത്തിച്ച ദൈവത്തിന് ആയിരമായിരം നന്ദി. ആൻഡ്രുവിനെയും എടുത്തു കൊണ്ട് ഓടുന്നതിനു

മുമ്പായി അനിത പറയുന്നുണ്ടായിരുന്നു ഇനി ജീവനുണ്ടേൽ ഇതുവഴി വരില്ലെന്ന്.

ഞാൻ ജോൺ മാത്യുവിന്റെയും റോയി-ലീനയുടെയും ഭവനത്തിൽ മാറി മാറി താമസിച്ചു കൊണ്ടിരുന്നു. രണ്ടു വീടിന്റെയും ഓരോ താക്കോൽ എന്റെ കൈവശം തന്നിരുന്നു. അവധിയെല്ലാം കഴിഞ്ഞ് ഡിസംബർ 14നു തന്നെ പോലീസ് സ്റ്റേഷനിലെത്തി. കള്ളപ്പുള്ളിയെപ്പോലെയാണ് പോലീസുകാർ എന്നെ കാണുന്നതെന്ന് മനസ്സിലായി. എന്റെ കേസ് ഫലൽ കോർട്ടിലേക്ക് നീങ്ങിയെന്നും അന്വേഷണത്തിൽ നിന്നും അറിഞ്ഞു. പുലിയുടെ വായിൽ നിന്നും കടുവയുടെ വായിൽ അകപ്പെട്ടതു പോലെ. കേസ് കോർട്ടിലേക്ക് പോയാലത്തെ അവസ്ഥ ഓർത്തപ്പോൾ ശരീരം വിറയ്ക്കാൻ തുടങ്ങി. വക്കീലിനെ വെയ്ക്കണം. കോടതി കയറിയിറങ്ങണം. കേസ് തീരാൻ വർഷങ്ങളെടുത്തേയ്ക്കാം. ഒരുവിധത്തിൽ വീട്ടിലെത്തി വളരെ വ്യസനത്തോടെ ദൈവത്തോടു പ്രാർത്ഥിച്ചു. ഈ വിഷയം അറിഞ്ഞവർ നാട്ടിൽ നിന്നും ആസ്ത്രേലിയായിൽ നിന്നും എന്നെ വിളിച്ചു ആശ്വസിപ്പിക്കുന്നുണ്ടായിരുന്നു. എന്റെ സഹോദരൻ സന്തോഷ് (ആർ.റ്റി.ഒ. ആറ്റിങ്ങൽ) വിളിച്ച് വക്കീലിനെ വയ്ക്കാൻ ഉപദേശിച്ചു.

ഈ ദിവസങ്ങളിൽ രണ്ടു പ്രാവശ്യം ആസ്ത്രേലിയൻ കോൺസുലേറ്റുമായ് ബന്ധപ്പെട്ടിരുന്നു. മറ്റൊരു രാജ്യത്തിന്റെ നിയമത്തിൽ കൈകടത്തുന്നതിന് അവർക്ക് പരിധിയുണ്ടെന്നു പറഞ്ഞു. ചുരുക്കത്തിൽ എന്നെപ്പോലെ നിരപരാധികളായവരെ സഹായിക്കാൻ ആസ്ത്രേലിയൻ ഫോറിൻ അഫയേഴ്സ് റൂൾ അനുവദിക്കുന്നില്ല എന്നർത്ഥം.

ഡിസംബർ 18 ന് എന്റെ അമ്മാച്ചന്റെ മകൾ ഞാൻ കുഞ്ഞുമോളമ്മ എന്നു വിളിക്കുന്ന കുഞ്ഞുമോൾ എന്നെ വിളിച്ചു അവരുടെ ചർച്ചിലെ ഒരു ബിസിനസുകാരൻ വർക്കി ബ്രദറുമായി എന്റെ കാര്യം സംസാരിച്ചു. അദ്ദേഹത്തിന്റെ ബിസിനസ്സ് പാർട്ടനർ ഒരറബിയുണ്ട്. അദ്ദേഹം ഒരു വി.ഐ. പിയാണ് അദ്ദേഹത്തിനു ചിലപ്പോൾ ആനന്ദിനെ സഹായിക്കാൻ കഴിഞ്ഞേക്കും എന്നഭിപ്രായപ്പെട്ടു. അടുത്ത ദിവസം വർക്കി ബ്രദറിന്റെ ഭവനത്തിൽ നടന്ന ഒരു പ്രാർത്ഥനായോഗത്തിൽ ഞാൻ സാക്ഷ്യം പറഞ്ഞു. എന്റെ വിവരങ്ങളറിഞ്ഞപ്പോൾ അദ്ദേഹത്തിനെന്നോട് സഹതാപവും സ്നേഹവും തോന്നി. തൊട്ടടുത്ത ദിവസം ഡിസംബർ 19 ന് അറബിയെ കാണാൻ തീരുമാനിച്ചു.

ഞാൻ താമസം കുഞ്ഞുമോളമ്മാമ്മയുടെ ഭവനത്തിലേക്കു മാറ്റി. അന്നു വൈകുന്നേരം തന്നെ വർക്കി ബ്രദറും ഞാനും കസിന്റെ ഭർത്താവും(തോമസുകുട്ടി)അറബിയെ കണ്ടു. പ്രശ്നങ്ങൾ പറഞ്ഞപ്പോൾ അറബി സഹായിക്കാമെന്നേറ്റു. പകരം ഞാനയാൾക്കൊരു സഹായം ചെയ്യാമെന്നു പറഞ്ഞു. ഈയുള്ളവനിൽ നിന്ന് എന്തു സഹായമാണ് അങ്ങയേക്ക് വേണ്ടത്. ഒന്നല്ല ഒരായിരം സഹായം ചെയ്യാൻ എനിക്കു സമ്മതമാണ്. ഇതിൽ നിന്ന് ഒന്നു രക്ഷപ്പെട്ടാൽ മാത്രം മതി. ഞാൻ പറഞ്ഞു അപ്പോൾ അറബി പറഞ്ഞു. എന്റെ മകൻ ഈ വർഷം 12-ാം ക്ലാസ് പാസാകും ആസ്ട്രേലിയായിൽ ഏറ്റവും നല്ല യൂണിവേഴ്സിറ്റിയിൽ അഡ്മിഷൻ കിട്ടുവാൻ സഹായിക്കണം. ഈ വിഷയത്തിൽ കാര്യമായ് എനിയ്ക്കൊന്നും ചെയ്യാനില്ലെങ്കിലും ചെയ്യാമെന്നേറ്റു.

അറബി പറഞ്ഞതനുസരിച്ച് ഞങ്ങൾ ക്വാസിസ് പോലീസ് സ്റ്റേഷനിലെത്തി. അവിടുത്തെ ഏറ്റവും ഉയർന്ന പോലീസ് ഓഫീസർ അറബിയെ കണ്ടയുടനെ കെട്ടിപ്പിടിച്ച് അവരുടെ രീതിയിൽ ചുംബനം കൊടുത്തു. ഞങ്ങൾക്ക് ഹസ്തദാനം. അറബി വിവരങ്ങൾ അറബിയിൽ പറഞ്ഞ് ഓഫീസറെ മനസ്സിലാക്കി. ഉടൻ തന്നെ തന്റെ കീഴുദ്യോഗസ്ഥനെ വിളിച്ച് പെട്ടെന്ന് എന്റെ കേസ് ഫയൽ എടുക്കാൻ പറഞ്ഞയച്ചു. എന്നിട്ട് എന്നോടു പറഞ്ഞു. തന്റെ ഫയൽ കോർട്ടിൽ പോയെങ്കിൽ ഒന്നും ചെയ്യാൻ കഴിയില്ല. അതു കേട്ടപ്പോൾ ഞാൻ ഹൃദയത്തിൽ പ്രാർത്ഥിക്കുവാനാരംഭിച്ചു. ഇതിനിടയിൽ ഓഫീസർ മറ്റു പോലീസുകാരോട് എന്റെ പഴയ രേഖകൾ പരിശോധിക്കുവാൻ പറയുന്നതു കേട്ടു. ആ കൂട്ടത്തിൽ എന്നോട് മോശമായ് സംസാരിച്ച പോലീസുകാരുമുണ്ടായിരുന്നു. വന്നവർ വന്നവർ അറബിയെ സല്യൂട്ടു ചെയ്യുന്നുണ്ടായിരുന്നു. സല്യൂട്ടിന്റെ പകുതി ഞങ്ങൾക്കും കൂടിയാണ് കിട്ടിയത് എന്ന ഭാവത്തിൽ ഞങ്ങളും ഇരുന്നു. അല്പം കഴിഞ്ഞപ്പോൾ എന്റെ കേസ് ഫയലുകളുമായ് പോലീസുകാരൻ വന്നു ഫയൽ കിട്ടിയെന്നറിയിച്ചു. എന്റെ മനസ്സിൽ ദൈവത്തിന് ആയിരം സ്തോത്രം പറഞ്ഞു.

പോലീസ് ഓഫീസർ സംഭവം ഇങ്ങനെ വിശദീകരിച്ചു. നിന്റെ നഷ്ടപ്പെട്ട ഡ്രൈവേഴ്സ് ലൈസൻസുപയോഗിച്ച് ചിലർ നിന്റെ പേരിൽ ഒരുകാർ വാങ്ങി. അതിൽ ദുബായ്-അബുദാബി റൂട്ടിൽ മദ്യം കടത്തിക്കൊണ്ടിരുന്നു. 2006 ൽ വാഹനം അപകട രേഖകളിൽ വാഹന ഉടമസ്ഥനായ നിന്റെ പേരിൽ കേസ് ചാർജ്ജ് ചെയ്തു. സിനിമാ കഥകളെപ്പോലും വെല്ലുന്ന സംഭവകഥ കേട്ടപ്പോൾ ഞാൻ വിറങ്ങലിച്ചു പോയി. അതേ സമയം അധികാരസ്ഥന്മാരിലൂടെ ദൈവം സത്യം പുറത്തുകൊണ്ടുവന്നതോർത്ത് ദൈവത്തെ സ്തുതിച്ചു.

പിന്നെ കാര്യങ്ങൾ വളരെ വേഗത്തിൽ നീങ്ങി. അവർ ഒരു ഇൻവെസ്റ്റിഗേഷൻ ഓർഡർ ചെയ്തു. ഫിംഗർപ്രിന്റ് ഡി. എൻ. എ. ടെസ്റ്റ് തുടങ്ങിയവയും ഒരു തിരിച്ചറിയൽ പരേഡും നടത്തി. അതിലൂടെ യഥാർത്ഥ പ്രതികളെ അവർ പിടിച്ചു. എന്റെ ടെസ്റ്റു റിസൽട്ടുകളെല്ലാം നെഗറ്റീവ് ആണെന്നു കണ്ടതിനാൽ 38-ാം ദിവസം ഞാൻ നിരപരാധിയാണെന്ന് അവർ വിധിച്ചു. ആസ്ത്രേലിയൻ പാസ്പോർട്ട് മടക്കിത്തന്നു.

തീയിലും വെള്ളത്തിലും കൂടി നടത്തിയാലും സമൃദ്ധിയിലേക്കു നടത്തുന്ന ദൈവത്തെ ഒരിക്കൽ കൂടി രുചിച്ചറിയുവാൻ എനിക്കു കഴിഞ്ഞു. ഞാൻ വിചാരിച്ചതു പോലെ ആസ്ത്രേലിയൻ പാസ്പോർട്ടിന്റെ മഹിമയോ എന്റെ സ്വാധീനത്തിന്റെ മിടുക്കോ സാമ്പത്തിക സൗകര്യങ്ങലോ ഒന്നും തന്നെ ഈ പ്രതിസന്ധിയിൽ എനിക്ക് തുണയായില്ല. മറിച്ച് ഞാൻ ഒരിക്കലും അറിയാത്ത രണ്ടു വ്യക്തികളെ ദൈവം എനിക്കായ് ഒരുക്കി. പ്രതിസന്ധിയിൽ നിന്നും അത്ഭുതകരമായ് എന്നെ വിടുവിച്ചു. നല്ലയിടയനായ യേശു കർത്താവിന്റെ പാദത്തിൽ ആയിരമായിരം നന്ദിയർപ്പിച്ചു കൊണ്ട് നിർത്തുന്നു. ●

*ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ നടന്ന എണ്ണമറ്റ വിവർത്തനങ്ങളുടെ താല്പര്യമെന്തായിരുന്നു എന്ന കാര്യം ആലോചനാവിധേയമാകേണ്ടതാണ്. ഋഗ്വേദവും രാമായണവും മുതൽ മാതംഗലീലയും അഷ്ടാംഗഹൃദയവും വരെ മലയാളത്തിലേക്കു മൊഴിമാറിയതിനു പിന്നിൽ ദൈവാനുഭവത്തെയും മനുഷ്യജീവിതത്തെയും സംബന്ധിക്കുന്ന പുതിയൊരു വീക്ഷണമുണ്ട്. കൂദാശകൾ മലയാളത്തിൽ വേണമെന്ന് അബ്രഹാം മല്പാൻ വാദിച്ചതും ദൈവാനുഭവത്തെ പൗരോഹിത്യത്തിൽ നിന്നു മോചിപ്പിക്കുന്നതിനു കൂടി വേണ്ടിയാണ്. പ്രാർത്ഥിക്കുന്നവളിലും പ്രാർത്ഥിക്കുന്നവനിലും കുടികൊള്ളുന്ന പുതിയ ഒരു ദൈവത്തെ കണ്ടെത്തലായിരുന്നു അത്. മറ്റൊരു തരത്തിൽ പറഞ്ഞാൽ ദൈവാനുഭവത്തിന്റെ ജനാധിപത്യവല്ക്കരണം.*

***സുനിൽ പി. ഇളയിടം***

# അഴീക്കോട് മാഷിന് മദ്ധ്യതിരുവിതാംകൂറിൽ ശതാഭിഷേകത്തുടക്കം

**കേ**രളീയ സമൂഹത്തിന്റെ ഗുരുവും കാരണവരുമായ സുകുമാർ അഴീക്കോടിന്റെ 83-ാം പിറന്നാളിൽ മദ്ധ്യതിരുവിതാംകൂറിന്റെ മണ്ണിൽ ശിഷ്യന്മാരുടെയും സുഹൃത്തുക്കളുടെയും ഒത്തുചേരലോടെ ശതാഭിഷേകാഘോഷങ്ങൾക്കു വ്യത്യസ്തതയാർന്ന തുടക്കമായി.

പതിവു ചടങ്ങുകളിൽ നിന്ന് വേറിട്ട് വേദിയും സദസ്സുമായി പിരിയാതെ വട്ടമേശകൾക്കു ചുറ്റും അഴീക്കോട് മാഷിന്റെ ആരാധകർ വട്ടമിട്ടിരുന്നു.

തിരുവല്ല ബഥനി അരമനയിൽ ചേർന്ന സ്നേഹക്കൂട്ടായ്മയിൽ പിറന്നാളിന്റെ മധുരം പകർന്നുകൊണ്ട് അഴീക്കോട് മാഷ് കേക്കു മുറിച്ചു. ഡോ. ഗീവർഗീസ് മർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തയുമായി മധുരം പങ്കു വച്ചപ്പോൾ സന്നിഹിതരായിരുന്ന മെത്രാപ്പോലീത്തമാർ ഹാപ്പിബർത്ത് ഡേ ഈണത്തിൽ പാടി.

നവഭാരതവേദിയും മൂവ് ഇന്ത്യ ട്രസ്റ്റും മുൻകൈ എടുത്തു നടത്തിയ ലളിതമായ ചടങ്ങിൽ ജീവിതത്തിന്റെ നാനാ തുറകളിലുള്ളവർ അഴീക്കോടിന് ആശംസകളും പ്രശംസകളും ചൊരിഞ്ഞപ്പോൾ അന്യജീവനുതകി സ്വജീവിതം ധന്യമാക്കുവാനുള്ള ഉപദേശമാണ് അദ്ദേഹം മറുപടിയായി നല്കിയത്.

അഴീക്കോടിന്റെ മറുപടി പ്രസംഗം സ്വാതന്ത്ര്യസമരകാലം മുതൽ അച്യുതാനന്ദൻ-പിണറായി ദ്വന്ദ്വം വരെയുള്ള ചരിത്രത്തിന്റെ ഇടനാഴികളിലൂടെയുള്ള യാത്രയായി. താൻ നെഹ്റുകുടുംബത്തിലെ അംഗമാണ് എന്നവകാശപ്പെട്ട അഴീക്കോട് ജനങ്ങൾക്കു വേണ്ടി ജീവിതം സമർപ്പിച്ച നെഹ്റുവിന്റെ ചിന്തകൾ തന്നെ ഏറെ സ്വാധീനിച്ചു എന്നു പറഞ്ഞു. ബ്രഹ്മചര്യം എന്ന ഗാന്ധിയൻ ആദർശത്തിന്റെ ശക്തിയും അദ്ദേഹം വിശദീകരിച്ചു. ബ്രഹ്മചാരികൾക്ക് സഹജമായ ധീരതയിലൂടെയും ത്യാഗബുദ്ധിയിലൂടെയും സമൂഹത്തെ നേർപാതയിൽ നടത്തുവാൻ കഴിയും എന്നനുസ്മരിച്ചു. അതിനാൽ സന്യസ്തർ സമൂഹത്തിന് വിലപ്പെട്ട സംഭാവനകൽ നല്കുവാൻ കഴിയുന്നവരാണ്.

രാഷ്ട്രീയരംഗത്ത് നിസ്വാർത്ഥമതികളായ ഒട്ടേറെ നേതാക്കളുണ്ടായിരുന്നു. കാമരാജ്, പനമ്പിള്ളി ഗോവിന്ദമേനോൻ തുടങ്ങിയ നേതാക്കളെ കോൺഗ്രസുകാർ പോലും മറന്നു. ആദർശസുരഭിലമായ സംസ്കാരത്തെയും രാഷ്ട്രീയകക്ഷികൾ ഇപ്പോൾ ഓർമ്മിക്കുന്നതേയില്ല. വർത്തമാന കാലത്തിന്റെ ക്ഷുദ്രതകളിൽ മാത്രമാണ് ഇന്നത്തെ രാഷ്ട്രീയം അഭിരമിക്കുന്നത്.

പാവങ്ങളെ സ്നേഹിക്കുകയും സാമൂഹിക നീതിക്കായി വാദിക്കുകയും ചെയ്ത ക്രിസ്തുവിനെ ഞാൻ സ്നേഹിക്കുന്നു. സാമൂഹിക നീതി മുഖ്യലക്ഷ്യമായി സ്വീകരിച്ചാൽ ക്രിസ്തുമതത്തിന് ഇന്ത്യയിൽ ശക്തമായ വളർച്ചയുണ്ടാകും.

മനുഷ്യർ തമ്മിൽ സ്നേഹിക്കുവാനുള്ള ജൈവശക്തി രക്തത്തിൽ കലർത്തിയാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. ആ സ്നേഹത്തിന്റെ ശക്തിയാലാണ് ക്രിസ്തു അത്ഭുതങ്ങൾ പ്രവർത്തിച്ചത്. രണ്ടായിരം വർഷം മുമ്പ് ക്രിസ്തു തന്റെ സമൂഹത്തിൽ സൃഷ്ടിച്ച അത്ഭുതം ഇന്നത്തെ വൈദികർക്കും സാധിതമാകണം എന്നദ്ദേഹം പറഞ്ഞു.

ഡോ. സിറിയക് തോമസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ചടങ്ങിൽ ബിഷപ്പ് ഡോ. സാം മാത്യു, അഭിവന്ദ്യ ഗീവർഗീസ് മാർ അത്താനാസ്യോസ്, അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ്, അഭിവന്ദ്യ യൂഹാനോൻമാർ ക്രിസോസ്തമോസ്എന്നീ മെത്രാപ്പോലീത്തമാർ ആശംസകൾ നേർന്നു. മന്ത്രി മോൻസ് ജോസഫ്, മുൻമന്ത്രി മാത്യു ടി തോമസ്, മലയാള മനോരമ കോ-ഓർഡിനേറ്റിംഗ് എഡിറ്റർ, ക്രിസ് തോമസ്, ഡോ. അലക്സാണ്ടർ കാരയ്ക്കൽ, ഡോ. എൻ. രവീന്ദ്രൻ, ഡോ. വി.ഡി. കൃഷ്ണൻ നമ്പ്യാർ, ചുനക്കര ജനാർദ്ദരൻ നായർ, ജോർജ്ജ് തഴക്കര, ഡോ. സാബു ഡി.മാത്യു, ഡോ. ജോസ് പാറക്കടവിൽ, അഡ്വ. ശശി ഫിലിപ്പ്, ഡോ. സ്റ്റാനി മാത്യു, റവ. ഡോ. ടി. ടി. സഖറിയ, ഫാ. അലക്സാണ്ടർ അബ്രഹാം തുടങ്ങിയവരും ആശംസകൾ അർപ്പിച്ചു. ഒട്ടേറെ മാധ്യമപ്രവർത്തകരും ആശംസകൾ അർപ്പിക്കുവാനെത്തിയിരുന്നു. ●

## ആഗോള സാമ്പത്തിക...

ത്തിക തകർച്ചയുടെ ഇരകൾ കയറ്റുമതി മേഖലയും പാരമ്പര്യവ്യവസായങ്ങളും ആണ്. മത്സ്യ സമ്പത്ത്, കശുവണ്ടി, കയറുല്പന്നങ്ങൾ എന്നിവയുടെ കയറ്റുമതിയിലുണ്ടായ ഇടിവുമൂലം ഏകദേശം 70,000 ആളുകൾക്ക് 2007-08 ൽ തൊഴിൽ നഷ്ടപ്പെട്ടു. ആഗോളവല്ക്കരണം ഈ മേഖലയിൽ ഉണ്ടാക്കിയ അസ്ഥിരത ഇനിയും കൂടുവാനാണ് സാദ്ധ്യത.

വളരെ പ്രധാനപ്പെട്ട മറ്റൊരു മേഖലയാണ് ടൂറിസം. വിനോദസഞ്ചാരം അടുത്ത കാലത്തായി വളരെധികം കുതിച്ചു ചാട്ടം നടത്തിയിരുന്നു. രാജ്യാന്തര വിനോദസഞ്ചാരികളുടെയും രാജ്യത്തിനുള്ളിൽ നിന്നുള്ള സഞ്ചാരികളുടെയും വലിയ മുന്നേറ്റമാണ് കഴിഞ്ഞ മൂന്നു വർഷങ്ങളിൽ ഉണ്ടായത്. ഈ രംഗത്ത് 2007-08 ൽ കേരളത്തിന്റെ പങ്ക് അഖിലേന്ത്യാതലത്തിലുള്ളതിന്റെ 10.36 ശതമാനം ആയിരുന്നു. പക്ഷേ ഇപ്പോൾ വളരെ അധികം തകർച്ചയാണ് ഈ രംഗം നേരിടുന്നത്. ഗൾഫ് നാടുകളിൽ നിന്നും പ്രത്യേകിച്ച് ദുബായിൽ നിന്നും ഉള്ള തിരിച്ചു വരവും, റിയൽ എസ്റ്റേറ്റ് മേഖലയുടെ മുരടിപ്പും എല്ലാം സാമ്പത്തിക മാന്ദ്യത്തിന്റെ അടയാളങ്ങളാണ്.

**കേരളത്തിലെ ക്രൈസ്തവരും സാമ്പത്തിക തകർച്ചയും**

ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന എല്ലാ തകർച്ചകളും വലിയ സാമ്പത്തിക മുന്നേറ്റത്തിന്റെ പിന്നാലെയാണ് ഉണ്ടായിട്ടുള്ളത്. ബാബേൽ ഗോപുരത്തിന്റെ നിർമ്മിതിയുടെ പ്രേകര ഘടകം സാമ്പത്തിക ഉന്നതി തന്നെയായിരുന്നു. (ഉല്പത്തി 11:1-8). ആകാശത്തോളം എത്തുന്ന ഗോപുരത്തിന്റെ പണി എത്ര പെട്ടെന്നാണ് തകർന്നു തരിപ്പണം ആയത് "And they said, Go to let us build us a city and tower whose top may reach unto heaven"(Gene.11:4 KJV) പുരാതനവും മനോഹരങ്ങളുമായ ദേവാലയങ്ങൾ പൊളിച്ചു കോടികൾ ചെലവാക്കി വലിയ ഗോപുരങ്ങളും എടുപ്പുകളും ഉള്ള പള്ളികൾ പണിഞ്ഞവർ ഇപ്പോൾ ഹെൽത്ത് ക്ലബും, തീംപാർക്കുകളും പള്ളിപുരയിടങ്ങളിൽ തന്നെ വേണമെന്ന് വാശിപിടിച്ചു പുതിയ പ്രോജക്റ്റുകൾ ഉണ്ടാക്കുന്ന തിരക്കിലാണ്. യഹോവയുടെ തോട്ടം പോലെ (യശയ്യാവ് 22:13) ആയിരുന്നു, സോദോം പട്ടണം. ഗർവം, അമിതാഹാരം, അലസത, ദരിദ്രനെ അവഗണിക്കുക മുതലായ അകൃത്യങ്ങൾ കൊണ്ട് ദൈവം ഈ നഗരത്തെ നശിപ്പിച്ചു. നിന്റെ സഹോദരിയായ സോദോമിന്റെ അകൃത്യമോ, ഗർവും, തീൻപുളപ്പും നിർഭയസൈ്വരവും അവർക്കും അവളുടെ പുത്രിമാർക്കും ഉണ്ടായിരുന്നു. എളിയവനെയും ദരിദ്രനെയും അവൾ സഹായിച്ചതുമില്ല. (യെഹസ്കേൽ 16:49) യരുശലേമിനോടുള്ള ഈ പ്രവചനം ആധുനിക നഗരങ്ങൾക്കും ചേർന്നതല്ലേ.

എല്ലാ പ്രവാചകരും രണ്ടുതരം അകൃത്യത്തെക്കുറിച്ചാണ് അതിനെതിരെ ആണ് ശക്തിയായി പ്രവചിച്ചത്. ഒന്ന്, ദൈവമായ യഹോവയ്ക്ക് പകരമായി മനുഷ്യനിരൂപണ ഫലങ്ങളായ മിത്ഥ്യാമൂർത്തികളെ ആരാധിക്കുന്നത്. മറ്റൊന്ന് ഇന്ദ്രിയ സുഖങ്ങൾക്ക് പുറകെ പോകുന്നത്. ഇതുരണ്ടും ഇന്നും നിലനില്ക്കുന്ന രണ്ടു പാപങ്ങളാണ്. താല്ക്കാലിക ലാഭത്തിനും ആർത്തിക്കും വേണ്ടി ഉടയവനെ മാറ്റി മിത്ഥ്യാമൂർത്തികളെ അന്വേഷിക്കുന്നതിനെ ആധുനിക ദൈവശാസ്ത്രവും തത്വശാസ്ത്രവും ഒക്കെ നിരത്തി ന്യായീകരിക്കുന്നത് ശത്രുവിന്റെ ചതിയാണ് എന്ന് മനസ്സിലാക്കാനുള്ള ദൈവകൃപ നാം നഷ്ടപ്പെടുത്തിയിരിക്കുന്നു. ●

PORTRAYAL

# അദ്ദേഹം ചെയ്ത തെറ്റെന്ത്?



ഫാദർജി

തട്ടേമ്മേപ്പള്ളി വികാരി, തന്നാണ്ടു കൈക്കാരന്മാർ, മുതൽപ്പിടി കമ്മറ്റിയംഗങ്ങൾ എപ്പേർപ്പട്ട ഇരുപത്തിയഞ്ചു പേരുൾപ്പെട്ട സന്നദ്ധ സംഘം കുവൈറ്റ് വർക്കിയുടെ വീട്ടിലേക്ക് ഇടിച്ചു കേറിച്ചെന്നു.

ഇതെന്നാ ഒരു മുന്നറിയിപ്പുമില്ലാതെ, ഒരു കാളിംഗ് ബല്ലുപോലുമടിക്കാതെ -വർക്കി

ഇടവക പട്ടക്കാരനും ഭരണസമിതിയും വരേണണേന്ന് എന്തിനു ബെല്ലെന്റെ വർക്കി?–സെക്രട്ടറി ഇട്ടൻ

എന്നാലും ഒരു സാമാന്യ മര്യാദ ഒക്കെയില്ലേ,

എന്താ എന്തെങ്കിലും അത്യാഹിതം?–വർക്കി

നമുക്കു കാര്യത്തിലേക്കു കടക്കാം. ഈ വർഷത്തെ നമ്മുടെ മഹാപരിശുദ്ധന്റെ ഓർമ്മപ്പെരുന്നാൾ കുവൈറ്റ് വർക്കിയ്ക്ക് വിട്ടു തരാൻ വന്ദ്യമാനേജിംഗ് കമ്മറ്റി തീരുമാനിച്ച കാര്യം പറയാനാ വർക്കിമോനെ ഞങ്ങ് വന്നത്. മോനും ഗ്രേസിക്കും കുട്ട്യോൾക്കും സുഖാല്ലേ? ഹോ ഏന്തൊരു ചൂട്, തണുത്ത ഫ്രൂട്ടി അങ്ങടെടുത്തേടീ ഗ്രേസീ–വികാരി വന്ദ്യ കോറെപ്പിസ്കോപ്പാ കട്ടായത്തച്ചൻ.

പെരുന്നാളേറ്റു കഴിക്കാൻ ഞാൻ ആവശ്യപ്പെട്ടില്ലായിരുന്നല്ലോ -വർക്കി

വർക്കീനെപ്പോലെ വിനയോള്ളോര് അതൊന്നും ചോദിക്കില്യാന്ന് ങ്ങക്കറിയില്ലേ. ബാവേടെ കൈയ്യൊപ്പ് ശിപാർശേം ആയിട്ട് ആള് മൂന്ന് പെരുന്നാളേറ്റു കഴിക്കാൻ ക്യൂവില് നില്ക്കണത്–മേമ്പൂട്ട് കുഞ്ഞാലു

എന്നാ അവർക്ക് വിട്ട് കൊട്. നമുക്കു നിർബന്ധോല്ല്യാ– വർക്കി

കണ്ടോ ഇതാണ് കുവൈറ്റ് വർക്കീടെ വിനയം. അതു കൊണ്ടു തന്ന്യാ കമ്മിറ്റിക്കാര് ഈ വർഷത്തെ ചാൻസ് അനക്കു തന്നെ തരണോന്നു ശക്ത്യായിട്ട് പൊതുയോഗത്തിൽ വാദിച്ചത്. ന്റെ മോനെ വർക്കി, പെരുന്നാൾ ശീട്ട് വീഴുമ്പോ വേണ്ടാന്നു പറേരുത്. നമ്മുടെ ശക്തിമത്തായിയ്ക്ക് വീണപ്പോ പറ്റില്ലാന്നു പറഞ്ഞേന്റ മൂന്നദൈവസം ഓന്റെ ഒരു കയ്യും ഒരു കാലും ഒടിഞ്ഞു. മഹാപരിശുദ്ധനോടു കളിക്കാതെ മോനെ. രണ്ടാം മുതൽപ്പിടി താരു.

ഞാനിപ്പോ സാമ്പത്തികായിട്ട് വിഷമത്തിലാ–വർക്കി

സാമ്പത്തികമാന്ദ്യം ഒരു ആഗോള പ്രതിഭാസമല്ലെ വർക്കീ. എല്ലാം നടക്കുന്നേ. എത്ര പേരാ മഹാ പരിശുദ്ധന്റെ പെരുന്നാളു കഴിക്കാൻ വർഷങ്ങളായി കാത്തു നിൽക്കണെ. നമുക്ക് വിഷയത്തിലേക്കു കടക്കാം. സെക്രട്ടറി ചെലവത്ര്യാന്നു പറഞ്ഞേ– മൂന്നാം മുതൽപ്പിടി ബാങ്കർ ജോയി.

കഴിഞ്ഞതിന്റെ മുമ്പിലത്തെ വർഷം മഹാപരിശുദ്ധന്റെ പെരുന്നാളേറ്റത് വരമ്പേൽ ഏല്യാസാർന്നു. ആകെ നാൽപ്പതായി–സെക്രട്ടറി ഇട്ടൻ.

നാൽപതിനായിരോ–വർക്കി

കേട്ടേടേ ഈ വർക്കീന്റൊരു തമാശ്. നാല്പ്പതിനായിരത്തിന് കുന്തരുക്കോം മെഴുകുതിരാം വാങ്ങാനുണ്ടാവില്ല. കഴിഞ്ഞ വർഷം മൂല കുഞ്ഞൂഞ്ഞാ ഏറ്റത് നാൽപ്പത്തഞ്ചായി. നാലും അത്രയ്ക്കങ്ങട് അടിപൊളിയായില്ല. ശരിക്കും തട്ടു പൊളിപ്പനായിട്ടു നടത്താൻ ഒരമ്പതു കൂട്ടിയ്ക്കോ -ഇട്ടൻ

'വിറ്റു ദരിദ്രർക്കു കൊടുത്തു കൂടെ' എന്ന യൂദാസിന്റെ മറുപടിയാ ഇതിനു പറയേണ്ടത് -വർക്കി

മ്പടെ കർത്താവിനെ ട്രാപ്പിലാക്കിയ ആ തെമ്മാടീനോട് പൂവ്വാൻ പറയെന്റെ കുവൈറ്റേ, തർമ്മക്കാർക്ക് പെരുന്നാളിന്ന് മാന്യമായിട്ടിരുന്നു തെണ്ടാൻ പള്ളിമുറ്റത്ത് മിനിമം ഫീസു വെച്ച് നമ്മള് സ്ഥലസൗകര്യം ചെയ്തു കൊടുക്കണണ്ടല്ലോ, വർക്കീ

ഇനിയിപ്പോ വർക്കിക്ക് ചാരിറ്റി വല്യ നിർബന്ധാണെങ്കി പെരുന്നാളിന് ഇരുപതു സാധു പെൺകുട്ട്യോൾക്ക് കല്യാണത്തിന് ഓരോരോ കമ്മലുവീതം സൗജന്യായിട്ട് കൊടുക്കാം. അതിന് അഡീഷണലായിട്ട് രണ്ടും കൂടെ വേണ്ടി വരുട്ടോ– നാലാം മുതൽപ്പിടി പൗലു.

പെരുന്നാൾ, പെരുമ കാണിക്കാനും ധൂർത്തടിക്കാനുമുള്ളതല്ല, സ്വയം തൃജിച്ച് തന്റെ കുരിശെടുത്ത് ക്രിസ്തുവിനെ അനുഗമിച്ച ഒരു മനുഷ്യൻ ഇതാ ഇവിടെ ജീവിച്ചിരുന്നു എന്നു വിശ്വാസികളെ പരിചയപ്പെടുത്തുവാനുള്ള വലിയ ദിവസമാണ്. വിശ്വാസികൾക്ക് ആദരിക്കാൻ, അനുകരിക്കാൻ– വർക്കി വികാരാധീനനായി.

'ആ മനുഷ്യനിതാ' ന്നു പറഞ്ഞ് ഒരു മാന സാന്തര പ്രസംഗം നടത്താൻ വർക്കിക്ക് പെരുന്നാൾ ദെവസം ഒരു ചാൻസു തരാം. ങ്ങനേണ്ട്? -യൂത്ത് ലീഗം മാമ്പി.

ഞാനിറക്കിവിടണോ, നിങ്ങളിറങ്ങിപ്പോകുന്നോ– വർക്കി അഗ്രസ്സീവായി.

ഞങ്ങളു പൊക്കോളാം. പക്ഷെ വേദവിപരീതിയായി ഊരുവിലക്കി പുറത്താക്കുമ്പോൾ പിന്നെ കാലു പിടിക്കാൻ വരരുത്– വിശ്വാസം മത്തായി.

പെരുന്നാളേറ്റു കഴിക്കാൻ പറ്റില്ലെന്നു പറേണത് വേദവിപരീതാണോ–വർക്കി

വേദം പഠിപ്പിക്കുന്ന അച്ചൻ വീട്ടിൽ വന്നു പറേണത് അനുസരിക്കാത്തവരൊക്കെ വേദവിപരീതികളാ–വാളന്റിയർ മാത്തു ഹീറ്റായി.

നിങ്ങളു വെറുതെ ബഹളം വയ്ക്കാതെ. വെറുതെ ലക്ഷം അമ്പതറുപതെന്നു പറയാതെ എന്തിന് ഏതിനെന്നൊക്കെന്നു പറയ്. വർക്കിമോൻ പള്ളീനേം സഭേനേം സ്നേഹിക്കുന്നവനാ. പരീഷ്ഹാൾ പണിയ്ക്കു ലക്ഷം നാല്പതു വഴിപാടായി തന്നത് ആരെങ്കിലും ചോദിച്ചിട്ടാണോ? നിങ്ങൾ അതുമിതും പറഞ്ഞ് വർക്കി മോനെ വെഷമിപ്പിക്കരുത്. മോനെ അച്ചന് ഫ്രൂട്ടി കിട്ടില്ലാട്ടോ– കട്ടായത്തച്ചൻ സംഭാഷണം കൂൾ ഡൗൺ ഗിയറിലാക്കി.

പെരുന്നാൾ വച്ചൂട്ട് പത്ത്, തിരുമേനിമാർ മേശ രണ്ടര, കൈമുത്ത് മൂന്ന്, (യൂയെസ്സേ, ഗൾഫ് തിരുമേനീസാണെങ്കിൽ പ്ലസ്ടീയേ) പബ്ലിസിറ്റി അഞ്ച്, ട്രാൻസ്പോർട്ടേഷൻ അഞ്ച്, വെടികൊടി തോരണം പത്ത്, ടീവി–പത്രപരസ്യം, പത്ര സമ്മേളനം ആന്റ് നോട്ടീസ് ആന്റ് മൈക്ക് അലർച്ച പത്ത്, പൊതുസമ്മേളനം ആന്റ് വീഐപ്പിട്രീറ്റ് അഞ്ച്, പോലീസ് ആന്റ് മുൻസിപ്പാലിറ്റി ഹോണറേറിയം ഒന്നര, ബാന്റ് മേളം പരിചമുട്ട് കോൽകളി രണ്ട്, നൃത്ത സംഗീത സാമൂഹ്യ നാടകം മൂന്ന്, അല്ലറ ചില്ലറ വട്ടച്ചിലവ് രണ്ട്, ലിസ്റ്റ് അപൂർണ്ണം ഒന്ന്– അഞ്ചാം മുതൽപ്പിടി ബ്ലേഡ് കുഞ്ഞുമോൻ.

ഒരു സംശയം, അദ്ദേഹം ചെയ്ത തെറ്റെന്താണ്?– വർക്കി മിസറബിൾ ഫീലിംഗ്സിലായി.

ആര്? –കട്ടായത്തച്ചൻ ചോദിച്ചു.

ആ മഹാപരിശുദ്ധൻ ചെയ്തതെറ്റെന്താണ്?

# ■ പ്രാർത്ഥന ഒരു സമാന്തര ചികിത്സ

**ഡോ. പി. എം. ചാക്കോ**
**ക്രിസ്തുരാജ് ഹോസ്പിറ്റൽ, വാഴൂർ**



**അ**മേരിക്കയിലെ നാഷണൽ സെന്റർ ഫോർ കോംപ്ലിമെന്ററി ആന്റ് ആൾട്ടർനേറ്റീവ് മെഡിസിൽ പ്രാർത്ഥന ഉന്നതമായ ഒരു ആദ്ധ്യാത്മികശക്തിയോടുള്ള നിവേദനവും, ആ ശക്തിയുമായുള്ള ബന്ധവുമാണെന്നാണ് നിർവ്വചിച്ചിരിക്കുന്നത്. എല്ലാ മതങ്ങളിലും, സംസ്ക്കാരങ്ങളിലും സമൂഹങ്ങളിലും പാരമ്പര്യങ്ങളിലും ഉന്നതമായ ഒരു ശക്തിയുമായുള്ള സമ്പർക്കത്തിൽ അധിഷ്ഠിതമായ ആദ്ധ്യാത്മിക ആചാരങ്ങൾ നിലനില്ക്കുന്നതായി നമുക്ക് കാണാം. കൂടുതൽ ക്രിസ്തീയമായ കാഴ്ചപ്പാടിലാണീ ലേഖനമെഴുതുന്നതെങ്കിലും ഈ പറയുന്ന ഭൂരിപക്ഷം കാര്യങ്ങളും മറ്റ് ആദ്ധ്യാത്മിക പാരമ്പര്യങ്ങൾക്കും, ബാധകമാണെന്ന് നമുക്ക് കണ്ടെത്താനാകും.

### പ്രാർത്ഥനപലതരത്തിലാകാം.

1. **സംഭാഷണരൂപത്തിലുള്ള പ്രാർത്ഥന** -ഇത് ദൈവവുമായിട്ടുള്ള ഒരു വ്യക്തിപര സംഭാഷണമാണ്, വ്യക്തി സകലവിധ ബാഹ്യസ്വാധീനങ്ങളിൽ നിന്നും സ്വയം വേർപെടുത്തി ദൈവത്തോട് നേരിട്ട് തന്റെ ഹൃദയഗതങ്ങൾ പങ്കിടുകയും ആവശ്യങ്ങളും നിവേദനങ്ങളും അറിയിക്കുകയും നിർദ്ദേശങ്ങൾക്കായി കാതോർക്കുകയും അനുഗ്രഹങ്ങൾക്കായി നന്ദി പറയുകയുമാണിവിടെ ചെയ്യുക. ഇവിടെ ബോധതലത്തിൽ നിന്ന് ഉപബോധമനസ്സിന്റെ അനന്തസാദ്ധ്യതകളിലൂടെകടന്ന് പോകുന്നവരുമുണ്ട്. 2. ധ്യാനാത്മകത- ഇത് പ്രത്യേക ആദ്ധ്യാത്മിക വിഷയങ്ങളെടുത്ത് അവയെപ്പറ്റിയുള്ള അഗാധചിന്ത നടത്തുന്ന രീതിയവലംബിക്കുന്നവരുണ്ട്. മറ്റു ചിലർ ചിന്തകളെല്ലാം അകറ്റി നിർത്തി മനസ്സും ശരീരവും സ്വതന്ത്രമാക്കി അതീന്ദ്രിയമണ്ഡലത്തിൽ അലിഞ്ഞു ചേർന്ന് ആനന്ദ നിർവൃതി നേടുന്നു.

**2. ആചാരപരമായ പ്രാർത്ഥന**.ഇതിൽ മുമ്പ് പഠിച്ചുവച്ചിട്ടുള്ളതും എഴുതി വച്ചിട്ടുള്ളതുമായ കാര്യങ്ങൾ ആവർത്തിച്ച് ഉരുവിടുന്നു.

**3.മദ്ധ്യസ്ഥ പ്രാർത്ഥന**

ഈ പ്രാർത്ഥനാ രീതിയിൽ മറ്റൊരു വ്യക്തിക്കുവേണ്ടി മാദ്ധ്യസ്ഥം വഹിച്ചു കൊണ്ട് അലൗകിക ശക്തിയോട് ചില യാചനകൾ നടത്തുകയാണ് ചെയ്യുക.

ഈ അടുത്ത കാലത്ത് പ്രാർത്ഥന ഒരു സമാന്തര ചികിത്സാരീതി ആയി അംഗീകരിക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. ഹാർവാർഡ് മെഡിക്കൽ കൗൺസിൽ നടത്തിയ പഠനത്തിൽ, ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികളിൽ മൂന്നിലൊന്നു ഭാഗം ഡോക്ടർമാരുടെ അറിവു കൂടാതെ ചികിത്സയ്ക്കൊപ്പം തീക്ഷ്ണമായി പ്രാർത്ഥിക്കുക കൂടി ചെയ്യുന്നവരാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

പ്രാർത്ഥനയുടെ പ്രവർത്തന രീതി ഒന്നു വിശകലനം ചെയ്യാം. പ്രാർത്ഥനയിൽ മനസ്സ് ഏകാഗ്രമാക്കുമ്പോൾ പൂർണമായ റിലാക്സേഷൻ ലഭിക്കുന്നതുകൊണ്ട് അതിൽ നിന്നുള്ളവാകുന്ന ഫലങ്ങൾ റിലാക്സേഷന്റെ ഫലങ്ങളാണെന്ന് പറയുന്നവരുണ്ട്. ഏകാഗ്രതയിൽ ധ്യാനിച്ചു പ്രാർത്ഥിക്കുമ്പോൾ ശ്വാസഗതി കുറയുന്നു, ഹൃദയമിടിപ്പിന്റെ വേഗത കുറയുന്നു, രക്തസമ്മർദ്ദം താഴുന്നു, രക്തയോട്ടം കൂടുന്നു. തലച്ചോറിലെ തരംഗങ്ങളുടെ വേഗത്തെ കുറയ്ക്കുന്നു. ഒപ്പം തന്നെ അധികപ്രവർത്തനങ്ങളെ നിർത്തി ശരീരം ശാന്തമാകുന്നു. ധ്യാനം സ്ഥിരമായി അനുഷ്ഠിക്കുന്നവർക്ക് പ്രത്യേക ആത്മീയാനുഭൂതിയുണ്ടാകുകയും മാനസികവും ശാരീരികവുമായ സുഖവും സമാധാനവും അനുഭവപ്പെടുകയും ചെയ്യും. പ്രാർത്ഥന നിശബ്ദമോ ശബ്ദത്തോടു കൂടിയോ ആകാം. രണ്ടിലും തലച്ചേറിന്റെ പ്രവർത്തനം, വളരെ സുക്ഷ്മതയോടെ നാം സംസാരം ശ്രദ്ധിക്കുമ്പോഴുണ്ടാകുന്ന അതേ രീതിയിലാണ്. Byrd എന്ന ഹൃദ്രോഗവിദഗ്ദ്ധൻ 393 രോഗികളിൽ നിന്ന് കുറച്ചു പേരെ പ്രത്യേകം തിരഞ്ഞെടുത്ത് അവരെ രണ്ട് ഗ്രുപ്പാക്കി തരംതിരിച്ചു. ഒരു ഗ്രൂപ്പിന് വേണ്ടി നിരന്തരം പ്രാർത്ഥിക്കാൻ ഒരു പ്രാർത്ഥനാ ഗ്രൂപ്പിനെ ഏല്പിച്ചു മറ്റൊരു ഗ്രൂപ്പിന് യാതൊരു പ്രാർത്ഥനയും ലഭിച്ചില്ല. രണ്ടുപേരെയും ആറുമാസക്കാലത്തിനു ശേഷം നിരീക്ഷിച്ചപ്പോൾ കണ്ട ഫലങ്ങൾ വിസ്മയകരമായിരുന്നു. പ്രാർത്ഥന ലഭിച്ച ഗ്രൂപ്പിലുള്ളവർക്ക് ഹാർട്ട് ഫെയിലിയർ നിരക്ക്, കാർഡിയോ പൾമണറി അറസ്റ്റ്, ന്യൂമോണിയ, ട്യൂബ് ഇടേണ്ട ആവശ്യകത, ഡെയൂറാറ്റിക് മരുന്നുകളുടെ ആവശ്യകത, ആന്റിബയോട്ടിക്സിന്റെ ആവശ്യകത ഇവ തീർത്തും കുറഞ്ഞതായാണ് കാണപ്പെട്ടത്.

പ്രാർത്ഥന ശുഭ വികാരങ്ങളുടെ പ്രകടനമായും കണക്കാക്കാം. പോസിറ്റീവ് ചിന്തകൾ മനസ്സിനെയും ശരീരത്തെയും ശക്തിപ്പെടുത്തുമെന്നും ഉപബോധമനസ്സിന്റെ അനന്തസാദ്ധ്യതകൾ ഉപയോഗിയ്ക്കാൻ അത് കാരണമായി തീരുമെന്നും മനശാസ്ത്രം തെളിയിച്ചിട്ടുണ്ട്. അതിനാൽ ശുഭചിന്തകളുടെ ഫലമായാണ് സുഖം ലഭിയ്ക്കുന്നതെന്നും പറയാനാകും. മക്ഗുളോ പറയുന്നത് പ്രാർത്ഥന തരുന്ന സമാധാനവും സന്തോഷവും എല്ലാ ജീവിത മണ്ഡലങ്ങളിലേക്കും വ്യാപിക്കുമെന്നാണ്. പെർട്ടി എന്ന ശാസ്ത്രജ്ഞയുടെ molecules of emotions എന്ന പഠനത്തിൽ വികാരങ്ങൾ ശരീരത്തെയും മനസ്സിനെയും ഘടിപ്പിക്കുന്ന ഘടകമാണെന്ന് കണ്ടെത്തി. നല്ല വികാരങ്ങൾ ശരീരത്തിനും മനസ്സിനും സ്വസ്ഥത സൃഷ്ടിക്കുവാൻ സഹായിക്കുന്നു. സ്വസ്ഥപൂർണ്ണമായും വിശ്വാസമർപ്പിച്ചു കൊണ്ട് പ്രാർത്ഥിക്കുമ്പോൾ ഉപബോധമനസ്സ് തടസ്സങ്ങളെയൊക്കെ മറികടന്ന് പ്രവർത്തിക്കാൻ തുടങ്ങും. അമേരിക്കയിൽ ഒരു 84 കാരി Polymotor and Sensory Neuropathy യുടെ വേദനകൊണ്ട് പുളയുകയായിരുന്നു. പല ചികിത്സാ രീതികലും ഫലം കാണാതെ വന്നപ്പോൾ സ്വയം തീക്ഷ്ണമായി പ്രാർത്ഥിച്ച് അതിൽ നിന്ന് മോചനം നേടിയെന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

സുവിശേഷകനായ ലൂക്കാ ഒരു ഭിഷഗ്വരനായിരുന്നു. വിശ്വാസവും രോഗശാന്തിയും തമ്മിലുള്ള ബന്ധത്തിന് ഊന്നൽ കൊടുക്കുവാൻ അദ്ദേഹം ശ്രദ്ധ കാണിക്കുന്നുണ്ട്. തന്റെ പരസ്യജീവിത കാലത്ത് യേശു ധാരാളമായി സ്വകാര്യ പ്രാർത്ഥ നടത്തുന്നതായി നാം കാണുന്നു. ഏകാന്തതയിൽ അവിടുന്ന് മണിക്കൂറുകൾ ചിലവഴിക്കുമായിരുന്നു. യാക്കോബിന്റെ ലേഖനം 5:15 ൽ വിശ്വാസത്തോടു കൂടിയ പ്രാർത്ഥന രോഗിയെ സുഖപ്പെടുത്തും. കർത്താവ് അവനെ എഴുന്നേൽപ്പിക്കും എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

ജീവിത മാത്സര്യവും അമിതജോലിയും ഇന്ന് മനുഷ്യന് ഒന്നിനും സമയമില്ലാത്ത ഒരു സാഹചര്യം സൃഷ്ടിച്ചിരിക്കുകയാണ്. ഇന്ന് പ്രാർത്ഥനയും ദിവ്യബലിയിലെ സംബന്ധിക്കലുമൊക്കെ വെറുമൊരു തിരക്കു പിടിച്ച ആചാരം മാത്രമായി ചുരുങ്ങുന്നോ എന്ന് സംശയം തോന്നാറുണ്ട്. കുടുംബബന്ധങ്ങൾ ശിഥിലമാവുന്നു, നിരാശാബോധവും ഉറക്കമില്ലായ്മയും വർദ്ധിക്കുന്നു. അകാലചരമനിരക്ക് വർദ്ധിക്കുന്നു. രോഗികളാകുന്നവരുടെ എണ്ണം പെരുകുന്നു എന്നൊക്കെ നാം ദിനവും മാദ്ധ്യമദ്വാരാ അറിയുന്നു ധ്യാനകേന്ദ്രങ്ങളിലേക്കും കൗൺസലിംഗ് ഓഫീസുകളിലേക്കും പൊറുതിമുട്ടുമ്പോൾ അനാശാസ്യ ആഭിചാര ക്രിയകളിലേക്കും പോലും മനുഷ്യൻ കടന്നു ചെല്ലുന്നു. സ്വകാര്യതയിൽ പ്രാർത്ഥിക്കുവാൻ കൂടുതൽ സമയം കണ്ടെത്തുന്നവർക്ക് തീർച്ചയായും ഇത്തരം ദുരന്തങ്ങളിൽ നിന്ന് രക്ഷ നേടാം. ദിനവും കൂടുതൽ സമയം പ്രാർത്ഥിയ്ക്കാൻ സമയം കണ്ടെത്തിയാൽജീവിത വിജയവും മനസമാധാനവും ഒപ്പം വിശുദ്ധിയും നേടാനാകും. ●

# പരിസ്ഥിതി ദിനം

ജൂൺ അഞ്ച് ലോക പരിസരദിനമായി ആഘോഷിക്കുകയാണ്. പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുവാൻ ലോകമെങ്ങും വിവിധ പരിപാടികൾ നടക്കുന്നയവസരമാണിത്. ഈ വർഷത്തെ പരിസ്ഥിതി ദിനത്തിന്റെ ചിന്താവിഷയമായ ഐക്യരാഷ്ട്ര സഭ പ്രഖ്യാപിച്ചിരിക്കുന്നത്-കാലാവസ്ഥ വ്യതിയാനത്തെ നേരിടുന്നതിന് നിങ്ങളുടെ ഗ്രഹത്തിന് നിങ്ങളെ ആവശ്യമുണ്ടെന്നതാണ്. കാലാവസ്ഥയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ ഈ ഗ്രഹത്തിലെ ജീവന്റെ നിലനില്പിനെത്തന്നെ ബാധിക്കുന്ന തരത്തിലാണ്. ചൂട് ക്രമാതീതമായി കൂടിക്കൊണ്ടിരിക്കുകയാണ്. അപ്രതീക്ഷതമായി കാലവസ്ഥയിൽ വ്യതിയാനങ്ങൾ വരുന്നു. സമുദ്ര നിരപ്പിനു താഴെയുള്ള പ്രദേശങ്ങളും തീരപ്രദേശങ്ങളും വെള്ളത്തിനടിയിലാകുവാനുള്ള സാദ്ധ്യത കൂടി വരുന്നു. ചൂട് കൂടുന്നതനുസരിച്ച് പുതിയ രോഗങ്ങൾ രംഗപ്രവേശം ചെയ്യുകയാണ്. ചൂട് കൂടുന്നതിനാൽ കാർഷിക ഉല്പാദനം കുറയുന്നു. ഈ നൂറ്റാണ്ട് ജീവന്റെ താളം തെറ്റിക്കുമോയെന്ന് ഭയത്തോടെ ശാസ്ത്രസമൂഹം വിക്ഷിച്ചു കൊണ്ടിരിക്കയാണ്.

ഈയൊരു സാഹചര്യത്തിലേക്ക് ഈ ലോകത്തെ എത്തിച്ചത് വികസിത രാജ്യങ്ങളാണ്. വികസനത്തിനും വളർച്ചക്കുവേണ്ടിയുള്ള ഇവരുടെ അത്യാർത്തിമൂലം പരിസ്ഥിതി സംരക്ഷിക്കുവാൻ തയ്യാറാകാതിരുന്നതാണ്. പ്രകൃതി വിഭവങ്ങളെ ക്രമാതീതമായി ചൂഷണം ചെയ്യുകയും, മാലിന്യങ്ങൾ സംസ്കരിക്കാനാവാത്ത രീതിയിൽ ഭൂമിയിൽ നിക്ഷേപിക്കുകയും ചെയ്തതിനാൽ പ്രകൃതിയുടെ താളം തെറ്റിയിരിക്കുകയാണ്. ലോക ജനതയെ മുഴുവനും പ്രതിസന്ധിയിലാക്കിയിട്ട്, അതിന് പരിഹാരം കാണുവാൻ നാമെല്ലാവരും ഒരുമിച്ച് പ്രവർത്തിക്കണമെന്ന് പറയുന്നതിന്റെ യുക്തിയെ ചോദ്യം ചെയ്യപ്പെടേണ്ടതാണ്. ചൂഷണരഹിതമായ വികസനപ്രവർത്തനങ്ങൾ വികസിത രാജ്യങ്ങൾ സ്വീകരിക്കുകയും പരിസ്ഥിതിക്ക് ഉണ്ടായ് കോട്ടത്തിന്റെ ഫലമായി ദുരിതമനുഭവിക്കുന്ന ദരിദ്രജനവിഭാഗത്തിന്റെ വളർച്ചക്ക് സഹായിക്കുവാനും വികസിത രാജ്യങ്ങൾക്ക് കടമയുണ്ടു. അന്താരാഷ്ട്ര ചർച്ചകളിൽ ഈ വിഷയം ഉന്നയിച്ചു വരികയാണ്.

ആഗോള തലത്തിൽ ചിന്തിക്കുമ്പോൾ തന്നെ പ്രായോഗികമായി പ്രാദേശിക തലത്തിൽ എന്തു ചെയ്യാമെന്ന് നാം ആലോചിക്കേണ്ടതുണ്ട്. പ്രകൃതിയിൽ വന്ന മാറ്റങ്ങൾ തിരികെ പൂർവ്വ സ്ഥിതിയിലെത്തിക്കുക പ്രയാസമാണ്. താളം തെറ്റലിനെ തടഞ്ഞു നിർത്തുവാനാകുമോയെന്നുള്ള അന്വേഷണത്തിന് പ്രസക്തിയുണ്ട്. ഏറ്റവും ഫലപ്രദമായ നിർദ്ദേശം വനവൽക്കരണവും മഴക്കുഴികളുടെ നിർമ്മാണവുമാണ്. എത്രയും കൂടുതൽ ചെടികൾ നട്ടു പിടിപ്പിച്ച് ഈ പരിസ്ഥിതി ദിനത്തിൽ നമുക്കും ഭാഗഭാക്കാകാം. ഭൂമിയിൽ പച്ചപ്പ് വർദ്ധിക്കുന്നതോടെ ചൂട് ഒരു പരിധി വരെ കുറയും. ഐക്യരാഷ്ട്ര സഭയും ഈയോരാഹ്വാനം ലോകത്തിന് നല്കിയിരിക്കുകയാണ്. രണ്ടാമത് മഴക്കുഴികൾ നിർമ്മിക്കുകയെന്നതാണ്. ചൂട് കൂടുമ്പോൾ ഭൂമിയിൽ ജലാംശം കുറയും. മണ്ണിലെ സൂക്ഷ്മജീവികൾ ചാവുന്നതോടെ മരുവൽക്കരണം ആരംഭിക്കുകയായി. ഇത് ഗുരുതരമായ ഒരു പ്രശ്നമായി നാം കാണണം. അതോടോപ്പം കുടിവെള്ള ക്ഷാമം കൂടിവരികയാണ്. നമ്മുടെ പുരയിടത്തിലും മേൽക്കൂരയിലും വീഴുന്ന മഴവെള്ളം ഒഴുകി പോകാതെ അവിടെ ത്തന്നെ താഴ്ത്തുവാൻ ശ്രമിക്കുന്നതിലൂടെ പരിസ്ഥിതിയെ സംരക്ഷിക്കുവാൻ നമ്മുക്ക് ചെയ്യാവുന്ന ഏറ്റവും വലിയ കാര്യമായിരിക്കും. ആഗോളതലത്തിൽ ചിന്തിക്കുന്നതോടൊപ്പം പ്രാദേശിക തലത്തിൽ നമുക്ക് ചെയ്യാവുന്നത് ചെയ്തും നമുക്ക് ഈ പരിസ്ഥിതി ദിനം സമുചിതമായ ആചരിക്കാം

**ഡോ.മാത്യുകോശി പുന്നയ്ക്കാട്**

## കോലും കരടും

ളിൽ എന്നും വഴക്കുണ്ടാക്കും. മുഴുവൻ കുറ്റം മറ്റുള്ളവരുടെയാണ് എന്ന് വിചാരിച്ചുകൊണ്ട് സ്ഥിരം വഴക്കുണ്ടാക്കുന്നു. അവർ സ്ഥാപനങ്ങളിൽ എന്നും പ്രശ്നക്കാരാണ്.

സൂസിടീച്ചർ അവർ താമസിക്കുന്ന ലെയിനിലുള്ളവരുമായി യാതൊരു സംസാരത്തിനും പോകാറില്ല. മറ്റുള്ളവരെല്ലാം പ്രശ്നക്കാരാണ്. സ്വന്തം മകൻ പ്രശ്നക്കാരായതിന്റെ കാരണം സ്വന്തക്കാരും നാട്ടുകാരും ആണെന്ന് ഉറച്ച് വിശ്വസിക്കുന്ന ആളാണ് അവർ. ഈ വിശ്വാസത്തിന് ഒരു മാറ്റം അവർ വരുത്തിയിട്ടില്ല.അതു കൊണ്ട് ഇന്നും ഒരു ഒറ്റയാനായി അവർ അവരുടെ ലെയിനിൽ താമസിക്കുന്നു. അതായത് സ്വയം നശിച്ചു കൊണ്ടിരിക്കുന്നു. നമ്മളിൽ പലരുടെയും സ്ഥിതി ഇതാണ്.

ബസ്സിലെ കണ്ടക്ടർ ടിക്കറ്റ് തരുമ്പോൾ താങ്ക്സ് പറയാറുണ്ടോ? എന്ന് ഒരു ക്ലാസ്സിലെ വിദ്യാർത്ഥികളോട് ചോദിച്ചു. കാശ് കൊടുത്താണ് ടിക്കറ്റ് വാങ്ങിക്കുന്നത്. പിന്നെന്തിന് താങ്ക്സ് പറയണം ഇതാണ് കുട്ടികളുടെ പ്രതികരണം. കണ്ടക്ടേഴ്സ് എല്ലാം വെറും അലവലാതികൾ ഇതാണ് പലരുടെയും പ്രതികരണം.

**കണ്ടക്ടർ ചെയ്യുന്ന പണിയുടെ വൈഷമ്യങ്ങളിലേക്ക് നാം ഇറങ്ങിചെല്ലാറില്ല. കണ്ടക്ടറെ ഒരു മുശേട്ടയാക്കിയത് ഞാനും നിങ്ങളുമാണ്. സംശയമില്ല. ടിക്കറ്റ് കിട്ടുമ്പോൾ പുഞ്ചിരിച്ച് കൊണ്ട് ഒരു നന്ദി പറഞ്ഞാൽ അയാളുടെ സന്തോഷവും സംതൃപ്തിയും എന്താണെന്നാണ് അനുഭവിച്ചറിയാം.** ഈ നന്ദി പറച്ചിൽ അയാളിലെ സ്നേഹത്തെയും നന്മയെയും തൊട്ടുണർത്തിക്കൊണ്ടിരിക്കും. നാം സാധാരണ ചെയ്യുന്നത് മറ്റുള്ളവരിലെ തിന്മയെ നിരന്തരം പ്രത്യക്ഷമായും പരോക്ഷമായും അറിഞ്ഞും അറിയാതെയും ചൊറിഞ്ഞുകൊണ്ടിരിക്കുന്നതാണ്. ഇവിടെ പ്രശ്നങ്ങൾ ഗുരുതരമാകും. ബന്ധങ്ങൾ ശിഥിലമാകും.

'എന്താ എന്റെ പ്രശ്നം', 'ഞാൻ ഉത്തരവാദിയാണോ', 'ഞാനാരാണ്', 'എവിടെ ഞാൻ പരാജയപ്പെട്ടു', 'ഞാൻ എന്തുചെയ്യണം' തുടങ്ങിയ ധാരാളം ചോദ്യങ്ങൾ ചോദിച്ച് സ്വയം അവലോകനം ചെയ്യപ്പെടണം. അപ്പോൾ നാം സ്വന്തം കണ്ണിലെ കോൽ കണ്ടെത്തണം. പിന്നെ അമ്മായി അമ്മയുടെ അല്ലെങ്കിൽ ഭർത്താവിന്റെ തുടങ്ങി മറ്റുള്ളവരുടെ കണ്ണിലെ കരട് നമുക്ക് വ്യക്തമായി കാണാൻ സാധിക്കും. മറ്റുള്ളവരുടെ കണ്ണിലെ കരട് കാണാൻ വയ്യാത്തതാണ്, നമ്മുടെ കാതലായ പ്രശ്നം. ഇത് പറയാൻ എളുപ്പമാണ്. പക്ഷെ പ്രാവർത്തികമാക്കാൻ പലരും വിഷമിക്കുന്നു. ഈ കോലും കരടും കണ്ടെത്തലാണ് ജീവിതം ധന്യമാക്കുന്നതിന്റെ താക്കോൽ.

# കേരളത്തിലെ ഭാഷാ ന്യൂനപക്ഷങ്ങൾ

**പോൾ മണലിൽ**
**മാതൃഭൂമി ബുക്സ്, കോഴിക്കോട്, വില : 170 രൂപ**

കേരളത്തിൽ നൂറ്റാണ്ടുകളായി അധിവസിച്ചു പോരുന്ന വിവിധ ഭാഷാന്യൂനപക്ഷങ്ങളുടെ സാമൂഹിക ചരിത്രമാണ് പോൾ മണലിൽ രചിച്ച കേരളത്തിലെ ഭാഷാ ന്യൂനപക്ഷങ്ങൾ. മികച്ച വൈജ്ഞാനിക ഗ്രന്ഥത്തിനുള്ള കേരളസാഹിത്യ അക്കാദമി അവാർഡ് നേടിയ ഈ ഗ്രന്ഥം, എഴുതപ്പെടാത്ത ഏടുകൾക്കാധാരമായ സാമൂഹിക ചരിത്രമേഖലയെ തികഞ്ഞ ചരിത്രബോധത്തോടും കൃത്യമായ സ്ഥിതിവിവരക്കണക്കുകളുടെ പിൻബലത്തോടും കൂടി അപഗ്രഥിക്കുന്നു. ഈ പഠനം കേരളത്തിന്റെ സാംസ്ക്കാരിക വൈവിദ്ധ്യത്തിന് ഭാഷാന്യൂനപക്ഷങ്ങൾ നൽകിയ സംഭാവനകളെ സമഗ്രമായി വിലയിരുത്തുന്ന പ്രഥമസംരംഭം കൂടിയാണ്. ദേശികൾ പരദേശികളായതു പോലെ പരദേശികൾ ദേശികളായ ചരിത്രമാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കമെന്ന് കേരളം കേരളീയരുടെ മാതൃഭൂമി എന്ന പ്രഥമാധ്യായത്തിൽ ഗ്രന്ഥകാരൻ രേഖപ്പെടുത്തിയിരിക്കുന്നു. വ്യത്യസ്ത ഭാഷാഗോത്രങ്ങളിൽപ്പെടുന്ന ഇരുപത്തിയഞ്ചിലധികം സമൂഹങ്ങൾ കേരളത്തെ മാതൃഭൂമിയായി സ്വീകരിച്ച് ഇവിടെ അധിവസിക്കുന്നുണ്ട്. ഈ ഗണത്തിൽപെടുന്ന ആംഗ്ലോ-ഇന്ത്യൻ സമൂഹം, കൊങ്കണികൾ, ഗുജറാത്തികൾ, യഹൂദർ, ഫ്രഞ്ച് മലയാളികൾ എന്നിവരെപ്പറ്റി ഈ കൃതി സവിസ്തരം പ്രതിപാദിക്കുന്നു.

ഭാഷാന്യൂനപക്ഷങ്ങളുടെ ഉത്ഭവം, സാമൂഹികാവസ്ഥ, സാംസ്ക്കാരിക സവിശേഷതകളും സംഭാവനകളും തുടങ്ങി സമകാലാവസ്ഥയുടെ സ്ഥിതി വിവരങ്ങൾ വരെ വസ്തുനിഷ്ഠമായി അവതരിപ്പിക്കുന്നതിൽ ഗ്രന്ഥകാരൻ കൃതഹസ്തനാണ്. സാംസ്ക്കാരിക സവിശേഷതകൾ പ്രതിപാദിക്കുമ്പോൾ ഭക്ഷണരീതി, ഭാഷാ പ്രത്യേകതകൾ, വാസ്തുവിദ്യ, കൃഷി, കലകൾ, സമ്പദ് വ്യവസ്ഥ, ആചാരങ്ങൾ എന്നിവയെപ്പറ്റി വിശകലനം ചെയ്തിരിക്കുന്നു.

പാശ്ചാത്യ അധിനിവേശഫലമായി രൂപം കൊണ്ട ആംഗ്ലോഇന്ത്യൻ സമൂഹത്തെ, പാശ്ചാത്യരാൽ ഉപേക്ഷിക്കപ്പെടുകയും പൗരസ്ത്യരാൽ അവഗണിക്കപ്പെടുകയും ചെയ്തവരെന്നാണ് വിലയിരുത്തിയിരിക്കുന്നത്. വാസ്കോഡഗാമയുടെ കേരളാഗമത്തോടെ ആരംഭിച്ച പോർട്ടിഗീസ്, ഡച്ച്, ഫ്രഞ്ച്, ഇംഗ്ലീഷ് അധിനിവേശങ്ങൾ കൊണ്ട് സൃഷ്ടിക്കപ്പെട്ട ഈ സങ്കരവർഗ്ഗത്തെ ലഭ്യമായ ചരിത്ര വസ്തുതകളുടെ സഹായത്തോടെ ആംഗ്ലോ ഇന്ത്യൻ സമൂഹം എന്ന പ്രബന്ധത്തിൽ അപഗ്രഥിച്ചിരിക്കുന്നു.

കൊങ്കൺ തീരത്തു നിന്ന് കേരളത്തിലെത്തിയ കൊങ്കണികൾ സ്വന്തം സംസ്ക്കാരം കാത്തു സൂക്ഷിക്കുന്നതിൽ പുലർത്തുന്ന ശ്രദ്ധയും, സ്വാതന്ത്ര്യസമരത്തിൽ വഹിച്ച പങ്കും ദീർഘകാലം ആക്രമണങ്ങൾക്കും പലായനങ്ങൾക്കും വിധേയരായ ഇവരുടെ സാഹിത്യ സേവനങ്ങളുമാണ് തുടർന്നുള്ള ലേഖനത്തിനാധാരം.

ജൈനമതകാലം മുതൽ കേരളത്തിലെത്തിത്തുടങ്ങിയ ഗുജറാത്തികൾ വാണിജ്യ രംഗത്തു പുലർത്തുന്ന നിപുണതയും അവരുടെ വിവാഹസവിശേഷതകളുമാണ് ഗുജറാത്തികൾ എന്ന പ്രബന്ധത്തിന്റെ പ്രധാന ആകർഷണം. കേരളത്തിലാദ്യമായി ഒരു മതസമൂഹമെന്ന നിലയിൽ കുടിയേറിയ യഹൂദരുടെ ബൈതൃകവും വംശീയവുമായ കലർപ്പു കൂടാതെയുള്ള ജീവിതവും അവരുടെ സവിശേഷതകളായി വിശദമാക്കുന്നു.

മലയാളം മാതൃഭാഷയായി സ്വീകരിച്ച് ഫ്രഞ്ച് കോളനിയായ മയ്യഴിയിൽ കുടിപാർത്തു വരുന്ന ഫ്രഞ്ച് പൗരന്മാരുടെ സാമൂഹിക ചരിത്രമാണ് ഫ്രഞ്ച് മലയാളികൾ. ഭാഷാ ന്യൂനപക്ഷ സമൂഹങ്ങളിലെ ഭൂരിപക്ഷം വരുന്ന തമിഴരുടെ ജീവിതവും സംസ്ക്കാരവുമാണ് ഉപസംഹാര പ്രബന്ധത്തിന്റെ ഉള്ളടക്കം.

കേരളത്തെ മാതൃഭൂമിയായി കരുതുന്ന പഴ്സി, ചീനർ, ബംഗാളി, നേപ്പാളി, ഉറുദു, മറാഠി, മാർവാഡി, സിഖ് വംശജരെപ്പറ്റി ഗ്രന്ഥകാരൻ നടത്തുന്ന ലഘുസൂചനകൾ തുടർഗവേഷണത്തിനുള്ള മേഖലകളാണ്. കേരളത്തിന്റെ സുപ്രധാന ചരിത്രമുഹൂർത്തങ്ങളും പ്രശസ്ത വ്യക്തികളുടെ തൂലികാ ചിത്രങ്ങളും ഭാഷാന്യൂനപക്ഷങ്ങളെപ്പറ്റിയുള്ള പഠനത്തിന്റെ ഭാഗമായി ഈ കൃതിയിൽ പ്രത്യക്ഷപ്പെടുന്നു.

## Where is Thy String


**Prof. Anna Verghis**



This is a brilliant pectic expression of the existential angst of the 'empty -nest' syndrome, the frustrations, dis illusionment, agony experienced during the five years nursing her bed -ridden husband and her ardence faith in God, who was the only source of comfort in her turnoils. Her poems are not just reflections on death and dying but also homage to her alma mater, reflections on the throw-away culture and greedy willura mind set of the present generation. The inner secrets of marital bliss, the value of everlasting things, obligations of children, nostalgic memories of her childhood days and a require for hygiene timed.

## Lifelines from the Cross

**M.J.Jacob**




Sri.M.J.Jacob's Lifelines from the Cross, is a distillation of his life-long meditations on the power and glory of the cross. The book is an in-depth study of the crucification and its significance for fallen humanity with its focus on the seven words of the Cross. Though a detailed discussion on the seven words of the cross, the autlor highlights the Cross as the symbol of the amazing love of God, the centre piicer of salvation and the life line for suffereing humanity

# സൗഹൃദത്തിന്റെ മനഃശാസ്ത്രമാനങ്ങൾ

**റവ. ഡാനിയേൽ മാമ്മൻ**
**ക്ലിനിക്കൽ പാസ്റ്ററൽ കൗൺസിലർ**



**ലോ**യ്ഡ് ഡി ഡഗ്ലസ് എഴുതിയ പ്രശസ്തമായ ഒരു നോവലാണ് 'ദ മാഗ്നിഫിസന്റ് ഒബ്സഷൻ' (The Magnificent Obsession) അതിൽ സൗഹൃദ ബന്ധങ്ങളെക്കുറിച്ച് അദ്ദേഹം പരാമർശിക്കുന്നു. രണ്ടു വ്യക്തികൾ പരസ്പരം ഇടപെടുമ്പോൾ അവരുടെ വ്യക്തിത്വങ്ങൾ അൽപാൽപം പങ്കുവെക്കുകയാണ് ചെയ്യുക. അങ്ങനെ ചെയ്യുമ്പോഴാണ് ആ ഇടപെടൽ ഒരു സൗഹൃദമായി വളരുന്നത്. 'എന്റെ വ്യക്തിത്വത്തിന്റെ അംശം എന്റെ സുഹൃത്തിൽ ഉള്ളതുകൊണ്ടാണ്, ആ സുഹൃത്തിന്റെ സാന്നിധ്യം എന്നെ സന്തോഷവാനാക്കുന്നത്. ആ വ്യക്തിയോടുകൂടെയായിരിക്കുമ്പോൾ എന്റെ തന്നെ വ്യക്തിത്വത്തിന്റെ പൂർണ്ണതയാണു ഞാൻ അനുഭവിക്കുന്നതത്. ഒരു സൗഹൃദബന്ധം തകരുമ്പോൾ – വ്യകതികൾ തമ്മിൽ അകലുമ്പോൾ അത് അവരിൽ ദുഃഖമുളവാക്കുന്നതും അപരനിലെ സ്വന്തം വ്യക്തിത്വത്തിന്റെ നഷ്ടം മൂലമാണെന്നും ഡഗ്ലസ് വിവരിക്കുന്നു.

### സൗഹൃദത്തിന്റെ ആരംഭം

ആദ്യ ജീവകോശത്തിന്റെ ഉത്ഭവം മുതൽ ദീർഘകാലം യാത്ര ചെയ്താണ് മനുഷ്യൻ എന്ന ആധുനിക ജീവിയിൽ പരിണാമം എത്തി നിൽക്കുക. യുഗങ്ങൾ നീണ്ട ഈ പരിണാമ പർവത്തിനിടയിൽ എവിടെവെച്ചാണ് സൗഹൃദം എന്ന പ്രത്യേകതയാർന്ന ബന്ധം ഉടലെടുത്തത്?

വേട്ടയാടിയും വേട്ടയാടപ്പെട്ടും കഴിഞ്ഞു പോന്ന ജീവിവർഗം ആരംഭകാലം മുതൽ തന്നെ പരസ്പരാശ്രയത്വത്തിന്റെ ആവശ്യകത മനസിലാക്കിയിരുന്നു എന്നു വേണം അനുമാനിക്കാൻ. ഒറ്റക്കായിരിക്കാനും ഒറ്റക്ക് ആസ്വദിക്കാനുമുള്ള സ്വാർത്ഥതയാണ് പ്രകൃതിദത്തമെന്നു പറയാവുന്നത്. അതിനെ മറികടന്ന്, സമൂഹമായി ജീവിക്കാനും ഇരതേടാനും ഉദ്യമിച്ചു മൃഗങ്ങൾ. ഇവിടെയും സ്വാർത്ഥത ഒഴിവാക്കുന്നില്ല. തനിച്ചായാൽ ഉണ്ടാകാവുന്ന അപകടങ്ങളെ ഒഴിവാക്കാനും കൂട്ടമായി നടന്നാൽ ലഭിക്കുന്ന അധിക സുരക്ഷിതത്വവും അധിക സൗകര്യങ്ങളും മനസിലാക്കിയുമാവണം ഈ കൂട്ടായ ജീവിതം ജന്തുവർഗങ്ങൾ തന്നെ ആരംഭിച്ചത്. അതിനുവേണ്ടി സ്വകാര്യ സുഖങ്ങൾ ഒരു പരിധിവരെയെങ്കിലും ത്യജക്കാനും സൗകര്യങ്ങൾ പങ്കുവെക്കാനും അവ തയാറായി.

മൃഗങ്ങൾ സൗകര്യാർത്ഥമാരംഭിച്ച ഈ കൂട്ടായ്മ പരിണാമപ്രക്രിയയിൽ മനുഷ്യനിലേക്കും പകർന്നു. അതുകൊണ്ട് സൗഹൃദത്തിന്റെ ആദ്യപാഠങ്ങൾ ഈ പരസ്പരാശ്രയമാണെന്നു പറഞ്ഞാൽ തെറ്റില്ല. ഒന്നിച്ചു വസിക്കുകയും വേട്ടയാടുകയും ചെയ്യുന്നതാണ് തനിയെ കഴിയുന്നതിലും മെച്ചമെന്ന് മനുഷ്യൻ മനസിലാക്കിയിടത്ത് സൗഹൃദത്തിന്റെ മനഃശാസ്ത്രമാനം ആരംഭിക്കുകയായി.

ക്യാമ്പിൽ ഒന്നിച്ചു കഴിയുന്ന പട്ടാളക്കാർ ഒരാൾ അൽപം സൂക്ഷ്മതക്കുറവ് കാണിച്ചാൽ മതി എല്ലാവരുടെയും ജീവൻ നഷ്ടമാകാൻ. ആ ക്യാമ്പിലെ ഓരോരുത്തരുടെയും ജീവൻ അവർക്കൊക്കെ പ്രധാനപ്പെട്ടതാണ്. യുദ്ധം തീരുന്നതുവരെ തുടരേണ്ട ഒരു സഹകരണമനോഭാവമാണിത്. പക്ഷേ, അവരിൽ ചിലരുടെയൊക്കെ പരസ്പരമുള്ള ബന്ധം ഈ സ്വാർത്ഥ പ്രേരിതമായ പരസ്പരാശ്രയത്വത്തിനുപരിയായി വളരുന്നു. ഈ ബന്ധം അവരുടെ മനസിനെയും വികാരങ്ങളെയും സ്വാധീനിക്കുന്നു. മൃഗങ്ങൾക്കിടയിലുള്ള അവരുടെ ബന്ധത്തിൽ നിന്ന് മനുഷ്യന്റെ ബന്ധം ഉയർച്ചനേടുന്നതിവിടെയാണ്. യുദ്ധം കഴിഞ്ഞ് നാട്ടിലെത്തിയാലും അവർ പരസ്പരം കാണുന്നു. അന്വേഷിക്കുന്നു. നിലനിൽപിനുവേണ്ടി ആരംഭിച്ച കൂട്ടികെട്ട് ഇവിടെ സൗഹൃദത്തിന്റെ മാനങ്ങളിലേക്കു വളരുന്നു.

ഇത് ഒരു പട്ടാളക്യാമ്പിൽ മാത്രം സംഭവിക്കാവുന്ന കാര്യമല്ല. മനുഷ്യൻ സമൂഹജീവിയായി വസിക്കാൻ തുടങ്ങിയപ്പോൾ മുതൽ ഇത്തരം വ്യക്തി ബന്ധങ്ങൾ അവന്റെ മനസിനെയും വികാരങ്ങളെയും സ്വാധീനിക്കാൻ തുടങ്ങി. വൈകാതെ മനുഷ്യന്റെ മാനസിക വളർച്ചയിൽ ഒഴിവാക്കാനാകാത്ത ഒന്നായി മാറി ഇത്തരം ബന്ധങ്ങൾ. ചാർലിയുടെ കഥ സൂചിപ്പിക്കുന്നതിതാണ്.

തികച്ചും ഏകാന്തത നിറഞ്ഞതായിരുന്നു ചാർലിയുടെ ജീവിതം. ഓർമ്മവെച്ച കാലം മുതൽ അയാൾ ഒറ്റക്കാണ്. അയാളെ സ്നേഹിക്കാനോ അന്വേഷിക്കാനോ ആരുമില്ല. ചാർലിക്കും ഒരുപക്ഷേ, അതൊരു ആവശ്യമായി തോന്നിയിരുന്നില്ല, ചെറുപ്പത്തിന്റെ ആവേശത്തിൽ. ജോലി ചെയ്ത് ആവശ്യത്തിലേറെ പണം സമ്പാദിച്ചു. കൂട്ടുകാർ ധാരളമായെത്തി. പക്ഷേ, ഒക്കെ പൊയ്മുഖങ്ങളായിരുന്നു. അവരെയൊക്കെ അയാൾ തിരസ്കരിച്ചു. തുടർന്നു വന്ന ഏകാന്തത ചാർലിക്കു താങ്ങാനായില്ല. അയാൾ അഭയം കണ്ടെത്തിയതു മദ്യത്തിലും.

ചാർലിയുടെ വീടിനടുത്ത് ഒരു വിധവയും കുട്ടികളും താമസത്തിനെത്തിയതും ആയിടക്കാണ്. ശൈശവത്തിന്റെ നിഷ്കളങ്കതയിൽ ചാർലിയുടെ വീട്ടിലേക്കു കയറിചെന്ന ആ കുട്ടികൾ അയാളെ വല്ലാതെ സ്വാധീനിച്ചു. അവരോടൊപ്പം അയാൾ കളിച്ചുല്ലസിച്ചു. അയാളുടെ കാന്തത മാറി. ചാർലി മദ്യപാനം ഉപേക്ഷിച്ചു. ഏകാന്തമായ ജീവിതം ചാർലിയെ തകർച്ചയിലേക്കു നയിക്കുകയായിരുന്നു. വിധവയുടെ കുട്ടികളുമായും സാവധാനത്തിൽ അവരുടെ അമ്മയുമായും ആരംഭിച്ച സൗഹൃദം അയാളെ ഒരു പുതിയ ജീവിതത്തിലേക്കു നയിച്ചു. ആ സൗഹൃദബന്ധം സ്ഥാപിക്കാൻ കഴിഞ്ഞിരുന്നില്ലെങ്കിൽ ഏകാന്തത അയാളെ കൊന്നുകളഞ്ഞേനെ. അതേ, കൊല്ലപ്പെടാതിരിക്കാൻ വേണ്ടി നാം സൗഹൃദം സ്ഥാപിക്കുന്നു.

### കുടുംബത്തിലെ സൗഹൃദം

സൗഹൃദം കുടുംബത്തിലാണ് തുടങ്ങേണ്ടത്. എന്നാൽ മാതാപിതാക്കൾ സുഹൃത്തുക്കളായി വർത്തക്കേണ്ടവരല്ല എന്നു നമുക്കറിയാം. അവർ അധികാരികളാകേണ്ടതുണ്ട്. പക്ഷേ, നല്ല മാതാപിതാക്കൾക്കറിയാം മക്കളുമായുള്ള സൗഹൃദത്തിനു ഭംഗം വരുത്താതെ തന്നെ അധികാരം പ്രയോഗിക്കേണ്ടത് എങ്ങനെയാണെന്ന്. വാസ്തവത്തിൽ നിങ്ങളുടെ ഏതാഗ്രഹവും സാധിച്ചു തന്നുകൊണ്ട്, എപ്പോഴും നിങ്ങളെ ഓമനിച്ചുകൊണ്ടായിരുന്നു അവരുടെ പെരുമാറ്റമെങ്കിൽ അവർ നിങ്ങളുടെ സുഹൃത്തുക്കളായിരുന്നിട്ടേയില്ല. എങ്കിലും ചില നിമിഷങ്ങളിലെങ്കിലും നിങ്ങൾക്കു തോന്നിയിരിക്കും, നിങ്ങളുടെ ഏറ്റവും നല്ല സുഹൃത്തുക്കൾ മാതാപിതാക്കളാണെന്ന്. ചില നേരങ്ങളിൽ അവർ നിങ്ങൾക്കു മുന്നിൽ പുറംതിരിഞ്ഞെങ്കിൽ അത് നിങ്ങൾ കുടുംബത്തിനു പുറത്തു സൗഹൃദം അന്വേഷിക്കുന്നതിനും നേടുന്നതിനും വേണ്ടിയായിരുന്നു.

പ്രശസ്ത സാഹിത്യകാരൻ റോബർട്ട് ലൂയീസ് സ്റ്റീവൻസൺ തന്റെ ചെറുപ്പകാലത്തെ ഒരനുഭവം വിവരിക്കുന്നത് ശ്രദ്ധാർഹമാണ്. മകന്റെ കാര്യത്തിൽ അതീവ ശ്രദ്ധാലുക്കളായിരുന്നു

റോബർട്ടിന്റെ മാതാപിതാക്കൾ. എപ്പോഴും മാതാപിതാക്കളോടൊപ്പമായിരുന്ന ആ ബാലൻ, അവർ തന്റെ മാത്രം സുഹൃത്തുക്കളാണെന്നു വിശ്വസിച്ചുപോന്നു. ആ സൗഹൃദം അവനു സന്തോഷകരമായിരുന്നു.

വേനൽക്കാലത്തെ ഒരു വൈകുന്നേരം പതിവുപോലെ ഉറങ്ങാൻ പോയ സ്റ്റീവൻസൺ കുറച്ചു കഴിഞ്ഞപ്പോൾ ഉറക്കം വരാതെ പ്രധാന മുറിയിലേക്കു തിരിച്ചു വന്നു. അവിടെ അവന്റെ അമ്മ കൂട്ടുകാരോടൊത്ത് സംസാരിച്ച് ചിരിച്ചു രസിക്കുന്നതാണവൻ കണ്ടത്. അമ്മക്ക് താൻ മാത്രമല്ല സുഹൃത്തെന്ന് അവനു മനസിലായി. അമ്മയെ മാത്രം ആശ്രയിച്ചാൽ പോരാ, വേറെ സുഹൃത്തുക്കളെയും കണ്ടെത്തണം എന്ന പാഠവും അവനന്നു പഠിച്ചു. ആ രാത്രി സ്റ്റീവൻസണിനു ദുഃസ്വപ്നങ്ങളുടെ രാത്രിയായിരുന്നു. പക്ഷേ അവനന്നു പഠിച്ചത് വലിയൊരു പാഠമാണ്.

സൗഹൃദം കുടുംബത്തിൽ തുടങ്ങണം; പക്ഷേ കുടുംബത്തിലൊതുങ്ങരുത്.

## സുഹൃത്തിൽ അനാവൃതമാകുന്ന ലോകം

ലോകത്ത് നാണയങ്ങളില്ലാതിരുന്ന ഒരു കാലമുണ്ടായിരുന്നു. രൂപ പൈസ കണക്കിലല്ല അന്ന് ആളുകൾ വസ്തുക്കളുടെ വില നിശ്ചയിച്ചിരുന്നത്. അരി ആവശ്യത്തിലധികം ഉൽപാദിപ്പിക്കുന്നവൻ മിച്ചമുള്ളത് മറ്റാർക്കെങ്കിലും നൽകാൻ തയാറാണ്. പച്ചക്കറി ഉൽപാദിപ്പിക്കുന്നവനും വസ്ത്രമുണ്ടാക്കുന്നവനുമൊക്കെ ഇപ്രകാരം അവനവന്റെ ആവശ്യത്തിനു ശേഷമുള്ളവ നൽകാൻ തയാറാണ്. അവർ പരസ്പരം പങ്കുവെക്കുന്നു. അരിക്കു പകരം പച്ചക്കറികൾ, പാലിനു പകരം ഒരു ഷർട്ട് – എല്ലാവർക്കും ആവശ്യമുള്ളവ ലഭിക്കുന്നു. ഒന്നും പാഴായിപ്പോകുന്നുമില്ല – പങ്കുവെക്കലിന്റെ ഫിലോസഫി.

സുഹൃത്തിലൂടെ ഒരുവനു മുന്നിൽ അനാവൃതമാകുന്ന വിശാമായ ലോകം അനുഭവങ്ങളുടെയും അറിവിന്റെയും ആ പങ്കുവെക്കലിന്റെ, ഫിലോസഫിക്കുമുപരിയാണ്. ആ വിശാലമായ സൗഹൃദലോകത്തിന്റെ അടിസ്ഥാനം പരസ്പരവിശ്വാസം തന്നെ. ഈ പങ്കുവെക്കലിൽ പങ്കാളി തന്നെ ചതിക്കുകയില്ലെന്ന വിശ്വാസം. ലോകത്തെക്കുറിച്ചുള്ള തന്റെ കാഴചപ്പാടിന്റെ നല്ലൊരു പങ്കും രുപപ്പെടുന്നത് ആ വ്യക്തിയിലൂടെയാണ്. അതുകൊണ്ട് തന്റെ സുഹൃത്ത് എനിക്കൊരു പ്രധാനപ്പെട്ട വ്യക്തിയാണ്.

എന്റെ സുഹൃത്ത് എന്റെ മനഃസാക്ഷിയുടെ സൂക്ഷിപ്പുകാരനാണ്. പുറംലോകത്തിനജ്ഞാതമായ എന്നെ സംബന്ധിച്ച പല കാര്യങ്ങളും സുഹൃത്തിനോടു പറയാൻ ഞാൻ സന്നദ്ധനാണ്. എന്റെ രഹസ്യങ്ങൾ ഞാൻ അയാളുമായി പങ്കുവെക്കുമ്പോൾ എന്നെത്തന്നെ അയാൾക്കു മുന്നിൽ തുറക്കുകയാണു ഞാൻ ചെയ്യുക. എനിക്ക് ആ സുഹൃത്തിലുള്ള വിശ്വാസത്തിന്റെ പേരിൽ ഏതു പ്രതിസന്ധിയെയും അഭിമുഖീകരിക്കുവാനും ഞാൻ സന്നദ്ധനാണു താനും.

നിങ്ങളുടെ പ്രശ്നങ്ങൾ സുഹൃത്തുമായി പങ്കുവെക്കുക, അയാൾ തരുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കുക. ഒരുപക്ഷേ, നിങ്ങൾതന്നെ നേരത്തേ ആലോചിച്ചു നോക്കി തള്ളിക്കളഞ്ഞ ഒരു പരിഹാരമാർഗമായിരിക്കും അയാൾക്കു നിർദ്ദേശിക്കാനുണ്ടാവുക. ആ പരിഹാരമാർഗം വിജയകരമായിരിക്കുമെന്ന ബോധ്യം ഇല്ലാത്തതുകൊണ്ടാണ് ഒരിക്കൽ നിങ്ങളത് തിരസ്കരിച്ചത്. പക്ഷേ ഇപ്പോൾ നിങ്ങളുടെ സുഹൃത്ത് അതേ പരിഹാരമാർഗം നിർദ്ദേശിക്കുമ്പോൾ അത് അനുസരിക്കാനും പരീക്ഷിച്ചു നോക്കാനും നിങ്ങൾ തയാറാകുന്നു. സുഹൃത്തിനെ ഒരാൾ എത്രയേറെ വിശ്വസിക്കുന്നു, എത്രകാര്യമായി പരിഗണിക്കുന്നു എന്നതിന് ഉത്തമ ഉദാഹരണമാണിത്. ഒരു നല്ല സുഹൃത്തുമായുള്ള ബന്ധം നമ്മുടെ ജീവിതവീക്ഷണം തന്നെ മാറ്റിയെന്നു വരാം.

സുഹൃത്തുതരുന്ന കാഴ്ചപ്പാടിലൂടെ നോക്കുമ്പോൾ ഞാൻ കാണുന്നത് പുതിയൊരു ലോകമാണ്. ലോകത്തിന്റെ നിരാശാജനകമായ മുഖംമാത്രം കണ്ട എനിക്ക് എന്റെ സുഹൃത്ത് കാണിച്ചു തരുന്നത് സൗഹൃദം നിറഞ്ഞ ലോകമാണ്.

## സൗഹൃദം ഒരു വാസന

യേശു പറഞ്ഞ ഒരുപമയുണ്ട് – ധൂർത്തപുത്രന്റെ കഥ. അപ്പന്റെ കൈയിൽ നിന്ന് സ്വത്തിന്റെ വീതം വാങ്ങി, സ്വന്തം ജീവിതവും താങ്ങി അവൻ യാത്രയായി. കൈയിൽ ഇഷ്ടംപോലെ പണം. കൂട്ടുകാരെ കിട്ടിൻ പ്രയാസമുണ്ടായില്ല. തീറ്റി, കുടി, ഉല്ലാസം – കൂട്ടുകാർക്കൊക്കെ എന്തു സന്തോഷവും സ്നേഹവുമായിരുന്നെന്നോ! അവരൊന്നും അവന്റെ സമീപത്തു നിന്നു മാറിയതേയില്ല. പക്ഷേ, ഒക്കെ കൈയിലെ കാശു തീരുന്നതുവരെ മാത്രം. സുഖഭോഗങ്ങളിൽ മുഴുകി കൈയിലെ കാശു തീർന്ന നായകൻ കണ്ണു തുറന്നപ്പോൾ വേദി ശൂന്യം. കൂട്ടുകാരൊക്കെ അപ്രത്യക്ഷമായിരിക്കുന്നു. നായകന് പിന്നെയെന്ത് സംഭവിച്ചു എന്ന ചോദ്യത്തിന് ഈ കുറിപ്പിൽ പ്രസക്തിയില്ല.

ആധുനിക ധൂർത്തുപുത്രന്മാരെ നാമിന്ന് ഏറെ കാണുന്നുണ്ട്. കഴിവുള്ളവരുടെ ചുറ്റും എപ്പോഴും അനവധി ആളുകളുണ്ടാവും. അവരും വിളിക്കപ്പെടുന്നത് സുഹൃത്തുക്കൾ എന്നു തന്നെ. പക്ഷേ കഷ്ടകാലത്തിന്റെ സമയത്ത്, കഴിവുകളുടെ ഉറവ വറ്റുമ്പോൾ അപ്രത്യക്ഷരാകുന്നവരാണീ കൂട്ടുകാർ. അവർ സുഹൃത്തുക്കളല്ല, വെറും ചൂഷകർ.

എന്തുകൊണ്ടാണീ ധൂർത്തുപുത്രന്മാർക്ക് നല്ല ആത്മാർത്ഥതയുള്ള സുഹൃത്തുക്കളെ കിട്ടാതെ പോകുന്നത്? സൗഹൃദം ഒരു ദൈവദാനമാണ്, ഒരു വരമാണ് എന്നതാണിതിനു കാരണം. അതൊരുതരം നൈസർഗികവാസനയാണ്. ആ വാസനയുള്ളവർക്കേ സുഹൃത്തുക്കളെ കണ്ടെത്താനും നേടാനുമാകൂ. പണം കൊണ്ടു മോടി കാണിച്ചല്ല, ആ വാസനയുള്ളവർ സുഹൃത്തുക്കളെ ആകർഷിക്കുക; ചെത്തി മുനിക്കിയ പെരുമാറ്റിന്റെ വ്യക്തിത്വത്തിലൂടെയാണ്. ആ വ്യക്തിത്വത്തിന്റെ തനിമയറിഞ്ഞ്, കൂട്ടു കൂടുന്നവർ ഒരിക്കലും ആപത്തുകാലത്ത് കൈവിടുന്നവരാവില്ല. നല്ല സുഹൃത്തുക്കൾ എന്നും ഒന്നിച്ചായിരിക്കും.

സൗഹൃദം ഒരു വാസന മാത്രമല്ല. സൗഹൃദം സമ്പാദിക്കാനും നല്ല സുഹൃത്താകുവാനും ചില മാർഗ്ഗങ്ങളുണ്ട്. അതിലൊന്നാമത്തേത് ഹൃദയവിശാലതയുള്ളവരായിത്തീരുക (തുറന്ന ഹൃദയം) എന്നതാണ്. നിങ്ങളുമായി സംസാരിക്കുന്ന, ബന്ധപ്പെടുന്ന വ്യക്തിക്ക് നിങ്ങളുടെ വ്യക്തിത്വത്തിന്റെ തനിമ മനസിലാകണം. ഒരു ഇരട്ട വ്യക്തിത്വം പ്രദർശിപ്പിക്കുവാൻ ശ്രമിക്കുന്നവർക്ക്, സുഹൃത്തുക്കളെ സമ്പാദിക്കാനായാലും ആ സൗഹൃദം നിലനിർത്താൻ കഴിയില്ല. തുറന്ന പെരുമാറ്റത്തിലൂടെ നിങ്ങളുടെ മേന്മകളും കുറവുകളുമറിഞ്ഞ്, അവ നമസ്സിലാക്കി, നിങ്ങളുമായി സൗഹൃദം പങ്കുവെക്കുവാനെത്തുന്നവരുമായുള്ള സുഹൃദ്ബന്ധമേ നിലനിൽക്കൂ.

ഓരോ പ്രത്യേക സുഹൃത്തിൽ നിന്നും ഓരോ വ്യക്തിയും പ്രതീക്ഷിക്കുന്ന കാര്യങ്ങൾ വ്യത്യസ്തമായിരിക്കും. പക്ഷേ, സുഹൃത്തിൽ നിന്നു തുറന്ന പെരുമാറ്റം എല്ലാവരും പ്രതീക്ഷിക്കുമെന്നു തീർച്ച.


## സൗഹൃദവും പ്രത്യാശയും

ദൈവവിശ്വാസവുമായി ബന്ധപ്പെട്ടതായിരുന്നു പ്രശസ്ത ഫ്രഞ്ചു തത്വചിന്തകനായ ഗബ്രിയേൽ മാഴ്സലിന്റെ സൗഹൃദചിന്തകൾ. ദൈവുമായുള്ള ശരിയായ ഒരു ബന്ധത്തിൽനിന്നേ യഥാർത്ഥ സൗഹൃദം ഉടലെടുക്കു എന്നദ്ദേഹം വിശ്വസിച്ചു. എന്നാൽ നരീശ്വരവാദികളെ സൗഹൃദത്തിന്റെ തലയിൽനിന്ന് മാഴ്സൽ തീരെ ഒഴിവാക്കിയില്ല. ദൈവവിശ്വാസികളെന്നു സാധാരണ പറയപ്പെടുന്നവരൊക്കെ ആ സൗഹൃദത്തെ വേണ്ടത്ര മനസിലാക്കിയവരാണെന്നും അദ്ദേഹം കരുതിയില്ല.

മനസിന്റെ തുറവിയെത്തന്നെയാണ് സൗഹൃദത്തിന്റെ അടിസ്ഥാനമായി മാഴ്സൽ പരിഗണിച്ചത്. പക്ഷേ, ആ തുറവി ആദ്യമായുണ്ടാകേണ്ടത് ദൈവവുമായിട്ടാകണമെന്ന് അദ്ദേഹം വിശ്വസിച്ചു. വിശ്വാസവും പ്രത്യാശയും സ്നേഹവുമാണ് ആ തുറവിക്ക് ഒരുവനെ പ്രേരിപ്പിക്കുക. ദൈവത്തോടു തുറക്കുന്നവനേ മറ്റുള്ളവരോടും തുറക്കാനാവൂ എന്ന ഫിലോസഫിയായിരുന്നു മാഴ്സലിന്റേത്; സ്വാഭാവികമായും ഈ തുറവി സൗഹൃദത്തിലേക്കു നയിക്കുമെന്നും.

ഇന്നത്തെ ലോകത്തിൽ സൗഹൃദത്തിന്റെ കുറവിനു കാരണമെന്തെന്നു ചിന്തിക്കുന്ന മാഴസൽ എത്തിനിൽക്കുന്നത് മനുഷ്യർക്ക് പ്രത്യാശയില്ല എന്ന ഉത്തരത്തിലാണ്. മനുഷ്യമനസുകളിൽ പ്രത്യാശ നിറക്കാനാണ് മാഴ്സലിന്റെ പിന്നത്തെ പരിശ്രമം. പ്രത്യാശയെ പിന്തുടരാനുള്ള ഈ ശ്രമത്തിന്റെ ഫലം വിശക

## RESPONSES



# പ്രതികരണങ്ങൾ

പത്തു വർഷത്തിലേറെയായി ന്യുവിഷൻ മാസികയുടെ വരിക്കാരനാണ് ഞാൻ. വളരെ താല്പര്യത്തോടെയാണ് ഓരോ ലക്കവും വായിക്കുന്നത്. ക്രമമായി ലഭിക്കുന്നില്ലായെന്നത് വളരെ പ്രയാസമുളവാക്കുന്നു.

**ഉമ്മൻ ഏബ്രഹാം,കടപ്ര, നിരണം**

❖❖❖❖

ന്യവിഷനിൽ പുതിയതായി വന്ന ഡോ പി എം ചാക്കോയുടെ ലേഖനം പുതമയാർന്നതായിരുന്നു. തുടർന്നും അദ്ദേഹത്തിന്റെ ലേഖനങ്ങൾ പ്രസിദ്ധികരിക്കണം. ന്യുവിഷനിൽ വരുന്ന എല്ലാ ലേഖനങ്ങളും വളരെ ശ്രദ്ധയോടെ വായിക്കുന്ന വ്യക്തിയാണ് ഞാൻ. എല്ലാ ലേഖനങ്ങളും മികച്ച നിലവാരം പുലർത്തുന്നുവെന്നു പറയട്ടെ

**തോമസ് മാത്യു ആലുവായ്**

❖❖❖❖

ന്യുവിഷൻ കിട്ടിയാൽ ഞാനാദ്യം വായിക്കുന്നത് ക്രിസോസ്തം തിരുമേനിയുമായുള്ള സംഭാഷണമാണ്. ഓരോ വിഷയത്തെക്കുറിച്ചും തിരുമേനിയുടെ വിലയിരുത്തലുകളും അഭിപ്രായങ്ങളും ചിന്തക്ക് വക നൽകുന്നതാണ്.

**പ്രഫ അന്നാ വർഗീസ്, മാവേലിക്കര**

❖❖❖❖

ക്രിസോസ്തം തിരുമേനിയുടെ കാലശേഷം ന്യുവിഷൻ മാസിക കാണുമോയെന്നു ഒരു സംശയം. തിരുമേനിയാണ് ഓരോ ലക്കത്തിന്റെയും ഫോക്കസ് എന്നതിനാൽ ആർക്കും അങ്ങനെ തോന്നിപ്പോകും.

**ജോർജ് മാത്യു, കോഴഞ്ചേരി**

❖❖❖❖

ന്യൂവിഷൻ ക്രൈസ്തവ പ്രസിദ്ധീകരണങ്ങൾക്കിടയിൽ മികച്ച നിലവാരം കൊണ്ട് വ്യത്യസ്തത പുലർത്തുന്നു.

**ഡോ. പി. കെ. കോശി**
**സെന്റ് സ്റ്റീഫൻസ് കോളേജ്,**
**പത്തനാപുരം**

❖❖❖❖

ജോർജ്ജ് ബഹനാൻ എഴുതുന്ന കൗൺസലിംഗ് പംക്തി വളരെ പ്രയോജനപ്രദമാണ്. ഡോ. പി. എം. ചാക്കോയുടെ ലേഖനവും ശ്രദ്ധേയമായി.

**സൂസമ്മ വർഗീസ്**
**ഇൻഡോർ**

❖❖❖❖

---

ലനം ചെയ്തുകൊണ്ട്, പ്രത്യാശയുള്ളവരും നിരാശരുമായ വ്യക്തികളുടെ പെരുമാറ്റത്തിലെ വ്യത്യാസം മാഴ്സൽ ഇങ്ങനെ വിലയിരുത്തുന്നു.

നിരാശനായ മനുഷ്യൻ എപ്പോഴും കണക്കുകൂട്ടുന്നവനാണ്. തന്റെ കണക്കുകൂട്ടലുകളിൽ നിന്ന് തനിക്ക് ലാഭകരമെന്നു തോന്നുന്ന പദ്ധതികളേ അവൻ ചെയ്യൂ. സ്വന്തം ലക്ഷ്യപൂർത്തിക്കായി അവൻ ആരുമായും അടുക്കും ആരെയും ചൂഷണം ചെയ്യും. സ്വാഭാവികമായും ഈ അടുപ്പമൊന്നും സൗഹൃദത്തിൽ കലാശിക്കുന്നില്ല. സൗഹൃദമില്ലായ്മയാൽ മാനസികമായി കൊല്ലപ്പെടുന്നവനാണ് ഈ ഹതഭാഗ്യൻ.

എന്നാൽ പ്രത്യാശ നിറഞ്ഞവൻ കണക്കുകൾക്ക് പ്രാധാന്യം കൽപിക്കാത്തവനാണ്. കണക്കുകൂട്ടലുകൾക്കുപരിയായ നന്മയിലാണ് അവന്റെ പ്രത്യാശ - അവൻ ഉറപ്പിച്ചിരിക്കുന്നത്. ഈ മാനസികാവസ്ഥ അപരനെ ചൂഷണം ചെയ്യുന്നതിൽ നിന്ന് അവനെ തടയുന്നു. ബന്ധങ്ങൾക്ക് അവൻ കാരണങ്ങൾ തേടുന്നില്ല. ഇന്നയിന്ന കാരണങ്ങളാലല്ല ഞാൻ ഒരുവനുമായി ബന്ധപ്പെടുകയും സൗഹൃദം സ്ഥാപിക്കുകയും ചെയ്യുന്നത്. ഇവിടെ സൗഹൃദം തികച്ചും സ്വാഭാവികമായ ഒരു പ്രക്രിയയാണ്. ഒന്നിനും വിലക്കുകൾ കൽപിക്കപ്പെടുന്നില്ല. ഇതൊക്കെക്കൊണ്ട് പ്രത്യാശയുള്ളവനെത്തേടി സൗഹൃദബന്ധങ്ങളെത്തും. അത് പക്വമായ ഊർജ്ജസ്വലമായ ബന്ധമായിരിക്കുകയും ചെയ്യും. ഈ സൗഹൃദബന്ധമാണ് മാഴ്സൽ വിഭാവനം ചെയ്യുന്നത്.

പ്രത്യാശ ദൈവത്തിലുള്ള വിശ്വാസമാണ്. ആ വിശ്വാസമുള്ളവനേ കണക്കുകൂട്ടലില്ലാത്ത ഈ കളി സാധ്യമാവൂ. പ്രത്യാശയുള്ളവൻ ദൈവത്തിനുമുന്നിൽ മനസു തുറന്നവനാണ്.

### സൗഹൃദത്തിലേക്കു ചില വഴികൾ

ഗബ്രിയേൽ മാഴ്സലിന്റെ ഒരു നാടകത്തിൽ ഒരു കഥാപാത്രം ഇങ്ങനെ പറയുന്നു. "ഒരാൾ ഒരു ജീവയെ സ്നേഹിക്കുന്നു എന്നു പറഞ്ഞാൽ അതിനർത്ഥം ആ ജീവിക്ക് മരണമില്ല എന്നാണ്." വാച്യാർത്ഥത്തിൽ എടുക്കാതെ ആ സംഭാഷണ ശകലത്തിലെ സൂചനകൾ ശ്രദ്ധിച്ചാൽ മനസിലാക്കാൻ കഴിയും മാഴ്സൽ നൽകുന്ന സന്ദേശം - സ്നേഹം മരണത്തേക്കാൾ തീവ്രമാണെന്ന്. സുഹൃത്തുക്കൾ തമ്മിലുള്ള ബന്ധം നൽകുന്ന സൂചനയിതാണ്. മരച്ചുപോയ സുഹൃത്തിന്റെ ഉറ്റവരെ കാണാനായി പലപ്പോഴും ഇറങ്ങിത്തിരിക്കുന്ന നാം അവരുമായുള്ള ബന്ധം നിലനിർത്താൻ ശ്രമിക്കുന്നു എന്നത് ഈ പ്രസ്താവനക്ക് തെളിവാണ്. പഞ്ചേന്ദ്രിയങ്ങൾക്ക് ഗോചരമല്ലാത്ത ഒരു അവസ്ഥാവിശേഷമായി ആ സ്നേഹിതൻ മാറിക്കഴിഞ്ഞു. പക്ഷേ, ആ ബന്ധം അവിടെ വെട്ടിമുറിക്കാൻ നാം തുനിയുന്നില്ല. ആ സുഹൃത്തിന്റെ ബന്ധുക്കളിലൂടെയും അയാളെക്കുറിച്ചുള്ള ഓർമ്മകളിലൂടെയും ആ സൗഹൃദം നാം തുടരുന്നു - മരണത്തേക്കാൾ തീവ്രമായ സ്നേഹം. അതാണ് നല്ലൊരു സൗഹൃദത്തിലേക്കുള്ള ഒന്നാമത്തെ വഴി.

മാഴ്സൽ സ്നേഹത്തിൽ നിന്നു കടക്കുന്നത് വിശ്വാസ (Faith) ത്തിലേക്കാണ്. സർഗാത്മക വിശ്വാസ്യത (Creative fidelity) സൗഹൃദത്തിന്റെ സൂചനയാണിത്. പരസ്പര വിശ്വാസ്യതയുണ്ടെങ്കിലേ സൗഹൃദത്തിനു മുറുക്കമുണ്ടാവൂ. വെറുതെ കണ്ടുമുട്ടി പിരിയുന്നതിനപ്പുറത്തേക്ക് അസ്തിത്വമുള്ള ബന്ധങ്ങളൊക്കെ ഏതെങ്കിലുമൊരു വാഗ്ദാനത്തെയാണു സൂചിപ്പിക്കുന്നത്. ഈ വാഗ്ദാനത്തോടു വിശ്വസ്തത പുലർത്തുന്നവനേ നല്ലൊരു സുഹൃത്താവാൻ കഴിയൂ എന്ന് മാഴ്സൽ സൂചിപ്പിക്കുന്നു.

വാക്കുകൊടുക്കുന്ന ഏക ജീവി മനുഷ്യനാണ് ഫ്രഡറിക് നീഷെ (Fredrich Nietzehe) യുടെ അഭിപ്രായത്തിൽ. എന്നു കരുതി എല്ലാ മനുഷ്യരും വാക്കുകൊടുക്കുന്നവരും അതു പാലിക്കുന്നവരുമാണന്ന് ഇവിടെ അർത്ഥമാക്കുന്നില്ല. ഇവിടെയാണ് സർഗാത്മക വിശ്വാസ്യത കടന്നുവരുന്നത്. ആ ഗുണമുള്ളവൻ സൗഹൃദത്തിൽ നിന്നുരുത്തിരിയുന്ന പ്രത്യക്ഷവും പരോക്ഷവുമായ വാഗ്ദാനങ്ങളുടെ കാര്യത്തിൽ ശ്രദ്ധാലുവായിരിക്കും. ഇത്തരക്കാർക്ക് നല്ല സുഹൃത്തുക്കളായിരിക്കാൻ കഴിയുമെന്നാണ് മാഴ്സൽ അഭിപ്രായപ്പെടുന്നത്. ഈ സർഗാത്മക വിശ്വാസ്യതയില്ലാത്തവർ സുഹൃദ്ബന്ധത്തിന് പറ്റിയവരല്ല. അവർ ബന്ധങ്ങളെ സ്വാർത്ഥതാൽപര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നവരായിരിക്കും. അവരുടെ വാഗ്ദാനങ്ങൾ പാലിക്കപ്പെടില്ലെന്നും അദ്ദേഹം മുന്നറിയിപ്പു നൽകുന്നു. നല്ല സുഹൃത്താവാൻ സർഗാത്മക വിശ്വാസ്യത നിങ്ങളുടെ വ്യക്തിത്വത്തിന്റെ ഭാഗമാകണം.

●

## 9 ദിനങ്ങളിലെ പഠനയാത്ര

### സന്ദർശിക്കുന്ന പ്രധാന സ്ഥലങ്ങൾ

**ഈജിപ്ത്**



ഈജിപ്ഷ്യൻ മ്യൂസിയം, പിരമിഡുകൾ, സ്ഫിങ്സ്, ആദ്യനൂറ്റാണ്ടുകളിലെ ആരാധനാലയങ്ങൾ, നൈൽനദിയിലൂടെ ബോട്ട് യാത്ര, സൂയസ് കനാൽ തീരത്തുകൂടി (മണലിലൂടെ) യാത്ര, കത്തുന്ന മുൾപടർപ്പിൽ മോശയ്ക്കു ദൈവപ്രത്യക്ഷതയുണ്ടായ സീനായ്മല, പത്തുകല്പനകൾ ലഭിച്ച സ്ഥലം.

**യിസ്രായേൽ – പാലസ്തീൻ**



**യെരുശലേം നഗരം**, ഒലിവ് മല, കർത്താവു പ്രാർത്ഥന പഠിപ്പിച്ച സ്ഥലം, ദോലോറോസ വീഥി, യെരുശലേമിനെ നോക്കി കണ്ണുനീർ വാർത്ത സ്ഥലം, ഗദ്സമനെ തോട്ടം, യേശു മുട്ടുകുത്തി പ്രാർത്ഥിച്ച പാറയും രണ്ടായിരം വർഷത്തിൽപരം പഴക്കമുള്ള ഒലിവ് വൃക്ഷങ്ങളും, യൂദാസ് യേശുവിനെ ഒറ്റിക്കൊടുത്ത സ്ഥലം, കയ്യഫാവിന്റെ അരമന, പത്രോസ് കർത്താവിനെ മൂന്നു പ്രാവശ്യം തള്ളിപ്പറഞ്ഞ സ്ഥലം. **ബേത്ലഹേം** യേശുവിന്റെ ജനനസ്ഥലം ആട്ടിടയന്മാർക്ക് ദൂതന്മാർ പ്രത്യക്ഷരായ സ്ഥലം, യോഹന്നാൻ സ്നാപകന്റെ ജന്മസ്ഥലമായ എൻകരേം, എലിസബത്ത് ഗർഭിണിയായപ്പോൾ മറിയ സന്ദർശിച്ച സ്ഥലം

**ഗോൽഗോഥാ, യെരിഹോ, ബഥനി**



യേശു മുടന്തനെ സൗഖ്യമാക്കിയ ബേത് സെയ്ദാ കുളം, മറിയയുടെ ജനനസ്ഥലം, ദാവീദ് രാജാവിന്റെ ശവകുടീരം, യെരിഹോയിൽ കർത്താവിനെ സാത്താൻ പരീക്ഷിച്ച പരീക്ഷാമല, സക്കായി കർത്താവിനെ കാണാൻ കയറിയ അത്തിവൃക്ഷം, മർക്കോസിന്റെ മാളിക മുറി, ബഥനിയിൽ മറിയയുടെയും മാർത്തയുടെയും ഭവനം, ലാസറിനെ ഉയിർപ്പിച്ച കല്ലറ. **ചാവുകടൽ** വെള്ളത്തിനു മുകളിൽ പൊങ്ങിക്കിടന്നുള്ള കുളി. യേശു കുരിശും ചുമന്നു പോയ വഴി, പീലാത്തോസ് വിധി പ്രസ്താവിച്ച മന്ദിരം, പാദുവാഗ്ദാനത്തിന്റെ സ്മരണയുണർത്തുന്ന ആരാധനാലയം, മുൾക്കിരീടം ചൂടിയ ഇടം, കുരിശിന്റെ വഴിയിലെ പതിനാല് സ്ഥലങ്ങൾ, യേശുവിനെ കുരിശിൽ തറച്ച സ്ഥലം, തലയോടിടം, കർത്താവിനെ അടക്കിയ കല്ലറത്തോട്ടത്തിൽ ആരാധന, കർത്താവുയിർത്തെഴുന്നേറ്റ കല്ലറ.

**ഹൈഫാ, കർമ്മേൽമല, യോഫ**



ഇസ്രായേലിലെ ഏറ്റവും വലിയ തുറമുഖമായ ഹൈഫാ. ഹാങ്ങിംഗ് ഗാർഡൻ, ഏലിയാപ്രവാചകൻ ബാലിന്റെ കള്ളപ്രവാചകരെ പരാജയപ്പെടുത്തിയ കർമ്മേൽ. തെൽ അവീവ്, ശിമയോന്റെ ഭവനം, സെയിന്റ് പീറ്റേഴ്സ് ദേവാലയം, കൈസര്യ

**നസറേത്ത്, ..., കാനാ, യോർദ്ദാൻ നദി**

ഗബ്രിയേൽ ദൂതൻ മറിയക്കു പ്രത്യക്ഷപ്പെട്ട സ്ഥലം, യോസഫിന്റെയും മറിയയുടെയും ഭവനം, യോസഫിന്റെ പണിശാല, യേശു ബാല്യകാലം ചിലവിട്ട സ്ഥലങ്ങൾ.



പച്ചവെള്ളത്തെ വീഞ്ഞാക്കിയ കാനായിലെ കല്യാണവീട്, താബോർമല, യേശു സ്നാനമേറ്റ യോർദ്ദാൻ നദി.

**ഗലീലി തടാകത്തിൽ ബോട്ട് യാത്ര**

പത്രോസുൾപ്പെടെ ആരംഭിച്ച കഫർന്നഹൂം, അഞ്ചപ്പവും കൊണ്ട് അയ്യായിരങ്ങളെ പോഷിപ്പിച്ച ഗിരിപ്രഭാഷണമല, യേശു വെള്ളത്തിനു മീതെ നടന്ന ഗലീല തടാകത്തിലൂടെ ബോട്ട് യാത്ര

**ജോർദ്ദാനിലെ നെബോ പർവ്വതം**

മോശെ അവസാനമായി വാഗ്ദത്തനാട് ദർശിച്ച നെബോ പർവ്വതം




**യെരുശലേം യാത്രയ്ക്കുള്ള സീറ്റുകൾ ഉടൻ തന്നെ ഉറപ്പാക്കുക**

**ഫോൺ: 0469 2634321, 9847166994**

**യിസ്രയേൽ ഗവൺമെന്റിന്റെ Tourism Goodwill Ambassador For Israel പദവി ലഭിച്ച അച്ചൻകുഞ്ഞ് ഇലന്തൂരിന്റെ നേതൃത്വത്തിൽ വീണ്ടും വിശുദ്ധ നാടുകൾ സന്ദർശിക്കുന്നു**




"അവൻ ഉയിർത്തെഴുന്നേറ്റു; അവൻ ഇവിടെ ഇല്ല; അവനെ വച്ച സ്ഥലം ഇതാ": യെരുശലേമിൽ യേശുവിനെ അടക്കം ചെയ്ത കല്ലറയ്ക്കുള്ളിൽ മരുപ്പച്ച ചീഫ് എഡിറ്റർ അച്ചൻകുഞ്ഞ് ഇലന്തൂർ.

**ഗൾഫ് നാടുകൾ, ഇംഗ്ലണ്ട്, കാനഡ, അമേരിക്ക തുടങ്ങിയ രാജ്യങ്ങളിൽ നിന്നും വിശുദ്ധനാട്ടിൽഎത്തുവാനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നു**

**ഇടവകകൾക്കു വേണ്ടി പ്രത്യേകം പാക്കേജുകൾ**

### പ്രത്യേകതകൾ

- സ്റ്റാർ ഹോട്ടലുകളിൽ താമസം
- മൂന്നുനേരവും വിഭവസമൃദ്ധമായ ഭക്ഷണം
- മികച്ചയാത്രാ സൗകര്യങ്ങൾ
- ഷോപ്പിംഗ് അവസരങ്ങൾ
- ആത്മീയ ചിന്തകൾ ഉയർത്തുന്ന പഠനങ്ങളും ആരാധനയും
- പ്രഗത്ഭരായ ഗൈഡുകളുടെ സേവനം.

കൂടുതൽ വിവരങ്ങൾക്ക്

**Maruppacha , Planthottam Complex, Thiruvalla - 689 101, Phone 0469-2634321**
**Website: www.marupacha.com E-mail : maruppacha@yahoo.com.**

**NEW VISION FOR A CHANGING WORLD**
Annual Subscription.Rs. 100/-
Registered with the Registrar of Newspapers for India,under
No. KER BIL / 2000 / 1543

**JUNE 2009**
Postal Regn No. KL/KTM/362/2009-11
Licence No. KL/CR/KTM/WPP-48/2009-2011,
Licensed to post without pre-payment.
Posted at Kottayam RMS on the 28th of every month

**Panavelil**
**CONSTRUCTIONS**

ENGINEERS DESIGNERS CONTRACTORS

**CENTRAL Jn. MALLAPPALLY**
Tel : 0469-2680806, Mob: 9447154710







P. BABU OOMMEN B.Tech.(Civil)
Licensed Engineer, Kerala State
Panavelil House, Padimon P.O. 689 587
Ph: 0469-2782546, 2680419, E-Mail: panavell@sify.com

Edited, Printed and Published by Dr. Mathew Koshy Punnackadu
Owned by the Rev. Prof. K.C. Mathew, Chairperson, Nava Darshan Trust, Manganam, Kottayam.
Printed at Learners' Offset Printers, CMS College Road, Kottayam.